Reg. No. M. 2293

ഒറ്റപ്രതി 2ണ

# സത്യദീപം

"ഞാൻ ലോകത്തിന്റെ പ്രകാശമാകുന്നു; എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

| പുസ്തകം 29 | 1955 ഡിസംബർ 7—ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നതു് എറണാകുളം 1131 വൃശ്ചികം 21 | ലക്കം 18 |
| --- | --- | --- |

## കത്തോലിക്കാസഭ മുതലാളിത്തത്തിനു അനുകൂലമോ?

[വക്കീൽ സിറിയക്കു് കണ്ടത്തിൽ]

കമ്മ്യൂണിസ്റ്റുകാരുടേയും അവരുടെ അനുഭാവികളുടേയും ശക്തിയായ ഒരു ആരോപണം സഭ മുതലാളിത്തവ്യവസ്ഥിതിയെ അനുകൂലിക്കുന്നുവെന്നാണ്. മതം മനുഷ്യനെ മയക്കുന്ന കറുപ്പാണെന്നു അവർ ഉൽഘോഷിക്കുന്നതുപോലെതന്നെ ബാലിശവും യുക്തിഹീനവും സത്യവിരുദ്ധവുമായ ഒരു ആരോപണമാണിതു്. സഭ ധനികരുടെ നീതികേടുകളെ നീതീകരിക്കുന്നതിനോ തൊഴിലാളികളെ അദ്ധ്വാനരഹിതമായ അലസജീവിതം നയിക്കുന്നതിനോ പ്രേരിപ്പിച്ചിട്ടില്ല; പ്രേരിപ്പിക്കുകയുമില്ല. ക്യാപ്പിററലിസം അഥവാ മുതലാളിത്തമെന്ന പദം കൊണ്ടു് നാം അർത്ഥമാക്കുന്നതെന്താണെന്നു് ആദ്യമായിത്തന്നെ വിശകലനം ചെയ്താലേ ഈ ആരോപണത്തിൽ വല്ല കഴമ്പുമുണ്ടോയെന്നറിയുവാൻ കഴിയൂ. മുതലാളിത്തമെന്ന പദം രണ്ടാശയങ്ങളെ നമ്മിൽ ജനിപ്പിക്കുന്നു. ഉല്പാദനോപകരണങ്ങളായ സ്വകാര്യസ്വത്തു ആദായത്തെ ലാക്കാക്കി ഉടമയിൽ വെക്കുന്നതിനേയും മുതലാളിത്തമെന്നു നാം വ്യവഹരിച്ചുവരുന്നുണ്ടു്. ഈ അർത്ഥത്തിൽ പരിമിതമായ ഭൂസ്വത്തു കൈവശംവച്ചു കൃഷിചെയ്യുകയും ധാന്യങ്ങൾ ലാഭത്തിനു വില്ക്കുകയും ചെയ്യുന്ന ഒരുവനും മുതലാളിയാണ്. ഇത്തരത്തിലുള്ള മുതലാളിത്തത്തെ സഭ അനുകൂലിക്കുകതന്നെ ചെയ്യുന്നു. ഇതിനും പുറമെ മുതലാളിത്തത്തിനു ഏററവും അധുനാതനമായ മറെറാരു അർത്ഥവ്യാപ്തികൂടിയുണ്ടു്. ആ അർത്ഥവ്യാപ്തിയെ 11-ാം പീയൂസ് മാർപ്പാപ്പാ "ക്വാദ്രജെസീമോ ആന്നോ" എന്ന വിശ്വലേഖനത്തിൽ ഏററവും വ്യക്തമായി വിശകലനം ചെയ്തിട്ടുണ്ടു്:- "മുതലാളികൾ നിസ്സീമമായ, പരിധിയില്ലാത്ത, ഫലങ്ങൾ സ്വയമായി ആർജ്ജിക്കുവാൻ ദീർഘകാലം സാധിച്ചു. സർവ്വ ഉല്പന്നങ്ങളേയും മുതലാളി അവകാശപ്പെടുകയും തൊഴിലാളിയുടെ നഷ്ടിഭവിച്ച കായികശക്തിയെ വീണ്ടെടുക്കുവാനും അവന്റെ വംശം നിലനിറുത്തിക്കൊണ്ടുപോകുവാനുംമാത്രം മുതലാളി തൊഴിലാളിക്കു വിട്ടുകൊടുക്കുകയും ചെയ്തു. കാരണം ദുരവഗാഹവും അഭേദ്യവുമായ ഒരു സാമ്പത്തികനിയമം സർവ്വസമ്പത്തിന്റേയും സമുച്ചയത്തെ ധനികരുടേതാക്കിത്തീർക്കയും അതേസമയംതന്നെ തൊഴിലാളിയെ അനവരതം ദാരിദ്ര്യത്തിലോ അതല്ലെങ്കിൽ ജീവസന്ധാരണാവശ്യങ്ങൾ വളരെ ക്ലേശിച്ചു കഴിച്ചുകൂട്ടുവാനുള്ള അതിദാരുണമായ ഒരവസ്ഥയിലോ പിടിച്ചു ബന്ധിക്കുകയുംചെയ്തു." ഇത്തരം ഒരു സാമ്പത്തികഘടനയെയാണു് മുതലാളിത്തമെന്നു നാം രണ്ടാമത്തെ അർത്ഥത്തിൽ ഗ്രഹിക്കുന്നതു്. ചുരുക്കത്തിൽ, ഒരുവശത്തു് വമ്പിച്ച സ്വത്തും മറുവശത്തു് കൊടിയ ദാരിദ്ര്യവും. ഇത്തരം സാമ്പത്തികഘടനയുടെ ദൂഷ്യഫലങ്ങളെ ആ വിശ്വലേഖനത്തിൽ അവിടുന്നു തുടർന്നു വിവരിക്കുകയാണു്:- "നമ്മുടെ ഈ കാലത്തു ധനം മാത്രമല്ല, വമ്പിച്ച അധികാരവും സ്വേച്ഛാനുസാരമായ സാമ്പത്തികാധിപത്യവുംകൂടി ചുരുക്കം ചില വ്യക്തികളുടെ കരങ്ങളിൽ സംഭരിക്കപ്പെട്ടിരിക്കുന്നു.

ഈ ചുരുക്കം ചില വ്യക്തികൾ കൈകാര്യം ചെയ്യുന്ന ശക്തി അപ്രതിരോധ്യമായി — അനിവാര്യമായി—തീരുന്ന ഒരു സന്ദർഭമുണ്ടു്. വമ്പിച്ച ധനം കൈകാര്യം ചെയ്യുന്നതുമൂലം, കടവായ്പുകളെ ഭരിക്കുവാനും യഥേഷ്ടം നിയമാവലികളെ നിർണ്ണയിക്കുവാനും സാധിക്കയും, അക്കാരണത്താൽ സാമ്പത്തികശരീരത്തിലെ ജീവരക്തം മുഴുവനും പ്രദാനംചെയ്യുവാനുള്ള ശക്തി അവരിൽ ലയിക്കയും, ഉല്പാദനോപാധികളുടെ ആത്മാവിനെതന്നെ അവർ കരസ്ഥമാക്കുകയും, അവരുടെ ചിത്തവൃത്തികൾക്കതീതരായി ആരെക്കൊണ്ടും ഒരക്ഷരം മിണ്ടിക്കാതിരിക്കയും ചെയ്യുന്ന ലഘുപക്ഷം മേൽപ്പറഞ്ഞ ശക്തി പ്രയോഗപ്പെടുത്തുമ്പോൾ അതു് അനിവാര്യമായിത്തീരുന്നു. ആധുനികസാമ്പത്തികഘടനയുടെ അതിദൂഷ്യവശമായ ഈ അധികാരസമുച്ചയം പരിധിയില്ലാത്തതും അനിയന്ത്രിതവുമായ മാത്സര്യത്തിന്റെ പരിണതഫലം മാത്രമാണു്. അതു് പ്രബലരെ മാത്രമേ അതിജീവിക്കുവാൻ അനുവദിക്കുന്നുള്ളു........"

ചുരുക്കത്തിൽ, ഒരു ന്യൂനപക്ഷം വമ്പിച്ച സുഭിക്ഷതയിലും ഭൂരിപക്ഷം കൊടിയ ദാരിദ്ര്യത്തിലും കഴിയുന്ന ഒരു സാമ്പത്തികഘടനയെ തിരുസ്സഭ അനുകൂലിക്കുന്നില്ല. ഉല്പന്നോപാധികളായ സ്വകാര്യസ്വത്തിന്റെ വ്യാപകമായ വിതരണത്തിനുവേണ്ടി സഭ നിലകൊള്ളുന്നു. സ്വകാര്യസ്വത്തുക്കളുടെ വ്യാപകമായ വിതരണം നടന്നുകഴിയുമ്പോൾ വലിയ മുതലാളികളുടെ സ്ഥാനത്തു് ചെറുമുതലാളികൾ ആവിർഭവിക്കും. ഇതിന്റെ പ്രാരംഭത്തിൽ ഞാൻ പറഞ്ഞതുപോലെ മുതലാളിത്തം എന്ന പദംകൊണ്ടു് വിവക്ഷിതമാകുന്ന ഒരർത്ഥത്തിലുള്ള ചെറുമുതലാളിമാർക്കു് സഭ ഒരിക്കലും എതിരല്ല.

"തന്റെ സന്താനങ്ങളുടെ ആത്മീയകാര്യങ്ങളിൽ തിരുസ്സഭയ്ക്കുള്ള ഔൽസുക്യം, അവരുടെ ഭൗതികവും ലൗകികവുമായ താല്പര്യങ്ങളെ അവഗണിച്ചുകളയത്തക്കവണ്ണം അത്ര ഏകാഗ്രമാണെന്നു് വിചാരിച്ചുകൂടാ. ഉദാഹരണത്തിനു പാവപ്പെട്ടവർ ദാരിദ്ര്യത്തേയും അരിഷ്ടതയേയുംവിട്ടു് ഉയരണമെന്നും അവരുടെ ജീവിതനില നന്നാകണമെന്നും തിരുസ്സഭ ആഗ്രഹിക്കുന്നു. ഇക്കാര്യത്തിൽ അവിടുന്നു ശക്തിയായ ശ്രമം നടത്തുകയും ചെയ്യുന്നു. മനുഷ്യരെ കേവലം പണമുണ്ടാക്കുന്ന യന്ത്രങ്ങളെന്നുമാത്രം സങ്കല്പിച്ചുകൊണ്ടു് പണിയെടുപ്പിക്കുന്ന ലാഭേച്ഛുക്കളുടെ ക്രൂരതയിൽനിന്നും പാവപ്പെട്ട വേലക്കാരെ രക്ഷിക്കുന്നതിനും സദാ ജാഗരൂകയായിരിക്കുന്നു" (രേരും നൊവാരും)

കമ്മ്യൂണിസ്റ്റുകാർ സഭയെ മുതലാളിത്തത്തിന്റെ പിണിയാളെന്നു് മുദ്രയടിക്കുമ്പോൾ സർവ്വപ്രധാനമായ ഈ കാര്യം വിസ്മരിക്കുകയാണു ചെയ്യുന്നതു്. സഭയും കമ്മ്യൂണിസവുമായി ഒരു കാര്യത്തിൽ സാമ്യമുണ്ടു്. അതായതു് ഇരുവരും മുതലാളിത്തത്തിന്റെ ദൂഷ്യവശങ്ങളെ അപലപിക്കുന്നു. മുതലാളിത്തത്തിന്റെ അനീതികളെ കമ്മ്യൂണിസം എതിർക്കുന്നുവെന്നുള്ള ഒരു ഒററക്കാര്യം ഒഴിച്ചു മററുള്ള എല്ലാ കാര്യങ്ങളിലും കമ്മ്യൂണിസത്തിന്റെ നിലപാടു പ്രമാദപൂർണ്ണമാണു്. എന്നാൽ മുതലാളിത്തത്തെ എതിർക്കുന്നതിൽ കമ്മ്യൂണിസം സ്വീകരിച്ചിട്ടുള്ള നിലപാടിൽനിന്നും അല്പം വ്യത്യസ്ഥമാണു സഭയുടേതെന്നു ധരിക്കണം. മുതലാളിത്തത്തിന്റെ അനീതികൾക്കു് കമ്മ്യൂണിസം നൽകുന്ന പ്രതിവിധി സ്വകാര്യസ്വത്തുടമയുടെ രാഷ്ട്രസാൽക്കരണമാണു്. സഭയുടെ നിലപാടു മുതലാളിത്തം സ്വതവേ നിഷിദ്ധമല്ലെന്നാണു്. മുതലാളിത്തം സ്വകാര്യസ്വത്തുടമയെ അനുവദിക്കുകയും ആദായത്തിനുവേണ്ടി അവയെ കൈകാര്യംചെയ്യുന്നതിനെ അനുകൂലിക്കുകയും ചെയ്യുന്നു. എന്നാൽ കാര്യവശാൽ മുതലാളിത്തം അപകൃഷ്ടനിലയിൽ എത്തിച്ചേർന്നിട്ടുണ്ടു്. ഉടമയും ഉപയോഗവും രണ്ടും രണ്ടാണു്. ദുരുപയോഗംകൊണ്ടു് ഉടമയെ പാടേ വിപാടനം ചെയ്യണമെന്നുള്ള പക്ഷം സഭയ്ക്കില്ല. പോലീസുകാർക്കു് അവരുടെ തോക്കുകൾ തക്കസന്ദർഭത്തിൽ ഉപയോഗിക്കുവാൻ ന്യായാനുസൃതമായ അവകാശമുണ്ടു്. പക്ഷേ ഒരു പോലീസുകാരൻ തന്റെ തോക്കുകൊണ്ടു് ഒരു തള്ളയുടെ മടിത്തട്ടിലിരുന്നു കളിച്ചുകൊണ്ടിരുന്ന പിഞ്ചുപൈതലിനെ വെടിവെച്ചുകൊന്നു എന്നു വിചാരിക്കുക. അതുകൊണ്ടു് സകല പോലീസുകാരുടെയും തോക്കുകൾ പിടിച്ചുവാങ്ങി അവയുടെ ഉപയോഗം നിരോധിക്കണമെന്നു് പറഞ്ഞാൽ അതു ന്യായമാണോ? സ്വകാര്യഉടമയുടെ അനിയന്ത്രിതമായ ലം


Beatissime Pater

P. Maurus a Matre Perdolente, Prior Generalis Congregationis Carmelitarum Syro-Malabarensium in India existentium,

...ad pedes Sanctitatis Vestrae humillime provolutus centesimo volvente anno ab ipsa Congregatione canonice constituta, ...sibi suisque confratribus Apostolicam Benedictionem implorat.

Pius PP. XII

കേരളസുറിയാനി കർമ്മലീത്താസഭയുടെ
**ശതാബ്ദജൂബിലി സംബന്ധിച്ച മാർപ്പാപ്പാ തിരുമനസ്സിലെ ആശീർവ്വാദം**

ആത്മകഥാകഥനം

# ആശങ്കകളെ ഞാൻ മറികടന്നു

(മിസ്സസ്സ് സാറാമ്മ ഏബ്രഹാം)

വിദേശീകളായ പലരുടേയും മാനസാന്തരകഥകൾ സത്യദീപത്തിൽ പ്രസിദ്ധപ്പെടുത്തുന്നുണ്ടു്. അതു നല്ലതുതന്നെ. എന്നാൽ നമുക്കു പരിചയമില്ലാത്ത സ്ഥലത്തു ഇവിടെ അനുഭവപ്പെടാത്ത സാഹചര്യങ്ങളിൽ, കേരളത്തിൽ കേട്ടിട്ടുപോലുമില്ലാത്ത മതവിഭാഗങ്ങളിൽ ഉൾപ്പെട്ടവരുടെ അത്തരം മാനസാന്തരചരിത്രങ്ങളെക്കാൾ നമുക്കു കൂടുതൽ പ്രചോദനാത്മകം ഇവിടത്തെ മാനസാന്തരസംഭവങ്ങളായിരിക്കുകയില്ലേ? അടുത്ത 25 വർഷക്കാലമായി 85000 പേർ ഇവിടെ പുനരൈക്യപ്പെട്ടിട്ടുണ്ടു്. നമ്മുടെ ഇടയിൽവസിക്കുന്ന, നമുക്കറിയാവുന്ന സാഹചര്യങ്ങളിൽപ്പെട്ടവരുടെ മാനസാന്തരകഥകൾ വളരെയധികം നമുക്കു ഗുണകരമാകും. സ്വകുടുംബത്തെയും ബന്ധുമിത്രാദികളെയും പരിത്യജിക്കാനുള്ള വിഷമം സഹിച്ചവരും, വിശ്വാസകാര്യങ്ങളിൽ ഉത്തമബോധ്യം ജനിക്കാതെ കഴിഞ്ഞിയവരും, ഇതരപ്രതിബന്ധങ്ങളാൽ നഷ്ടധൈര്യരായവരും അക്കൂട്ടത്തിലുണ്ടാകും. അത്തരക്കാരുടെ മാനസികപരിവർത്തനം എങ്ങിനെ ആയിരുന്നുവെന്നറിഞ്ഞാൽ അത്തരം പരിതസ്ഥിതികളിൽപെട്ടു് കുഴങ്ങുന്നവർക്കു അതൊരാശ്വാസമാകും. അതുകൊണ്ടു ബ. പത്രാധിപർ നമ്മുടെ ഇടയിൽനിന്നു പുനരൈക്യപ്പെട്ടവരുടെ കഥകൾ ക്ഷണിക്കുകയും അവയ്ക്കു മുൻഗണന നൽകുകയും ചെയ്താൽ കൂടുതൽ ഗുണപ്രദമാണെന്നാണു് എന്റെ വിനീത അഭിപ്രായം. അതുകൊണ്ടു തന്നെയാണു സാഹിത്യാഭിരുചി അശേഷവുമില്ലാത്ത ഈ ഞാൻ എന്റെ മാനസാന്തരകഥ കുത്തിക്കുറിക്കുന്നതു്. (പ്രചോദനാത്മകമായ അത്തരം ആത്മകഥനം എപ്പോഴും സ്വാഗതാർഹമാണു്, സത്യദീപത്തിനു് എന്നു പ്രസ്താവിച്ചുകൊള്ളുന്നു. സ. പ)

അതിനു മൂന്നുവർഷം മുമ്പാണു് ഞാൻ കത്തോലിക്കാസഭയുടെ അംഗമായതു്. അന്നെനിക്കു 15 വയസ്സേ ഉണ്ടായിരുന്നുള്ളു. കത്തോലിക്കരെക്കുറിച്ചോ കത്തോലിക്കാസഭയെക്കുറിച്ചോ എനിക്കു അധികം ഒന്നും അറിഞ്ഞുകൂടായിരുന്നു അന്നു്. കത്തോലിക്കരുടെ സഭയാണു കത്തോലിക്കാസഭ എന്നല്ലാതെ സത്യൈക കത്തോലിക്കാസഭയിൽ ഉൾപ്പെട്ടിരിക്കുന്നവരാണു കത്തോലിക്കർ എന്നായിരുന്നില്ല എന്റെ ധാരണ.

ചില മാതാപിതാക്കൾക്കു ഒരു വലിയ ആഗ്രഹമുണ്ടു്, പെൺമക്കളെ ചെറുപ്പത്തിലേ കെട്ടിച്ചുവിടണമെന്നു്. അതിനവർ കാരണം പറയുന്നതു് അവരുടെ കല്യാണം വളരെ ചെറുപ്പത്തിലേ തന്നെ നടന്നു എന്നാണു്. 11 വയസ്സു പെണ്ണിനും 13 വയസ്സു ചെറുക്കനും. അതുകൊണ്ടു് അവരുടെ മക്കൾക്കും ആ പാരമ്പര്യാനുവർത്തനം ഉണ്ടായിരിക്കണം. ചിലർ ഒരു ജോലി ഒളിക്കിവസ്സാനും, ചിലർ മകളെ കെട്ടിച്ചുകാണാനുള്ള ആഗ്രഹനിവർത്തിക്കായും ഇങ്ങനെ ശൈശവവിവാഹത്തിനു കോപ്പുകൂട്ടാറുണ്ടു്. ഏതായാലും ഇൻഡ്യാഗവർമ്മെണ്ടു വിവാഹപ്രായത്തെ സംബന്ധിച്ചു ബിൽ കൊണ്ടുവന്നതു് നന്നായി. പല മാതാപിതാക്കളേയും പോലെ എന്റെ മാതാപിതാക്കളും ചെറുപ്പത്തിലേ എന്നെ കെട്ടിച്ചുവിടാൻ ആലോചിച്ചു. അവർ ചെന്നുകണ്ടുപിടിച്ചതു് ഒരു കത്തോലിക്കായുവാവിനെയായിരുന്നു.

അങ്ങിനെ കല്യാണം ഉറച്ചു. മാർത്തോമ്മാസഭയിൽനിന്നു റോമ്മയിൽ കെട്ടിക്കുക! എന്തെല്ലാം കുഴപ്പങ്ങളാണു വന്നുകൂടാവുന്നതു്! എനിക്കു് ഒരു സമാധാനവും ഇല്ലാതായി. അപ്പച്ചനേയും അമ്മച്ചിയേയും സഹോദരങ്ങളേയും പിരിഞ്ഞു് അന്യസ്ഥലത്തു് ഞാൻ അറിയാത്തവരോടുകൂടിയുള്ള താമസം. അതോർത്തപ്പോഴേ ഞാൻ കരയാൻ തുടങ്ങി. എനിക്കേററം ദുഃഖമുണ്ടായതു് കത്തോലിക്കനാണു വരൻ എന്നറിഞ്ഞപ്പോഴാണു്. എന്താണു ചെയ്ക. ബന്ധുക്കളിൽ ചിലർക്കിതു ഇഷ്ടമായിരുന്നില്ല. പക്ഷെ, അവരുടെ ഇഷ്ടക്കേടു അത്ര സാരമാക്കുന്ന കൂട്ടത്തിലായിരുന്നില്ല വീട്ടിലുള്ളവർ. ഹിന്ദുമതത്തിലോ മഹമ്മദുമതത്തിലോ കെട്ടിച്ചുവിടുന്നതിനു തുല്യമാണെന്നാണു ചിലർ പറഞ്ഞതു്. അതുകൂടി കേട്ടപ്പോൾ എന്റെ സങ്കടത്തിനു് അതിരില്ലാതായി. ആരോടു പറയാനാണു്! എന്താണു ചെയ്ക!

മാത്രമോ, കെട്ടിക്കുന്നതിനു മുൻപിൽ പള്ളിയിൽ ചെന്നു അച്ചന്റെ മുമ്പാകെ സാക്ഷികൾ കേൾക്കെ "ഓ, എന്നെ ആ ചെറുക്കനെക്കൊണ്ടു കെട്ടിക്കാൻ എനിക്കു സമ്മതമാ" എന്നു പറയുന്ന ഒരു പതിവുകൂടിയുണ്ടെന്നു കേട്ടപ്പോൾ ഞാൻ വിയർത്തുപോയി. മാർത്തോമ്മാക്കാർക്കോ മററാർക്കെങ്കിലുമോ അത്തരമൊരു ഏർപ്പാടില്ല. എന്റെ കൂട്ടുകാരികൾ എന്നെ കളിയാക്കാൻ തുടങ്ങി. അതുകൊണ്ടുമവസാനിക്കുമോ. പതിമൂന്നു വയസ്സുള്ള ഞാൻ മാമ്മോദീസാ മുങ്ങണം, സൈഥൈ്യലേപനം സ്വീകരിക്കണം. കുമ്പസാരിക്കണം, വി. കുർബാന കൈക്കൊള്ളണം.

രണ്ടാമതൊന്നുകൂടി മാമ്മോദീസാ മുങ്ങുക! എങ്ങിനെയാണു കുമ്പസാരിക്കേണ്ടതു്? എന്താണു കുമ്പസാരിക്കേണ്ടതു്? കൊച്ചുപിള്ളേർക്കു് വി. കുർബാന സ്വീകരിക്കാമോ? ഞാൻ കുഴങ്ങി. പ്രാർത്ഥനമാത്രമായി എന്റെ ശരണം. ഹൃദയം നൊന്തു ഞാൻ പ്രാർത്ഥിച്ചു, ഈ പ്രയാസങ്ങളെല്ലാം സഹിക്കുവാൻ എന്നെ പ്രാപ്തയാക്കണമേയെന്നു്.

എന്റെ ഭവനത്തേയും ബന്ധുക്കളേയും വേർപിരിയുന്നതോർത്തപ്പോൾ എനിക്കു അസഹ്യമായി വേദന. ഇനി ഒരിക്കലും മാർത്തോമ്മാപ്പള്ളിയിൽ പോകാൻ ഒക്കുകയില്ലെന്നു കേട്ടപ്പോൾ ഉമിത്തീയിൽ വേവുകയായി. ഇനിമേൽ എന്റെ ബന്ധുമിത്രാദികൾക്കും സഭയ്ക്കും സമുദായത്തിനും അന്യയാണു ഞാൻ.

നേരത്തേ കത്തോലിക്കനായ എന്റെ മാതാമഹനെ ഞാൻ സമീപിച്ചു. എന്റെ പ്രയാസങ്ങൾ ചിലതെല്ലാം വല്യപ്പച്ചനോടു പറഞ്ഞു. എന്റെ സങ്കടവും പ്രയാസവും മനസ്സിലാക്കിയ ആ നല്ല പിതാവു് എനിക്കു സകലവും വിവരിച്ചുതന്നു. ക്രിസ്തു സ്ഥാപിച്ച സത്യസഭ—നിത്യരക്ഷയ്ക്കു പര്യാപ്തമായ വി. സഭ—കത്തോലിക്കാ തിരുസഭയാണെന്നും ഇതരസഭകൾ അനുസരണക്കേടുമൂലവും ദുരുപദേശങ്ങൾമൂലവും പല കാലങ്ങളിലായി ആ ഏകസഭയിൽനിന്നു പിരിഞ്ഞുപോയതാണെന്നും മററും തുടങ്ങിയ സകല കാര്യങ്ങളും അദ്ദേഹം വഴിപോലെ എനിക്കു പറഞ്ഞുതന്നു. വല്യപ്പച്ചൻതന്നെ എനിക്കാവശ്യമായ വേദോപദേശവും നൽകി. കുമ്പസാരം, കുർബാന മുതലായ കൂദാശകളെക്കുറിച്ചു് അവശ്യം അറിയേണ്ടവയും പറഞ്ഞുതന്നു.

വല്യപ്പച്ചൻ ഒരു നല്ല ആളായിരുന്നതുകൊണ്ടും ഭക്തനും ജനസമ്മതനുമാകയാലും എനിക്കു് കുറച്ചൊക്കെ ആശ്വാസമായി. ഞാൻ പറഞ്ഞു: "എന്നാൽ അപ്പച്ചനും അമ്മച്ചിയും മററു വീട്ടിലുള്ളവരുംകൂടി കത്തോലിക്കാസഭയിൽ ചേരണം. എനിക്കുതന്നെ വഹിയാ." വല്യപ്പച്ചൻ എനിക്കുറപ്പുതന്നു, അടുത്തുതന്നെ അവരെല്ലാവരുംകൂടി തിരുസഭയുടെ അംഗങ്ങളാകുമെന്നു്.

അങ്ങനെ ഞാൻ കത്തോലിക്കാസഭയിൽ ചേർന്നു. പക്ഷേ, ഞാൻ ധരിച്ചുവച്ചിരുന്നതുപോലുള്ള യാതൊരു വിഷമവും എനിക്കനുഭവപ്പെട്ടില്ല. മറിച്ചു കത്തോലിക്കാസഭയുടെ അംഗമാകുക ഏററം അത്യാവശ്യമായ ഒന്നാണെന്നു ഇന്നെനിക്കു ബോദ്ധ്യപ്പെട്ടിരിക്കുന്നു. എന്റെ മാതാപിതാക്കളും മററും കത്തോലിക്കാസഭയിൽ ചേർന്നുകഴിഞ്ഞു. എന്റെ സഹോദരങ്ങൾ രണ്ടു പേർ ഇന്നു വൈദികവിദ്യാർത്ഥികളാണു്. മാർത്തോമ്മാസഭയും യാക്കോബായസഭയും ആദ്ധ്യാത്മികപാപ്പരത്തത്തിൽ മുങ്ങി വീർപ്പുമുട്ടുന്ന ഈ അവസരത്തിൽ കത്തോലിക്കരായിരുന്നവരും ഇതരസമുദായങ്ങളിൽനിന്നു കത്തോലിക്കാസഭയിൽ ചേർന്നവരും അനുഭവിക്കുന്ന ആന്തരികാനന്ദം ആർക്കു് ഊഹിക്കുവാൻ കഴിയും! ആദ്ധ്യാത്മികവും ഭൗതികവുമായ ഏതു നിലകളിൽ ചിന്തിച്ചാലും ക്രൈസ്തവർ ഒന്നിക്കേണ്ടതു് ഇന്നത്തെ ഒഴിച്ചുകൂടാൻ പാടില്ലാത്ത ഒരാവശ്യമാണു്. വാശിയും വഴക്കും ഉപേക്ഷിച്ചു ക്രൈസ്തവോചിതമായ ഒരു ജീവിതം നാം കഴിക്കണമെങ്കിൽ സത്യത്തിന്റെ തൂണും രക്ഷയുടെ കവാടവും നിത്യതയിലേക്കു നമ്മെ വഴിനടത്തുവാൻ പ്രഗത്ഭയുമായ കത്തോലിക്കാ തിരുസഭയിൽ നാം ആയിരിക്കണം.

ധീരോചിതമായി നിരവധി പ്രതിബന്ധങ്ങളെ എതിരിട്ടു കത്തോലിക്കാസഭയിൽ ചേർന്ന യുവതികളും യുവാക്കന്മാരും സന്യാസികളും സന്യാസിനികളും വൈദികരും അവൈദികരും ധാരാളം നമ്മുടെ ഇടയിലുണ്ടല്ലോ. അവർക്കു നേരിടേണ്ടിവന്ന പ്രതിബന്ധങ്ങൾ ഏവയെന്നും എങ്ങിനെ അവരതിനെ നേരിട്ടുവെന്നും മററുള്ളവരെക്കൂടി അറിയിക്കുന്നതു് വളരെ ഉപകാരപ്രദമായിരിക്കുമെന്നുള്ള അഭിപ്രായമുള്ളതുകൊണ്ടാണു് എന്റെ ഈ കഥ എഴുതുന്നതിനു ഞാൻ പ്രേരിതയായിട്ടുള്ളതു് എന്നു പ്രസ്താവിച്ചുകൊള്ളട്ടെ

---

ഭ്ലേച്ചു അതിനെ കളങ്കപങ്കിലമാക്കിയിട്ടുണ്ടു്. അതുകൊണ്ടു് മുതലാളിത്തത്തിനു ഒരു സാമൂഹ്യപുനഃസംവിധാനം ആവശ്യമാണു്. അതിന്റെ ഗുണവശങ്ങളെ നശിപ്പിക്കുന്നതിൽ സഭ എതിരാണു്. മുതലാളിത്തത്തിന്റെ ദൂഷ്യവശങ്ങളെ സഭ ഒരിക്കലും അലക്ഷ്യമായി വീക്ഷിച്ചിട്ടില്ല. മാർക്സും കൂട്ടരും അവരുടെ സംയുക്തസമഷ്ടിവാദ വിജ്ഞാപനവുമായി 1848-ൽ സാമൂഹ്യരംഗത്തിറങ്ങുന്നതിനു എത്രയോ മുമ്പുതന്നെ ഫ്രാൻസിൽ സഭയുടെ വീരസന്താനങ്ങൾ സാമൂഹ്യരംഗത്തിറങ്ങി നിസ്വാർത്ഥസേവനങ്ങൾ അനുഷ്ഠിച്ചുതുടങ്ങിയതാണു്. ഇംഗ്ലണ്ടിൽ കർദ്ദിനാൾ മാന്നിംഗും അമേരിക്കയിൽ കർദ്ദിനാൾ ഗിബ്ബൺസും ജർമ്മനിയിൽ ബിഷപ്പു കെററലറും സ്വിററ്സർലണ്ടിൽ കർദ്ദിനാൾ മെർമിലോഡും ചെയ്തിട്ടുള്ള സാമൂഹ്യസേവനങ്ങൾ ഒരു കാലത്തും വിസ്മരിക്കുവാൻ പാടുള്ളതല്ല. മുതലാളിത്തത്തിന്റെ അസമത്വങ്ങളെയും അനീതികളേയുംപററി രക്തവർണ്ണരേക്കാൾ ശക്തിയേറിയ പ്രതിഷേധം സഭയും പാപ്പാമാരും പുറപ്പെടുവിച്ചിട്ടുണ്ടു്; വിമർശിച്ചിട്ടുണ്ടു്. പ്രതിവിധികൾ നിർണ്ണയിച്ചിട്ടുണ്ടു്. തൊഴിലാളിക്കു് മനുഷ്യോചിതമായ ജീവിതം നയിക്കുന്നതിനു അനുകൂലമായ പരിതസ്ഥിതികൾ സംജാതമാക്കുവാൻ സഭ അങ്ങേഅററം പരിശ്രമിച്ചിട്ടുണ്ടു്. 1891-ലും 1931-ലും പ്രസിദ്ധീകൃതമായ വിശ്വലേഖനങ്ങളേക്കാൾ മുതലാളിത്തത്തിന്റെ ന്യൂനതകളെ അചഞ്ചലമായി വെളിവാക്കുന്ന ഈടേറിയ പ്രമാണങ്ങൾ വേറെ ഏതുണ്ടു്? റേരും നൊവാരും പറയുന്നു: "എന്നാൽ ധനവാന്മാരായ സ്വത്തുടമസ്ഥരും എല്ലാ വ്യവസായപ്രവർത്തകന്മാരും ഒരു സംഗതി മനസ്സിലാക്കിയിരിക്കണം. സ്വന്തം ലാഭത്തിനുവേണ്ടി നിർദ്ധനരും നിരാശ്രയരുമായ ജനങ്ങളുടെമേൽ അവർ നിർബന്ധശക്തി പ്രയോഗിക്കുന്നതും മറെറാരുവൻ ശക്തിയായ ആവശ്യത്തിൽ ഇരിക്കുന്നതിനെ തക്കമാക്കിക്കൊണ്ടു തങ്ങൾക്കു ലാഭമുണ്ടാക്കുന്നതും മാനുഷികവും ദൈവികവുമായ എല്ലാ നിയമങ്ങളാലും നിഷേധിക്കപ്പെട്ടിരിക്കുകയാണു്. ഒരുവനു ന്യായമായി ചെല്ലേണ്ട കൂലി കൊടുക്കാതെ അതിനെ അപഹരിക്കുന്നതു് സ്വർഗ്ഗത്തിന്റെ പ്രതികാരപരമായ കോപത്തിനായി നിലവിളിക്കുന്ന ഒരു പാതകമാണു്."

മുതലാളിമാർ ലക്ഷക്കണക്കിനു പണം വാരിയെറിഞ്ഞു് ഗ്രന്ഥശാലകളോ, ഗവേഷണാലയങ്ങളോ ആശുപത്രികളോ നിർമ്മിച്ചാലും തൊഴിലാളികളോടു ചെയ്ത അനീതികൾക്കു് തക്കപരിഹാരം ആകുകയില്ലെന്നു് ക്വാദ്രജെസിമോ ആന്നോ എന്ന വിശ്വലേഖനം ശക്തിയുക്തം ഉൽഘോഷിക്കുന്നു. ഈ വിഷയത്തിലുള്ള സഭയുടെ അചഞ്ചലവും പ്രമാദരഹിതവുമായ നില എന്തെന്നു് അറിഞ്ഞിട്ടും അറിയാത്ത ഭാവം നടിക്കുന്നവരോടു വൃഥാ വാദം നടത്തിയിട്ടെന്തു ഫലം?


# നീർവീഴ്ച്ചകളുടെ ഉത്ഭവം

വളരെ വരണ്ടും, രണ്ടോ മൂന്നോ ദിവസംവീതം കൂടുമ്പോഴായും, രക്തം കലർന്നും, അല്പമായും, ശബ്ദത്തോടും താമസത്തോടും കൂടിയും, നാടപോലെ കനംകുറഞ്ഞും മലം പോകുന്നതു (മലബന്ധവും അർശസ്സും) മൂലം ഉദരത്തിങ്കലുള്ള വായുവിന്റെ അധോഗതിക്കു തടസ്സം നേരിടുകയും (വായുസ്തംഭനം—വയറുവീക്കൽ—ഗ്യാസ്ട്രബിൾ ഉത്ഭവിക്കയും), ഇങ്ങനെ കുടലുകൾക്കുള്ളിൽ നിറയപ്പെടുന്ന വായു പിന്നേയും പിന്നേയും ദുഷിക്കയും, ചൂടുപിടിക്കപ്പെടുകയും ചെയ്തിട്ടു് നെഞ്ചു്, പള്ള, ശിരസ്സ് മുതലായ അംഗങ്ങളിലേക്കു് ഗതിക്കുകയും, അതാതു അവയവങ്ങളിലുള്ള കഫത്തേയും, രസം, രക്തം, മാംസം, മേദസ്സ്, അസ്ഥി, മജ്ജ, ശുക്ലം എന്നീ ധാതുക്കളേയും ദുഷിപ്പിക്കുകയും, ഉരുക്കുകയും, അതാതുകളുടെ സ്ഥാനങ്ങളിൽ നിന്നിളക്കിതിക്കുകയും ചെയ്യുമ്പോഴാണു് തുമ്മൽ, മൂക്കിൽനിന്നുള്ള വെള്ളം (കഫം) വരവു്, മൂക്കടപ്പു്, തലവിങ്ങിച്ച, കണ്ണിൽനിന്നും ചെവിയിൽനിന്നുമുള്ള വെള്ളംവരവു്, മോണ (പല്ലുകളുടെ കട) വീക്കൽ, തൊണ്ടയിൽ കഫം കെട്ടൽ, സന്ധികളിലും മററും നീർക്കെട്ടു് (രക്തവാതം), കഴുത്തു്, പുറം മുതലായ അംഗങ്ങളിൽ കഴപ്പു്, വായ, മൂക്കു്, മലദ്വാരം മുതലായ മാർഗ്ഗങ്ങളിൽകൂടിയുള്ള രക്തം വരവു് (രക്തപിത്തം), കൊഴുപ്പോടും ഊറലോടും മധുരരസത്തോടുംകൂടി മൂത്രംപോവുക (പ്രമേഹം), അസ്ഥിസ്രാവം (വെള്ളപോക്കു്), ചുമച്ചു് കഫം തുപ്പൽ, ശ്വാസംമുട്ടൽ, ക്ഷയം, ഏങ്ങൽ (ആസ്തമ), മലവിസർജ്ജനം ചെയ്യുമ്പോഴും സ്വപ്നത്തിലും മററും ശുക്ലം സ്രവിക്കൽ (ഇന്ദ്രിയസ്ഖലനം), കഫത്തോടും കൊഴുപ്പോടുംകൂടി മലം പോവുക, കഴല, മന്തു്, തടിപ്പു്, കുരു, നീരു്, കുഷ്ഠം തുടങ്ങിയവകൾ ഉത്ഭവിക്കുകയും അവയിൽനിന്നു വെള്ളവും ചലവും രക്തവും സ്രവിക്കുകയും ചെയ്യുക എന്നിങ്ങനെയുള്ള രോഗങ്ങൾ അഥവാ "നീർവീഴ്ചകൾ" പിടിപെടുന്നതു്. ഇതുപോലെതന്നെ ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉഷ്ണവീര്യമുള്ള അന്നപാനങ്ങളേയും ഔഷധങ്ങളേയും പതിവായും അമിതമായും ഉപയോഗിക്കുക, പട്ടിണികിടക്കുക മുതലായ കാരണങ്ങൾകൊണ്ടു് ദേഹത്തിലെ ചൂടു് വർദ്ധിക്കുവാനിടവരുമ്പോഴും നാനാവിധത്തിലുള്ള "നീർവീഴ്ചകൾ" പിടിപെടുന്നതാണു്. ഉഷ്ണാധികൃത്താൽ കഫവും, ധാതുക്കളും ദുഷിക്കുകയും, ഉരുകുകയും, അതാതുകളുടെ സ്ഥാനങ്ങളിൽ നിന്നിളകുകയും ചെയ്യുമ്പോൾ ഉണ്ടാവുന്നവയായതുകൊണ്ടുതന്നെയാണു് ഈ രോഗങ്ങൾക്കെല്ലാം യുക്തിപൂർവ്വം "നീർവീഴ്ചകൾ" എന്നു് നാമകരണം ചെയ്തിട്ടുള്ളതു്. ദേഹത്തിൽ അമിതമായിതീർന്നിട്ടുള്ള ചൂടിനെ കുറക്കുന്നതിനുള്ള അന്നപാനങ്ങൾകൊണ്ടും, ഔഷധങ്ങൾകൊണ്ടും നാനാവിധത്തിലുള്ള നീർവീഴ്ചകളെ ശമിപ്പിക്കുവാൻ സാധിച്ചുകാണുന്നതിൽനിന്നുതന്നെ ഉഷ്ണാധികൃത്തിൽ നിന്നാണു് നീർവീഴ്ചകളുടെ ഉത്ഭവം എന്നു് വ്യക്തമാവുന്നുണ്ടല്ലോ. ഈ വസ്തുതകൾ മനസ്സിലാക്കി ചികിത്സിയ്ക്കാത്തതുകൊണ്ടാണു് പലരും തങ്ങളുടെ ആയുഷ്കാലം മുഴുവനും രോഗമാകുന്ന മഹാസമുദ്രത്തിൽനിന്നു് കരകയറുവാൻ സാധിക്കാതെ നിരാശയോടെ കഴിച്ചുകൂട്ടേണ്ടിവരുന്നതെന്നു് നിസ്സംശയം പറയാവുന്നതാണു്.

## നീർവീഴ്ച്ചകൾ പിടിപെടാതിരിപ്പാനുള്ള മാർഗ്ഗം

ശരീരംകൊണ്ടും മനസ്സുകൊണ്ടും അമിതമായി അദ്ധ്വാനിക്കുക, ഉറക്കമൊഴിക്കുക, ഉഷ്ണവീര്യമുള്ള ദ്രവ്യങ്ങളെ പതിവായും അമിതമായും ഉപയോഗിക്കുക, ശുക്ലധാതുവിനെ ക്രമാതീതമായി ക്ഷയിപ്പിക്കുക മുതലായ കാരണങ്ങൾകൊണ്ടു് ദിനംപ്രതി ദേഹത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ചൂടിനെ കുറയ്ക്കുകയും, വായു, മലം, മൂത്രം തുടങ്ങിയവകളെ യഥാക്രമം വിട്ടുകൊണ്ടിരിക്കുകയും ചെയ്യുന്നതിനു കഴിവുള്ള സ്നേഹദ്രവ്യങ്ങളെ യുക്തിപൂർവ്വം ഉപയോഗിച്ചുകൊണ്ടിരിക്കുന്നപക്ഷം സാമാന്യേന നീർവീഴ്ചകളൊന്നും പിടിപെടുന്നതല്ല. ഇതിന്റെ ദൃഷ്ടാന്തമാണു് അമിതമായ ചൂടിനെ ശമിപ്പിക്കുന്നതിനും, ക്ഷയിച്ചുപോയിട്ടുള്ള സൌമ്യാംശത്തെ വർദ്ധിപ്പിക്കുന്നതിനും, വായു, മലം തുടങ്ങിയവകളെ യഥാക്രമം പ്രവർത്തിപ്പിക്കുന്നതിനും കഴിവുള്ള ഔഷധങ്ങളാകുന്ന "ദ്രാക്ഷാഘൃതം" സേവിക്കുകയും "ശാരിബാദൈതലം" ദേഹമാസകലം തേച്ചു് കുളിക്കുകയും ചെയ്തുകൊണ്ടിരിക്കുന്നവരിൽ സാമാന്യേന മലബന്ധം, അർശസ്സ് മുതലായ ഉഷ്ണാധികരോഗങ്ങൾ പിടിപെടാതിരിക്കുന്നതായി കാണുന്നതു്.

## നീർവീഴ്ച്ചകൾക്കുള്ള പ്രതിവിധികൾ

മുകളിൽ പറഞ്ഞതുപോലെ ആരോഗ്യസംരക്ഷണത്തിനാവേണ്ടതു് യഥാകാലം പ്രവർത്തിക്കുവാൻ സാധിക്കായ്കനിമിത്തം ദേഹത്തിലെ ചൂടു് ക്രമംവിട്ടു് വർദ്ധിക്കയും, നീർവീഴ്ചകളിൽ ഏതെങ്കിലും ഒന്നോ, രണ്ടോ അഥവാ അതിലധികമൊ ഇനം പിടിപെടുകയും ചെയ്തിട്ടുള്ളപക്ഷം മുകളിൽ പറഞ്ഞ ഔഷധങ്ങൾ രണ്ടും യുക്തിപൂർവ്വം ഉപയോഗിക്കുന്നതിനു പുറമെ അമിതമായ ചൂടിനെ കുറയ്ക്കുന്നതിനും, കഫത്തേയും ധാതുക്കളേയും ദുഷിക്കാതെയും ഉരുകാതെയും സംരക്ഷിക്കുന്നതിനും, ദുഷിച്ചിട്ടുള്ളവയെ ശുദ്ധീകരിക്കുന്നതിനും, വ്രണങ്ങളെ ഉണക്കുന്നതിനും, മുഴ, തടിപ്പു്, നീരു് തുടങ്ങിയവകളെ നശിപ്പിക്കുന്നതിനും മററും കഴിവുള്ള ഒരു ശീതദ്രവ്യമാകുന്ന "നിംബാസവം" കൂടി യുക്തമെന്നുതോന്നുന്ന മാത്രയിൽ സേവിക്കുകയും, പ്രായം, ദേഹപ്രകൃതി, രോഗസ്ഥിതി മുതലായവകൾക്കനുസരിച്ചു് നാലോ എട്ടോ പത്തോ പതിനഞ്ചോ ദിവസംവീതം കൂടുമ്പോൾ "ദ്രാക്ഷാഘൃതം" തന്നെ പതിവായി സേവിക്കുന്നതിലും അല്പം മാത്രകൂട്ടി സേവിച്ചോ അല്ലെങ്കിൽ നല്ലതരം ആവണക്കെണ്ണ സേവിച്ചോ വയറിളക്കുകയും, ഉപ്പു്, പുളി, എരുവു് എന്നീ രസങ്ങളുള്ള ദ്രവ്യങ്ങളേയും, ചൂടിനെ വർദ്ധിപ്പിക്കുന്ന മററു അന്നപാനങ്ങളേയും, പ്രവൃത്തികളേയും സാധിക്കുന്നേടത്തോളം ഒഴിവാക്കുകയും ചെയ്യുന്നതായാൽ ആ നീർവീഴ്ചകളെ ശമിപ്പിക്കുവാൻ സാധിക്കുമെന്നുള്ളതിനു് നിംബാസവം, ദ്രാക്ഷാഘൃതം, ശാരിബാദൈതലം എന്നീ സിദ്ധൌഷധങ്ങളുപയോഗിച്ചു് രോഗശമനം സിദ്ധിച്ചിട്ടുള്ളവരിൽനിന്നു ലഭിച്ചിട്ടുള്ളതും, പത്രങ്ങളിലും മാസികകളിലും മററുമായി ഇതുവരെ പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതുമായ 120-ൽ പരം "അനുഭവസാക്ഷ്യങ്ങൾ" തന്നെ പ്രത്യക്ഷ ദൃഷ്ടാന്തങ്ങളാണു്.

| | |
|---|---|
| നിംബാസവം 20 ഔൺസ് കുപ്പി 1ക്കു് | 2-0-0 |
| ദ്രാക്ഷാഘൃതം 5/8 (അരേഅരക്കാൽ) റാ. കുപ്പി 1ക്കു് | 4-0-0 |
| ശാരിബാദൈതലം 18 ഔൺസ് കുപ്പി 1ക്കു് | 3-0-0 |

N. B. ഈ ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോടു്, കോയമ്പത്തൂർ, പാലക്കാടു്, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരുകൊച്ചിയിലും മലബാറിലുമുള്ള 150-ൽപരം ഏജൻസികൾ വഴിയായും വിതരണം ചെയ്തുകൊണ്ടിരിക്കുന്നു. അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.

**കാളൻ, നെല്ലായി.**


## പുസ്തകാഭിപ്രായം

### നന്മരണസഹായി

(ഗ്രന്ഥകർത്താ:- ഫാദർ മാത്യു നടയ്ക്കൽ. പക്ഷം 159. വില 6ണ. സെൻറു് ജോസഫ്'സ് പ്രസ്സ്, മാന്നാനം)

"രോഗിയേയും അയാളെ ശുശ്രൂഷിക്കുന്നവരേയും ഒരുപോലെ സഹായിക്കുന്ന ഒന്നായിട്ടാണു് ഇപ്പോൾ പ്രസിദ്ധംചെയ്യുന്ന നന്മരണസഹായി എന്ന ഗ്രന്ഥം തയ്യാറാക്കിയിരിക്കുന്നതു്. അന്ത്യകൂദാശകളുടെ സ്വീകരണം, രോഗാവസ്ഥയിലും മരണനേരത്തും, മരണാനന്തരവും, ശവസംസ്കാരവേളയിലും മററും അനുഷ്ഠിക്കേണ്ട ക്രമങ്ങൾ മുതലായവ സംബന്ധിച്ചു പ്രായോഗികവും ലളിതവുമായ വിവരണങ്ങൾ നന്മരണസഹായിയിൽ ഉൾക്കൊള്ളിക്കുന്നതിനു ശ്രമിച്ചിട്ടുണ്ടു്. കൂടാതെ കുമ്പസാരം, ദിവ്യകാരുണ്യസ്വീകരണം ഇവയ്ക്കു മുമ്പും പിമ്പും രോഗാവസ്ഥയിലും മരണനേരത്തിലും പ്രയോജനപ്പെടത്തക്ക സുകൃതജപങ്ങളും ജ്ഞാനവായനയ്ക്കു ഉപയോഗിക്കാനുപകരിക്കുന്ന ഭാഗങ്ങളും ഈ പുസ്തകത്തിൽ ചേർത്തിരിക്കുന്നു." ഇങ്ങനെയാണു ഗ്രന്ഥകർത്താവു് സ്വന്തം ആമുഖത്തിൽ ഈ പുസ്തകത്തെ സമാഹരിച്ചിട്ടുള്ളതു്.

ഇവയെല്ലാം വളരെ കാര്യമായി പ്രായോഗികവശങ്ങൾ നോക്കി വിവരിച്ചിട്ടുണ്ടു്. അന്ത്യകൂദാശകൾ സ്വീകരിക്കുമ്പോൾ മുറി ഒ

# മലങ്കരസഭയ്ക്കു് മറക്കാനാവാത്ത കർമ്മലയോഗി

(ഫാ. ജെ. ഹില്ലാരിയോൻ, സി. ഡി., എം. എ)

നൂറു സംവത്സരങ്ങൾക്കുമുമ്പാണ് അതു് സംഭവിച്ചതു്. ആയിരത്തി എണ്ണൂററി അൻപത്തിയഞ്ച് ഡിസംബർ എട്ടാംതീയതിയിൽ. പ്രശാന്തസുന്ദരമായ മാന്നാനം ആശ്രമദേവാലയത്തിൽ വച്ച് പതിനൊന്നു് വൈദികർ വ്രതത്രയങ്ങൾ അനുഷ്ഠിച്ച് സന്യാസികളായിത്തീർന്നു. ഒച്ചപ്പാട്ടുകൂടാതെ നടന്ന ആ മഹായജ്ഞത്തിൻെറ ശതവത്സരപൂർത്തി ആഘോഷിക്കുന്ന ഈ സുമുഹൂർത്താവസരത്തിൽ ആ പതിനൊന്നു് പേരിൽ പ്രഥമഗണനീയനും, അന്നൈസ്ഥാമികമായി സ്ഥാപിതമായ കേരളകർമ്മലീത്താസഭയുടെ പ്രഥമാദ്ധ്യക്ഷനുമായ ചാവറ കുര്യാക്കോസ് ഏലിയാസച്ചനെക്കുറിച്ചുള്ള ഒരനുസ്മരണം അസ്ഥാനസ്ഥമാകയില്ലല്ലോ.

## ജീവിതസുപ്രഭാതം

ഇതിനകം കേരളത്തിനു സുജ്ഞാതമായി തീർന്നിട്ടുണ്ടു് സുകൃതപുരുഷൻെറ സംഭവബഹുലമായ ജീവചരിത്രം. പഴമക്കാർക്കു് അതു് നല്ലവണ്ണം അറിയാം. എന്നാൽ വളർന്നുവരുന്ന നമ്മുടെ പുതുതലമുറയ്ക്കു് അതു് അത്ര സുജ്ഞാതമാണോ എന്നു് സംശയിക്കേണ്ടിയിരിക്കുന്നു. 1805 ഫെബ്രുവരി 8-ാംനു കൈനകരിയിലെ പുരാതനമായ ചാവറകുടുംബത്തിൽ ഒരു ശിശു ജനിച്ചു. ശൈശവകാലംമുതല്ക്കു ദൈവഭക്തിയും മററു സൽഭാവഗുണങ്ങളും ഇദ്ദേഹത്തിൽ പ്രത്യേകം പ്രശോഭിച്ചിരുന്നു. പത്താമത്തെ വയസ്സിൽ അന്നു കേരളക്കരയിൽ പ്രസിദ്ധി ആർജ്ജിച്ചിരുന്ന പള്ളിപ്പുറത്തു പാലയ്ക്കൽ തോമാമല്പാനച്ചനെ അനുഗമിച്ച് സെമ്മിനാരിയിൽ പ്രവേശിച്ചു. മാതൃകാപരമായ തൻെറ സെമ്മിനാരിജീവിതത്തിനു ശേഷം 1829 നവംബറിൽ വരാപ്പുഴ ശ്രുപതാധികാരിയായിരുന്ന സ്തുബിലിനി മെത്രാനച്ചനിൽനിന്നു് നമ്മുടെ കുര്യാക്കോസ് ശെമ്മാശ്ശൻ 24-ാമത്തെ വയസ്സിൽ കർബാനപ്പട്ടം സ്വീകരിക്കയും ആലപ്പുഴ മാർസ്ലീവാപള്ളിയിൽവച്ച് നവപൂജ അർപ്പിക്കുകയും ചെയ്തു. കേരളത്തിൽ വിദേശങ്ങളിലെപ്പോലെ ഒരു സന്യാസസഭ സ്ഥാപിക്കുന്നതിനു മെത്രാനച്ചൻ തിരുമനസ്സിൽനിന്നു് അനുമതി ലഭിച്ചതോടുകൂടി പാലയ്ക്കൽ മല്പാനച്ചനോടും പോരൂക്കര മല്പാനച്ചനോടുംകൂടെ സഹകരിച്ച് 1831 മേയ് 11-ാംനു സന്യാസഭവനത്തിൻെറയും ദേവാലയത്തിൻെറയും ശിലാസ്ഥാപനത്തിനുശേഷം നമ്മുടെ കഥാനായകൻ അവയുടെ പണിനടത്തി പൂർത്തിയാക്കി. പാലയ്ക്കലച്ചൻെറയും പോരൂക്കര അച്ചൻെറയും മരണശേഷം 1855 ഡിസംബർ 8-ാംനു, സുമാർ നൂറു് സംവത്സരങ്ങൾക്കുമുമ്പ്, വ്രതവാഗ്ദാനം നടത്തി. അന്നു് ഔദ്യോഗികമായി ആരംഭിച്ച സന്യാസസഭയുടെ പ്രഥമപ്രിയോരായി അദ്ദേഹം അവരോധിക്കപ്പെട്ടു.



ഒരു ശതാബ്ദത്തിനുമുമ്പു ആദ്യപിതാക്കന്മാർ മാന്നാനം കുന്നിൽ ആശ്രമത്തിനു അടിസ്ഥാനമിടുന്നു

## സംഭവബഹുലം

സംഭവബഹുലമായ ഒരു ജീവിതമാണ് തദനന്തരം അദ്ദേഹം നയിച്ചതു്. തൻെറ ത്യാഗപൂർവ്വകമായ പരിശ്രമഫലമായി പ്രസ്തുത സന്യാസസഭ വിവിധസ്ഥലങ്ങളിലേക്കു വ്യാപിക്കുകയുണ്ടായി. സ്വന്തം സന്യാസസഭയെ മാത്രമല്ല കേരള കത്തോലിക്കസഭയയും അദ്ദേഹം സർവ്വാത്മനാ സ്നേഹിക്കുകയും സേവിക്കുകയും ചെയ്തിരുന്നു. അക്കാലത്താണ് ശീശ്മകാരിയായ റോക്കോസ് മെത്രാൻ കേരളത്തിൽ പ്രവേശിച്ചതു്. 1861-മേയ് മാസത്തിൽ കൊച്ചിയിൽ വന്നിറങ്ങിയ ഈ അകത്തോലിക്കമെത്രാൻെറ നശീകരപ്രസ്ഥാനത്തോടു പടവെട്ടുവാൻ വേണ്ടി സുറിയാനിസഭയുടെ വികാരിജനറാളായി നിയമിതനായ "വലിയ പ്രിയോരച്ചൻ" സുധീരം രംഗപ്രവേശം ചെയ്തു. താൻ തന്നെ സ്ഥാപിച്ച മാന്നാനംപ്രസ്സിൽനിന്നു് ഒരാഹ്വാനം അച്ചടിപ്പിച്ച് എല്ലാ പള്ളികൾക്കും അയച്ചുകൊടുത്തശേഷം സ്വന്തജീവനെപ്പോലും അപകടത്തിലാക്കിക്കൊണ്ടു് തീവ്രയത്നം നടത്തിയതിൻെറ ഫലമായി മലങ്കരസഭയ്ക്കുണ്ടായ വിജയംമൂലം ഒൻപതാം പീയൂസ് മാർപ്പാപ്പാ ഒരു പ്രശംസാപത്രം സ്വന്തം കൈപ്പടയിൽ എഴുതി ഈ ധീരയോദ്ധാവിനു് അയച്ചുകൊടുക്കുകയുണ്ടായി എന്നുള്ളതും പ്രത്യേകം പ്രസ്താവ്യമാണ്. പള്ളിസന്ദർശനം, വേദപാഠാലയസ്ഥാപനം, ആരാധനക്രമപരിഷ്കരണം, കർമ്മലീത്താ സന്യാസിനീസമൂഹസ്ഥാപനം (കൂനമ്മാവിൽ) എല്ലാററിലും ഉപരിയായി തൻെറ പുണ്യജീവിതം എന്നിവ വഴിയായി, പത്തൊമ്പതാംനൂററാണ്ടിലെ മലങ്കരസഭയെ അഭ്യസൂയാർഹമാംവിധം പരിഷ്കരിക്കുകയും അഭിവൃദ്ധിപ്പെടുത്തുകയും ചെയ്തു. ഇന്നു കേരള സുറിയാനിസഭയ്ക്കുണ്ടായിട്ടുള്ള പലനേട്ടങ്ങൾക്കും കാരണഭൂതനായിത്തീർന്നതു് നമ്മുടെ കഥാനായകനാണെന്നുള്ള വസ്തുത ക്രൈസ്തവകേരളം വിസ്മരിക്കുമെങ്കിൽ അതു് ഒരു വലിയ കൃതഘ്നതതന്നെയായിരിക്കും.

## അന്തിമയാത്ര

ഇങ്ങനെ വളരെയൊക്കെ ദൈവമഹത്വത്തിനും ആത്മാക്കളുടെ നന്മയ്ക്കും നാടിൻെറ സർവ്വതോമുഖമായ അഭിവൃദ്ധിക്കുംവേണ്ടി ആത്മാർത്ഥമായി പരിശ്രമിച്ചശേഷം മാമ്മോദീസായിൽ സ്വീകരിച്ച വരപ്രസാദം അഭംഗം പാലിച്ചുകൊണ്ടു് ജീവിച്ച ഈ പുണ്യാത്മാവു് കൂനമ്മാവു് ആശ്രമത്തിൽവച്ചു് 1871 ജനുവരി മൂന്നാംതീയതി കാലത്തു് ഏഴരമണിക്കു് തൻെറ 66-ാമത്തെ വയസ്സിൽ നിത്യഭവനമായ സ്വർഗ്ഗത്തേക്കു യാത്രയായി. പിറേറദിവസം അവിടെ ആശ്രമദേവാലയത്തിൽതന്നെ മൃതശരീരം സംസ്കരിക്കപ്പെട്ടു. തദനന്തരം 1889 മേയ് 24-ാംനു ഇദ്ദേഹത്തിൻെറ പൂജ്യാവശിഷ്ടങ്ങൾ കേരള കർമ്മലസഭയുടെ മാതൃഭവനമായ മാന്നാനം ആശ്രമത്തിൻെറ ദേവാലയത്തിൽ നിക്ഷേപിക്കുകയുണ്ടായി.

## മാർഗ്ഗപ്രദീപം

സ്തുത്യപുരുഷൻെറ മാദ്ധ്യസ്ഥശക്തിയിൽ ഇന്നു് പലർക്കും അനുഗ്രഹങ്ങൾ ലഭിച്ചുകൊണ്ടിരിക്കുന്നുവെന്നുള്ള കാര്യം ഒരു രഹസ്യമല്ലല്ലോ. ഇന്നു ഭുവനപ്രസിദ്ധയായിത്തീർന്നിരിക്കുന്ന അൽഫോൻസാമ്മയ്ക്കു് ഒരിക്കൽ പ്രത്യക്ഷനായി ഒരു തീരാവ്യാധിയിൽ നിന്നും തന്നെ മോചിപ്പിച്ച വിവരം ആ സുകൃതിനി സ്വയം ഏററുപറഞ്ഞിട്ടുണ്ടു്. ഈ പുണ്യപുരുഷനെ വിശുദ്ധരുടെ ഗണത്തിൽ ചേർക്കുന്നതിനുള്ള പരിശ്രമം നടന്നുകൊണ്ടിരിക്കുന്ന ഈ ശോഭാസന്ധിയിൽ ഇദ്ദേഹത്തിൽ പ്രശോഭിച്ചിരുന്ന ഗുണവിശേഷങ്ങൾ നമ്മുടെ ശ്രദ്ധയ്ക്കു പ്രത്യേകം വിഷയീഭവിക്കേണ്ടതാണ്.

നമ്മുടെ കഥാനായകൻ ജീവിച്ചിരുന്ന കാലത്തുതന്നെ അദ്ദേഹത്തോടു് ഇടപെട്ടിരുന്നവർ താൻ ഒരു പുണ്യപുരുഷനാണെന്നു് പ്രസ്താവിച്ചിട്ടുണ്ടു്. മാർത്തോമ്മാസഭയുടെ സ്ഥാപകനായ മാത്യൂസ് അത്തനാസിയൂസ് മെത്രാൻ "ഈ നാട്ടിൽ വല്ല ചാവറയോ മററോ അല്ലാതെ ആരാണ് സ്വർഗ്ഗത്തിൽ പോകുന്നതു്" എന്നു ഫലിതരൂപത്തിൽ പറയാറുണ്ടായിരുന്നത്രെ. വന്ദ്യപിതാവായ കുര്യാക്കോസച്ചൻെറ വരപ്രസാദാധിഷ്ഠിതമായ ആന്തരികജീവിതമാണ് ഇതിനെല്ലാം നിദാനമായിത്തീർന്നിട്ടുള്ളതു്. ദിവ്യകാരുണ്യഈശോയോടുള്ള ഉജ്ജ്വലമായ സ്നേഹം, ശൈശവത്തിലേതന്നെ ആർക്കു് തൻെറ അമ്മ തന്നെ മുഴുവനും സമർപ്പിച്ചുവോ ആ പരിശുദ്ധ ദേവമാതാവിനോടുള്ള പുത്രനിർവ്വിശേഷമായ ഭക്തി, വീരോചിതമായ പരസ്നേഹം. നിരന്തരമായ പ്രാർത്ഥനാജീവിതം, സന്യാസക്രമങ്ങളുടെ അവികലമായ അനുഷ്ഠാനം എന്നീ ഗുണങ്ങൾ തൻെറ സന്താനങ്ങളായ സന്യാസികൾക്കും, കേരളീയകത്തോലിക്കർക്കെല്ലാവർക്കും മാർഗ്ഗപ്രദീപങ്ങളായി പ്രശോഭിക്കുന്നവയാണ്, സംശയമില്ല.

## ലളിതകലാപടു

ഇദ്ദേഹം ഒരു നല്ല കവിയും, സാഹിത്യപടുവും, മനം കവരുന്ന പ്രസംഗകനും, അഗാധപണ്ഡിതനുമായിരുന്നുവെന്നുള്ള സംഗതിയും നാം മറന്നുപോകരുതു്. ജീവിതവിശുദ്ധിയും ഈ കഴിവുകളും തമ്മിൽ യാതൊരു പൊരുത്തക്കേടുമില്ലെന്നു് ക്രിസ്തീയപുണ്യശാസ്ത്രപഠിതാക്കളോടു് പറഞ്ഞറിയിക്കേണ്ട ആവശ്യമില്ലല്ലോ. ഇദ്ദേഹത്തിൻെറ "ആത്മാനുതാപം" എന്ന പദ്യകൃതിയെക്കുറിച്ച് വിമർശനപടുവായ ശ്രീ സി. അന്തപ്പായി വളരെ പ്രശംസിക്കുകയുണ്ടായിട്ടുണ്ടു്. "ഇതിൻെറ കർത്താവിനെപ്പററി എനിക്കു ചെറുപ്പത്തിൽ തോന്നിയ ഭക്തിയും ബഹുമാനവും......ലേശവും കുറഞ്ഞിട്ടില്ല ......ഇതിൻെറ കർത്താവു് പദ്യങ്ങൾ രചിക്കുന്നതിൽ ലാഘവമുള്ള ഒരാളായിരുന്നുവെന്നു് വേണ്ടുവോളം തെളിയുന്നുണ്ടു്."

## നമ്മുടെ കർത്തവ്യം

മലങ്കരസഭയ്ക്കും മലയാളനാടിനും സാമൂഹികമായും, ആദ്ധ്യാത്മികമായും, വിദ്യാഭ്യാസപരമായും, സാഹിത്യപരമായും, ആതുരസേവനാത്മകമായും പലതും അഭ്യസൂയാർഹമാംവിധം പ്രവർത്തിച്ചുപോരുന്ന കേരളകർമ്മലീത്താ സുറിയാനിസന്യാസസഭയുടെ സഹസ്ഥാപകനായ ചാവറ കുര്യാക്കോസച്ചനെ സിദ്ധരുടെ പട്ടികയിൽ അനതിവിദൂരമായ ഭാവിയിൽതന്നെ ദർശിക്കുന്നതിനുള്ള ഭാഗ്യം കേരളത്തിനു് ലഭിക്കുന്നതിനുവേണ്ടി കേരളീയക്രിസ്ത്യാനികളെല്ലാവരും തീക്ഷ്ണമായി പ്രാർത്ഥിക്കേണ്ടതാണ്. അതു് അവരുടെ ഒരു കർത്തവ്യമാണ്. ഈ സന്യാസവര്യൻെറ സിദ്ധപദപ്രഖ്യാപനത്തിനുവേണ്ടി സഹകരിച്ച് പ്രവർത്തിക്കുന്നതിനു് ക്രൈസ്തവകേരളം മുന്നോട്ടുവരില്ലേ?

---

അടക്കേണ്ടവിധം മുതൽ അന്ത്യകൂദാശകൾ സ്വീകരിക്കുന്നതിനു കഴിയാതെ വരുമ്പോൾ ചൊല്ലേണ്ട ജപവും അന്ത്യസമയത്തു ചെവിയിൽ പറഞ്ഞുകൊടുക്കുന്നതിനു പററിയ സുകൃതജപങ്ങളുംവരെ മരണസമയത്തേക്കു് ആവശ്യമുള്ള സമസ്തവും ഭംഗിയായി ഗ്രന്ഥത്തിൽ ഉൾക്കൊള്ളിച്ചിട്ടുണ്ടു്. ഇതിനകം ഈ വിഷയം കൈകാര്യം ചെയ്തിട്ടുള്ളവരുടെ നല്ല നിർദ്ദേശങ്ങളും പ്രാർത്ഥനകളും ഇതിൽ ചേർത്തിട്ടുള്ളതിനാൽ ഗ്രന്ഥത്തിനു പൂർണ്ണതവന്നിട്ടുണ്ടു്. മാത്രമല്ല അതിരമ്പുഴ, ആലപ്പുഴ, ചങ്ങനാശ്ശേരി പോലെയുള്ള വലിയ ഇടവകകളിലെ അനുഭവങ്ങൾ ദൃഷ്ടിയിൽവച്ചു ഗ്രന്ഥം രചിച്ചിരിക്കുന്നുവെന്നതു് ഇതിൻെറ ഒരു പ്രത്യേകതയാണ്.

ഒന്നു കഴിഞ്ഞു്, ഒന്നു് ഇങ്ങനെ ഇടവിടാതെ നല്ല ഗ്രന്ഥങ്ങൾ രചിക്കുന്നതിനു ഫാദർ മാത്യു നടയ്ക്കൽ ചെയ്യുന്ന പരിശ്രമം എത്ര അഭിനന്ദിച്ചാലും അധികമാകയില്ല. ആറുകൊല്ലത്തെ പൗരോഹിത്യത്തിനിടയ്ക്കു് പതിനൊന്നാമത്തെ പുസ്തകമാണ് നന്മരണസഹായി. "ബലിസമർപ്പണം" എന്ന ഗ്രന്ഥത്തിൻെറ നിരൂപണമടിച്ച മഷി ഉണങ്ങിയിട്ടില്ലായിരിക്കണം നന്മരണസഹായിയെ നിരൂപിക്കുവാൻ തുടങ്ങുമ്പോൾ. ധാരാളമെഴുതുന്നതുകൊണ്ടു് ഒരനവധാനതയും ഈ ഗ്രന്ഥത്തിനു വന്നിട്ടില്ല. ഗ്രന്ഥകാരനു ഹാർദ്ദമായ അനുമോദനങ്ങൾ.

(ഫാദർ തോമസ് മൂത്തേടൻ)

## വിശുദ്ധഗായിക

(പരിഭാഷകൻ:- പി. എക്സ്. പുല്ലുവിള. പ്രസാധകർ: എസ്. എച്ച്. ലീഗ്, ആലുവാ. പേജ് 444, വില 2ക. 2ണ.)

ബിഷപ്പ് ഫുൾട്ടൻ ഷീൻ തിരുമേനിയെപ്പററി കേട്ടിട്ടില്ലാത്തവർ ഉണ്ടെന്നു തോന്നുന്നില്ല. ചിന്തകൻ, പണ്ഡിതൻ, വാഗ്മി, റേഡിയോ പ്രഭാഷകൻ, അനേക മഹാഗ്രന്ഥങ്ങളുടെ കർത്താവ് എന്നീ വിവിധനിലകളിൽ വിശ്രുതവിഖ്യാതനാണല്ലോ അദ്ദേഹം. അദ്ദേഹത്തിൻെറ "World's First Love" എന്ന വിശിഷ്ടഗ്രന്ഥത്തിൻെറ പരിഭാഷയാണ് വിശുദ്ധഗായിക. മൂലഗ്രന്ഥകാരൻെറ "The love that waits for you" "Light your Lamps" ഇടങ്ങിയ പല കൃതികളും പരിഭാഷപ്പെടുത്തി തഴക്കം സമ്പാദിച്ച ഒരു തൂലികയാണ് വിവർത്തകനായ പുല്ലുവിളയ്ക്കുള്ളതു്.

കന്യകാമറിയത്തിൻെറ ജീവിതത്തിലെ പ്രധാന സംഭവങ്ങളേയും അപദാനങ്ങളേയും കോർത്തിണക്കി ആധുനികപ്രശ്നങ്ങളോടു് അവയ്ക്കുള്ള ബന്ധത്തെ വെളിപ്പെടുത്തുന്ന ഈ പുസ്തകം കൈരളിക്കു് ഒരു കനകമാല്യമായിരിക്കും.

(Fr. T. K.)

---

(10-ാംപേജ് തുടർച്ച)

മുഴുവനും. വളരെ ദിവസങ്ങളിലെ പരിശ്രമത്തിൻെറ ഫലമായി ഒരു പലചരക്കുകടയിൽ കണക്കെഴുതുന്നതിനുള്ള ജോലി എനിക്കു ലഭിച്ചു. എൻെറ മുതലാളി ഒരു കഠിനഹൃദയനായിരുന്നു, മനുഷ്യത്വം തൊട്ടുതെറിച്ചിട്ടില്ലാത്ത കഠിനഹൃദയൻ. പണം സമ്പാദിക്കുന്നതിനുവേണ്ടി ഏതു് കൊടിയ വഞ്ചനയും പ്രവർത്തിക്കുന്നതിനു അയാൾക്കു യാതൊരു മടിയുമുണ്ടായിരുന്നില്ല. വില്പനനികുതി ഉദ്യോഗസ്ഥന്മാരെ വഞ്ചിക്കുന്നതിനു് കള്ളക്കണക്കെഴുതണമെന്നു് അയാൾ എന്നോടാവശ്യപ്പെട്ടു. ഹൃദയത്തിൻെറ ഉള്ളിൽനിന്നു് ഒരു സ്വരം എന്നെ വിലക്കി അതു ചെയ്യരുതെന്നു്. ഞാൻ വിസമ്മതിച്ചു.

"തിന്ന ചോററിനു നന്ദിയില്ലാത്ത പട്ടി! നാളെമുതൽ എൻെറ കടയിൽ കാലുകുത്തിപ്പോകരുതു്." അതു മുതലാളിയുടെ സുഗ്രീവാജ്ഞയായിരുന്നു. സത്യത്തെ സ്നേഹിച്ചതിനു് ജീവിക്കുവാനുള്ള എൻെറ അവകാശം നിഷേധിക്കപ്പെട്ടു. ലോകത്തിൻെറ നീതിശാസ്ത്രം ആ അവകാശനിഷേധത്തിൻെറ മുൻപിൽ മൂകതപാലിച്ചു. നിസ്സഹായതയുടെ കൊടുങ്കാട്ടിലേക്കു ഞാൻ വലിച്ചെറിയപ്പെട്ടു. വിശപ്പിൻെറയും വേദനയുടേയും ക്രൂരമുഖങ്ങൾ എൻെറനേരെ പാഞ്ഞടുത്തു. പുകഞ്ഞുനീറുന്ന ദിവസങ്ങളിലൂടെ കടന്നുവന്ന പട്ടിണി എൻെറ വീട്ടിൽ വേതാളനൃത്തംചെയ്തു. ഞങ്ങളുടെ താമസസ്ഥലത്തിനു തൊട്ടടുത്താണു് എൻെറ മുതലാളിയായിരുന്ന ആ മനുഷ്യൻ കപ്പകൃഷി ചെയ്തിരുന്ന പറമ്പു്. ഒരുദിവസം നാലുമണിസമയത്തു് ആ പറമ്പിൽ കയറി ഞാൻ കുറെ കപ്പ പറിച്ചു. ആ സാഹചര്യത്തിൽ അതു കുററകരമാണെന്നു ഞാൻ കരുതിയില്ല. എൻെറ കുററം കണ്ടുപിടിക്കപ്പെട്ടു. അനാഥമന്ദിരങ്ങൾക്കും ആശുപത്രികൾക്കും ലോഭമില്ലാതെ പണം ദാനംചെയ്യുന്ന

"നീതിമാനായ" ആ മുതലാളി എന്നോടു ക്ഷമിക്കുവാൻ കൂട്ടാക്കിയില്ല, "നിൻെറ അപ്പൻ തേടിവച്ച വകയൊന്നും എൻെറ കൈയിലില്ല. മനസ്സിലായോടാ എരപ്പാളീ?" ആ ചോദ്യത്തോടു കൂടി മുതലാളിയുടെ കരുത്തുള്ള കൈ എൻെറ മുഖത്തു ആഞ്ഞുപതിച്ചു. എൻെറ മൂക്കിലും വായിലുംനിന്നു് രക്തമൊഴുകി. ഈ ക്രൂരമായ അനീതിയുടെനേരെ ലോകം പ്രതിഷേധസ്വരം പുറപ്പെടുവിച്ചില്ല. എൻെറ മാതാപിതാക്കന്മാർ! ആ മനുഷ്യക്കോലങ്ങൾ എന്തു ചെയ്യാനാണു്. കുഞ്ഞേ, ഞാൻ മദ്യപാനിയല്ല; ചൂതുകളിക്കാരനല്ല; വ്യഭിചാരിയുമല്ല. എങ്കിലും ലോകമെന്നെ വെറുത്തു. ഞാൻ എല്ലാവരാലും അവഗണിക്കപ്പെടുകയും അവഹേളിക്കപ്പെടുകയുംചെയ്തു. എൻെറ ജീവിതത്തിനു് എന്തെങ്കിലും വിലയുണ്ടോ? ഓർമ്മവച്ചു നാൾമുതൽ വേദനതിന്നും കണ്ണുനീർ കുടിച്ചുമാണു് ഞാൻ വളൎന്നതു്, ജീവിച്ചതു്. ആർക്കും വേണ്ടാത്ത നിസ്സാരമായ ഈ പാവപ്പെട്ട ജീവിതത്തിൻെറ ഹൃദയസ്പന്ദനം നിലച്ചുപോയാൽ, ഈ ലോകത്തിൽ ആർക്കു് എന്തു നഷ്ടമാണുള്ളതു്?" അയാൾ ചിന്താമൂകനായി അങ്ങകലെ അലമറിയുന്ന കടൽപ്പരപ്പിലേക്കു നോക്കിക്കൊണ്ടിരുന്നു.

മുറിയുടെ പ്രധാന സ്ഥാനത്തു് അലങ്കരിച്ചുവച്ചിട്ടുള്ള ക്രിസ്തുവിൻെറ ക്രൂശിതരൂപത്തിനു മുൻപിൽ രണ്ടു മെഴുകുതിരികൾ കത്തിയെരിഞ്ഞുകൊണ്ടിരുന്നു.

"പിന്നെ" ജോസ് ചോദിച്ചു.

ആൻറണി തുടർന്നു: "ഞാൻ ഈ ലോകത്തെ വെറുക്കുന്നു. ഈ ലോകത്തിലുള്ള സകലതിനെയും വെറുക്കുന്നു. ഒരൊററ നിമിഷംകൊണ്ടു് ഈ ലോകത്തിലുള്ള സകലതിനെയും ചുട്ടുകരിക്കാൻ എനിക്കു സാധിക്കുമായിരുന്നെങ്കിൽ ഞാൻ അങ്ങനെതന്നെ ചെയ്യുമായിരുന്നു. പക്ഷെ..." അയാൾ അർദ്ധോക്തിയിൽ വിരമിച്ചു.

"എന്താണു പക്ഷെ?" ജോസ് വീണ്ടും ചോദിച്ചു.

"കുഞ്ഞേ, വെറുപ്പിൻെറയും വിദ്വേഷത്തിൻെറയും പൊരിവെയിലത്തു ദാഹിച്ചുവലഞ്ഞു നടന്നിരുന്ന എനിക്കു സ്നേഹത്തിൻെറ തെളിനീരു നൽകിയതു കുഞ്ഞുമാത്രമാണു്. എൻെറ ജീവിതത്തിൽ ആദ്യമായി ഹൃദയമുള്ള ഒരു മനുഷ്യനെ ഞാൻ കണ്ടെത്തിയതു ഇന്നാണു്. കുഞ്ഞു എന്നെ കണ്ടില്ലായിരുന്നുവെങ്കിൽ, നിർഭാഗ്യനായ എൻെറ ജീവിതം ആ കടലിൻെറ അടിയിലേക്കു താഴുമായിരുന്നു."

കരയുന്ന സത്യങ്ങൾ നിറന്നുനില്ക്കുന്ന ദയനീയമായ ആ ജീവിതകഥയിലൂടെ വേദനയനുഭവിക്കുന്ന മൂകകോടികളുടെ ഹൃദയത്തുടിപ്പുകൾ കേൾക്കാമായിരുന്നു.

"ആൻറണീ, ജോസ് പറഞ്ഞു, "നിങ്ങൾ ആത്മഹത്യ ചെയ്യാൻ തീരുമാനിച്ചതു് ഗൗരവതരമായ പാപം തന്നെയാണു്. ജീവൻെറ ഉടമസ്ഥനായ ദൈവത്തിനു മാത്രമേ ജീവൻ തിരിച്ചെടുക്കാൻ അവകാശമുള്ളു." ക്രിസ്തുവിൻെറ ക്രൂശിതരൂപം ചൂണ്ടിക്കാണിച്ചുകൊണ്ടു് ജോസ് തുടർന്നു: "മനുഷ്യൻ ഈ പ്രപഞ്ചത്തേക്കാൾ വിലപ്പെട്ടവനാണെന്നു ലോകത്തോടു ആദ്യമായി പ്രഖ്യാപനം ചെയ്തതു ക്രൂശിതനായ ക്രിസ്തുനാഥനാണു്. എത്ര ശോചനീയമായ അവസ്ഥയിലും മനുഷ്യൻ വിലപ്പെട്ടവനാണു്. ക്രിസ്തുനാഥൻെറ അമൂല്യമായ തിരുരക്തം വഴിയായി വീണ്ടെടുക്കപ്പെട്ട മനുഷ്യൻ അവൻെറ വിലയെ മനസ്സിലാക്കുന്നില്ല. ആൻറണീ, പ്രിയപ്പെട്ട സോദരാ, ലോകം നിസ്സാരരെന്നു വിധിച്ചു പുറംതള്ളിയിട്ടിരിക്കുന്ന മൂകലക്ഷങ്ങൾക്കു വേണ്ടി, ക്രിസ്തുവിൻെറ കൊടിക്കീഴിൽ ഒരു ധർമ്മയുദ്ധത്തിനു നാം സന്നദ്ധരാകണം. ത്യാഗത്തിൻെറയും സേവനത്തിൻെറയും പാവനസന്ദേശം പകർന്നുകൊണ്ടു് നമുക്കു് ഒരുമിച്ചു മുൻപോട്ടു നീങ്ങാം."

ആൻറണിയുടെ ഹൃദയത്തെ ബന്ധിച്ചിരുന്ന നിരാശയുടെ തുരുമ്പിച്ച ചങ്ങലക്കണ്ണികൾ പൊട്ടിത്തകർന്നു. ആശയുടെ ദീപനാളം ഉയർന്നു. ഹൃദയത്തിൻെറ കുഴൽക്കണ്ണാടിയിലൂടെ അയാൾ കണ്ടു കുരിശിൻചുവട്ടിൽ ഉദിച്ചുതെളിഞ്ഞ "വെളിച്ചത്തിൻെറ ലോകം."

അയാൾ ആവേശഭരിതനായി വിളിച്ചുപറഞ്ഞു: "മനുഷ്യൻ വിലപ്പെട്ടവനാണു്" ആ മുറിയുടെ ചുമരുകളിൽത്തട്ടി അതു പ്രതിധ്വനിച്ചു.

പർവ്വതങ്ങളും മലകളും, കുന്നുകളും താഴ്വരകളും വൃക്ഷങ്ങളും ചെടികളും, കടലുകളും കായലുകളും, നക്ഷത്രങ്ങളും മൺതരികളും, ഇരുളും വെളിച്ചവും എല്ലാം ഏകസ്വരത്തിൽ ഏററു പറഞ്ഞു: "മനുഷ്യൻ വിലപ്പെട്ടവനാണു്."

# അമലയായ നമ്മുടെ അമ്മ

**ജോസ് ആറവപ്പുറം, തോട്ടകം**

"അമ്മ!" ആ നാമം ശ്രവിക്കുന്ന മാത്രയിൽ ഏതു മനുഷ്യനും ആനന്ദരോമാഞ്ചമുണ്ടാകും. പടുവൃദ്ധനും നവയൗവ്വനത്തിൻെറ ഉന്മേഷം പ്രദാനം ചെയ്യുന്ന ഒന്നാണു മാതൃസ്മരണ. സ്നേഹത്തിൻെറ തിരത്തള്ളലിൽ അവൻെറ നേത്രങ്ങളിൽനിന്നു് വെൺമുത്തുകൾപോലെ അശ്രുകണങ്ങൾ അടൎന്നുവീഴും! ആയിരമായിരം മോഹനസംഭവങ്ങൾ അവൻെറ ഹൃദയവിഹായസ്സിൽ ഉദിച്ചുയരും. അതിൻെറ മധുരസ്മരണയിൽ അയാളുടെ ഹൃദയം പുളകപൂരിതമായിത്തീരും. മരണത്തിൻെറ മടിത്തട്ടിലേക്കു മറിയുവാൻ തയ്യാറായിരിക്കുന്നവനും വേദനയുടെ വേലിയേററത്തിൽ തളൎന്നു താന്തനായിത്തീൎന്നവനും നിസ്സഹായതയുടെ നിർതരംഗങ്ങൾക്കിടയിൽപ്പെട്ടു നട്ടംതിരിയുന്നവനും അമ്മയുടെ ആശ്വാസജനകമായ ഉപദേശത്തിൽ സംതൃപ്തിയടയും. "അമ്മ" എന്ന മധുരശബ്ദം കേൾക്കുമ്പോൾ ഓരോരുത്തരുടെയും മനോമുകുരങ്ങളിൽ അവനവൻെറ മാതാക്കളുടെ പ്രതിബിംബങ്ങൾ അണിനിരക്കും. മാതാവിൻെറ മടിത്തട്ടിൽക്കിടന്നു് അമ്മിഞ്ഞ നുകരുന്ന ഒരു പിഞ്ചുകുഞ്ഞിൻെറ അവസ്ഥയിലേക്കു് ആ നാമം ആരെയും കൊണ്ടുപോകും. നിഷ്കളങ്കസ്നേഹം വഴിഞ്ഞൊഴുകുന്ന അമ്മയുടെ പുഞ്ചിരികളും സ്നേഹത്തിൻെറ ബാഹ്യപ്രകടനങ്ങളായി അമ്മ നൽകിയിട്ടുള്ള ചുംബനങ്ങളും ആ സമയം മനസ്സിൽ നിഴലിക്കും. അമ്മയെ കൂടുതൽ കൂടുതലായി സ്നേഹിക്കുവാൻ അവയെല്ലാം നമ്മെ ഉപദേശിക്കും.

പൊതുവെ മനുഷ്യരെയാകമാനം സംബന്ധിച്ച കാര്യങ്ങളാണിവ. എന്നാൽ ഒരു ക്രിസ്ത്യാനിയെ സംബന്ധിച്ചിടത്തോളം അവനു രണ്ടു മാതാക്കൾ ഉണ്ടു്. ഒന്നു്, അവനു രക്തത്തിനു രക്തവും മാംസത്തിനു മാംസവും നൽകി രൂപം കൊടുത്ത മാതാവു്; മറേറതു് അവൻെറ ആദ്ധ്യാത്മികവും, ശാരീരികവുമായ കാര്യങ്ങളിൽ ഉണർവ്വും ഉത്തേജനവും നൽകി പാപപന്ഥാക്കളിൽനിന്നും വ്യതിചലിപ്പിച്ചു് സർവ്വസൽഗുണസമ്പൂർണ്ണനായിരിക്കുന്ന ദൈവത്തെ ദർശിക്കുന്നതിനു് പ്രോത്സാഹിപ്പിച്ചുകൊണ്ടിരിക്കുന്ന മാതാവു്. രണ്ടാമതു പറഞ്ഞ മാതാവു് പരിശുദ്ധകന്യകാമറിയമാണു്. അവൾ മാനവകുലത്തിൻെറ ആകമാനം മാതാവാണു്; പോരാ, ദൈവത്തിൻെറയും മാതാവാണു്. ആ വന്ദ്യജനനി മഹത്വത്തിൻെറ മലർവേദിയിൽ മഹിമയുടെ സിംഹാസനത്തിൽ ത്യാഗധീരനായ തൻെറ പുത്രൻെറ സന്നിധിയിലുള്ള കനകസിംഹാസനത്തിൽ ത്രിലോകരാജ്ഞിമുടിചൂടി പരിലസിക്കുകയാണു്.

കഷ്ടതകളുടെ മുൾപ്പടർപ്പായ ലോകത്തിൽക്കിടന്നു പിടയുന്ന ആലംബഹീനർക്കും വേദനയുടെ വീർപ്പുമുട്ടലുകൾകൊണ്ടു ദീർഘനിശ്വാസം ചെയ്യുന്ന ആശ്വാസരഹിതർക്കും ആലംബവും ആശ്വാസവും നൽകുന്ന മാതാവാണു് മറിയം. കാൽവരിയിലെ കഴുവുമരത്തിൽ മൂന്നാണികളിൽ തൂങ്ങിക്കിടന്നു് മനുഷ്യാത്മാക്കളുടെ മുഴുവൻ പാപത്തിനു പരിഹാരമായി തൻെറ പരിപാവനമായ രക്തത്തിൻെറ അവസാനത്തുള്ളിയും ബലികഴിച്ചു് ജീവനെ ആഹുതിചെയ്ത ദൈവതനയൻ മറിയത്തെ മാനവകുലത്തിൻെറ ആകമാനം മാതാവായി നിയമിച്ചു. അതോടുകൂടിത്തന്നെ ദൈവം ആ കന്യകയിൽ സകല മനോഗുണങ്ങളും നിക്ഷേപിച്ചു. അങ്ങനെ മാനവാത്മാക്കളുടെ മാതാവു് സകല മനോഗുണങ്ങളുടെയും മാതാവായിത്തീൎന്നു.

ദൈവതിരുമുമ്പിൽ ഏററവും വലിയ സ്വാധീനശക്തിയുള്ള ഒരു മാതാവുള്ളപ്പോൾ നാം എന്തിനു് വിഷമിക്കണം? ആവശ്യപ്പെടുന്നവർക്കെല്ലാം ഇഷ്ടാനുസരണം ദാനം ചെയ്യാൻ സദാ സന്നദ്ധയായിരിക്കുന്ന അമ്മയുടെ അടുക്കൽ അപേക്ഷിച്ചാൽ മാത്രം മതി. ആ വന്ദ്യജനനിയുടെ പാദാന്തികത്തിൽ ചെന്നണയുന്ന ഒരാളെയും മറിയം സംതൃപ്തനാക്കാതെ പറഞ്ഞയക്കുകയില്ല. നിങ്ങൾക്കു നിത്യസൗഭാഗ്യം അനുഭവിക്കണമോ? നിങ്ങൾക്കു ദൈവത്തെ കാണണമോ? എങ്കിൽ അമ്മയുടെ പക്കൽ ചെന്നഭയം തേട. മറിയംവഴി മാത്രമേ ഈശോയിലേക്കു പോകാവൂ. മറിയം നാകത്തിൻെറ കവാടമാണു്; മോക്ഷത്തിൻെറ രാജ്ഞിയാണു്; ആകുലരുടെ ആശ്വാസമാണു്; പാപികളുടെ സങ്കേതമാണു്. മറിയത്തിൻെറ പ്രീതിനേടുന്നവർ മാത്രമേ മിശിഹായുടെ കരുണയ്ക്കു പാത്രമാകൂ. ഒരു ഫലത്തിനാവശ്യമുള്ളവർ അതു പുറപ്പെടുവിക്കുന്ന തരുവിനെ ഏതുപ്രകാരം അന്വേഷിക്കുമോ, അതുപോലെ ദൈവത്തെ കാണണമെന്നുള്ളവർ ദൈവമാതൃമാദ്ധ്യസ്ഥവും തേടണം.

ഇന്നത്തെ സകല കുഴപ്പങ്ങളുടെയും പരിഹാരമാർഗ്ഗമാണു് ദൈവമാതൃമാദ്ധ്യസ്ഥം. പതിമൂന്നാം ലെയോ മാർപ്പാപ്പ പറഞ്ഞു, "കമ്മ്യൂണിസം ഒരു നശീകരണപ്ലേഗാണു്; അതു സമുദായഗാത്രത്തിൻെറ മജ്ജയിലേക്കു നുഴഞ്ഞുകയറുന്നു. സമുദായത്തെ നാശഗർത്തത്തിൽനിപതിപ്പിക്കുകയാണു് അതിൻെറ ലക്ഷ്യ"മെന്നു്. മാതാവു് ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ടു പറയുകയുണ്ടായി, "കമ്മ്യൂണിസത്തിൻെറ ചവിട്ടടിയിൽക്കിടന്നു ഞെളിപിരികൊള്ളുന്ന റഷ്യയെയും അതുപോലെയുള്ള മററു രാജ്യങ്ങളെയും എൻെറ വിമലഹൃദയത്തിനു സമർപ്പിക്കൂ. ഞാനവയെ മാനസാന്തരപ്പെടുത്താ"മെന്നു.

ഇന്നത്തെ ലോകം അജ്ഞാനാന്ധകാരത്തിൽപ്പെട്ടു നട്ടംതിരിയുകയാണു്. ദൈവവിശ്വാസത്തെ ഭൂമുഖത്തുനിന്നും തുത്തുമാററുവാൻ ഒരു കൂട്ടർ പരിശ്രമിക്കുകയാണു്; വിപ്ലവങ്ങൾ അഴിച്ചുവിട്ടു് ലോകത്തെ പിശാചിനടിയറവയ്ക്കുവാൻ ശ്രമിക്കുകയാണു്. നാശഗർത്തത്തിലേക്കു വിപ്ലവവീഥിയിലൂടെ പരക്കംപായുന്ന ലോകത്തിനു് "സമാധാന"മാണിന്നാവശ്യം. അതിനു യാതൊരു വിഷമവുമില്ല. നമ്മുടെ അമ്മ സമാധാനത്തിൻെറ രാജ്ഞികൂടിയാണു്. അമ്മയുടെ അടുക്കൽ അഭയം തേടിയാൽ മാത്രം മതി. അതിനെന്താണു മാർഗ്ഗം? അമ്മതന്നെ നമുക്കു നൽകിയിട്ടുള്ള ദിവ്യോപകരണമായ ജപമാല എടുക്കൂ. അതു് അന്ധകാരശക്തികളോടു പടപൊരുതുവാനുള്ള ഒരു പടയായുധമല്ലേ? ദൈവത്തിൽ നിന്നകലുന്ന ജനതതിയെ ദൈവത്തിങ്കലേക്കടുപ്പിച്ചു് ദൈവത്തെയും ലോകത്തേയും തമ്മിൽ കൂട്ടിഘടിപ്പിക്കുവാൻ പര്യാപ്തമായ ഒരു ചങ്ങലയല്ലേ ജപമാല?

മനുഷ്യവർഗ്ഗം ഒരു സ്ത്രീ മുഖാന്തിരം നാശഗർത്തത്തിൽ നിപതിച്ചെങ്കിൽ മറെറാരു സ്ത്രീ മൂലം അതിനെ സമുദ്ധരിക്കുവാൻ ദൈവം തിരുമനസ്സായി. ഒരിക്കൽ സാത്താൻ നാരിയെ തൻെറ പാദത്തിൻകീഴിലാക്കി അവൻെറ ഇംഗിതത്തിനു വശംവദയാക്കിയെങ്കിൽ മറെറാരു സ്ത്രീ അവൻെറ തലയെ ചവുട്ടിമെതിക്കുവാൻ ധൈര്യപ്പെട്ടു. അവൾ ആരാണു്? പാലൊളിച്ചന്ദ്രികയെ തൻെറ പദാംബുജത്തിൻ കീഴിലാക്കി, പുഞ്ചിരി തൂകുന്ന മുഖകമലത്തോടുകൂടി താരകാമുടി മൗലിയിലണിഞ്ഞു പുഷ്പത്തെ വെല്ലുന്ന ശോഭയും കുങ്കുമത്തെ വെല്ലുന്ന വർണ്ണവുമുള്ള കൈകളിൽ സ്നേഹത്തിൻെറയും ത്യാഗത്തിൻെറയും പടയായുധമായ ജപമാലയുമേന്തി, അന്ധകാരാവൃതമായ ലോകത്തിൽക്കിടന്നു തപ്പിത്തടയുന്ന ജനതതിയെ തൻെറ വിമലഹൃദയത്തിൽ അഭയം തേടുവാൻ ആഹ്വാനം ചെയ്തുകൊണ്ടു് സൂര്യനെ വെല്ലുന്ന തേജസ്സോടെ നിൽക്കുന്ന മോക്ഷരാജ്ഞിയായ പരിശുദ്ധ കന്യകാമറിയമാണവൾ. അതേ! നമ്മുടെ അമ്മയാണവൾ.

അമലയായ അമ്മേ! ഞങ്ങളെ അനുഗ്രഹിക്കണമെ!

—o—


## ആവശ്യമുണ്ട്

ഷോർട്ട വേക്കൻസിയിൽ M. H. T. T. C or E. S. L. C. T. T. C. പാസ്സായ ഒരു ടീച്ചറെ ആവശ്യമുണ്ടു്.

മാനേജർ, വെള്ളികുളം M. P. സ്കൂൾ, തീക്കോയി P. O.



## ശുദ്ധീകരാത്മാക്കളുടെ സ്മരണ

ശുദ്ധീകരണസ്ഥലത്തിൻെറ അസ്തിക്യത്തേയും, ശുദ്ധീകരാത്മാക്കളുടെ സ്ഥിതിവിശേഷങ്ങളേയും, നമുക്കു അവരോടുള്ള കർത്തവ്യങ്ങളേയും വിശദമായും ചുരുക്കമായും പ്രതിപാദിക്കുന്ന ഒരു പുതിയ പുസ്തകം

വില ഒററപ്രതിക്കു 2 ണ മാത്രം

പോസ്റ്റേജുൾപ്പടെ മൂന്നണ സ്റ്റാമ്പയച്ചപേക്ഷിക്കുക. പുസ്തകം തപാലിൽ അയച്ചു തരുന്നതാണു്

100നു മേൽ മൊത്തമായി വാങ്ങുന്നവർക്കു 25% കമ്മീഷൻ

ആവശ്യപ്പെടേണ്ടും മേൽവിലാസം:-

മാനേജർ,

"മാർലൂയീസ് മെമ്മോറിയൽ പ്രസ്സ്" എറണാകുളം-1


## 30-ാമത്തു ചരമദിനം



മാതേയ്ക്കൽ പത്രോസ് ഭാര്യ മറിയം

ആരക്കുഴ

1955 നവമ്പർ 8-ാം തീയതി 86-ാമത്തെ വയസ്സിൽ കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചു

"ദയാപരനായ ഈശോ, ഈ ആത്മാവിനു നിത്യാശ്വാസം കൊടുത്തരുളേണമെ" R. I. P.

## വിനോദശാഖ

ഗൃഹനായിക — (മൃഗഡോക്ടറോടു്) സർ, ഈ നായയുടെ വാലൊന്നു മുറിച്ചുതരുമോ?

ഡോക്ടർ- അതു നല്ല പട്ടിയാണല്ലോ. അതിൻെറ ഭംഗിയുള്ള വാലെന്തിനു മുറിച്ചുകളയണം?

ഗൃ.നാ.- അതോ? അതിനൊരു കാര്യമുണ്ടു്. ഡോക്ടർ ആരോടും പറയരുതു്. എൻെറ അമ്മായിഅമ്മ അടുത്ത ആഴ്ചയിൽ വരുമെന്നറിയിച്ചിട്ടുണ്ടു്. ആ മൂശ്ശേട്ടയെ സ്വാഗതം ചെയ്യുന്നതൊന്നും ഇവിടെ ഉണ്ടായിരിക്കരുതു്.

x x x

ശിഷ്യൻ—സാർ, എൻെറ ഉപന്യാസത്തിൻെറ അവസാനം ശരിയായിട്ടില്ലാ എന്നു സാറു നോട്ടിട്ടിട്ടുണ്ടല്ലോ എന്താണു് അവസാനഭാഗത്തിൽ കുഴപ്പം?

അദ്ധ്യാപകൻ— അവസാന ഭാഗത്തിനല്ല കുഴപ്പം. അതു് ആരംഭത്തിൻെറ അവസാനമായില്ല എന്നതാണു തെററു്.

* * *



* * *

ഭർത്താവു്:- നിൻെറ ഇളയ ആങ്ങളയില്ലേ? അവൻെറ ഒരു ഭാവം! ഇന്നു വളരെനേരം ഞങ്ങൾ ഒരുമിച്ചു യാത്രചെയ്തു. ഒന്നു മിണ്ടേണ്ടേ? അവൻ നമ്മളെപ്പോലെ ഒന്നുമല്ല!

ഭാര്യ:- ഹേയ്, അവനെന്താ ഇത്ര ഭാവം? വകതിരിവില്ലാത്തവൻ, ബുദ്ധിയില്ലാത്തവൻ, ശപ്പൻ! അവനത്ര വലിയ കേമപ്പൊന്നുമില്ല. നിങ്ങളെപ്പോലെതന്നെയാണു്.

# വിവിധവൃത്താന്തങ്ങൾ

## റഷ്യയുടെ "റേഡിയോ ജാമിംഗ്" ചോദ്യം ചെയ്യപ്പെടുന്നു

വിവിധരാജ്യങ്ങൾതമ്മിൽ വാർത്താവിനിമയം ചെയ്തുകൊണ്ടിരിക്കുന്ന റേഡിയോപ്രക്ഷേപണങ്ങൾ സോവ്യററുമേധാവികൾ തുടർച്ചയായി "ജാം" ചെയ്തുപോരികയാണെന്നുള്ള വസ്തുത ബ്രിട്ടീഷ് വിദേശകാര്യമന്ത്രി ജനീവായിൽവച്ചു വിശദമാക്കിയിരിക്കുന്നതായി കഴിഞ്ഞ വാരത്തിൽ വത്തിക്കാൻ റേഡിയോ പലപ്രാവശ്യം പ്രസ്താവിക്കുകയുണ്ടായി. റഷ്യയുടെ ഈ ജാമിംഗിനു വത്തിക്കാനിൽനിന്നുള്ള പ്രക്ഷേപണങ്ങളും വളരെ കൊല്ലങ്ങളായി വിധേയപ്പെട്ടുപോരികയാണ്. ഈ നടപടിയേപ്പററി പല പ്രാവശ്യം സോവ്യററു ഗവമ്മെണ്ടിനോടു പരാതിപ്പെട്ടിട്ടുണ്ട്. . പക്ഷെ അപ്പോഴെല്ലാം നൽകപ്പെട്ടിട്ടുള്ള സമാധാനം "വിദ്വേഷപരമായ പ്രചാരണത്തെ" തടയുന്നതിനുവേണ്ടി എന്നായിരുന്നു. വത്തിക്കാൻ റേഡിയോ അനൗൺസർ ചോദിച്ചു:- "എന്നാൽ വിദ്വേഷപരമായ ഈ പ്രചാരണപ്രക്ഷേപണങ്ങളുടെകൂട്ടത്തിൽ വത്തിക്കാൻ റേഡിയോയിൽനിന്നുള്ള തികച്ചും മതപരമായ പ്രക്ഷേപണങ്ങളെപ്പോലും ഉൾപ്പെടുത്തുന്നതിനു് എന്തു സമാധാനമായിരിക്കും പറയുന്നതു്? സോവിയററുയൂണിയനിൽ സവ്വശക്തനായ ദൈവത്തെപ്പോലും ഒരു പൊതുജനശത്രുവായിട്ടായിരിക്കും കരുതപ്പെട്ടിരിക്കുന്നതെന്നാണോ മററുള്ളവർ മനസ്സിലാക്കേണ്ടതു്?"

## "നല്ലലോക"പ്രസ്ഥാന മന്ദിരത്തിൻെറ ശിലാസ്ഥാപനം

"നല്ല ലോകം" സൃഷ്ടിക്കുന്നതിനുവേണ്ടി ശരിയായ സേവനശിക്ഷണം നൽകുന്നതിനു പ്രസിദ്ധ ജെസ്യൂട്ട് പ്രസംഗകനായ ഫാദർ റിക്കാർഡോ അവർകൾ സമാരംഭിച്ച ഒരു പ്രസ്ഥാനമാണിതു്. ഇററലിയിൽ ഈ സ്ഥാപനത്തിനു ഒരു കേന്ദ്രഭവനം നിർമ്മിക്കുവാൻ അവിടത്തെ കത്തോലിക്കാപ്രവത്തനസംഘടന മുൻകൈയെടുത്തു പരിശ്രമിക്കുകയാണ്. റോമിനു പുറത്തായി ആൽബൻ കുന്നുകളിൽ ഈ മന്ദിരം പണിയുന്നതിനുള്ള പ്ലാനുകളെല്ലാംശരിപ്പെടുത്തി മന്ദിരത്തിൻെറ ഒരു മാതൃകയുണ്ടാക്കി കത്തോലിക്കാപ്രവർത്തനസംഘടനയിലെ അംഗങ്ങളും പ്രസ്ഥാനനേതാവായ ഫാദർ റിക്കാർഡോയും ഇററലിയിലെ യുവജനങ്ങളുടെ ഒട്ടേറെ പ്രതിനിധികളും ഒരുമിച്ചു പരിശുദ്ധ പിതാവിനെ സന്ദർശിച്ചു അവിടുത്തേക്കു ഈ മന്ദിരമാതൃക സമപ്പിച്ചിരിക്കുന്നു. ഈ അവസരത്തിൽ കേന്ദ്രമന്ദിരത്തിൻെറ അടിസ്ഥാനകല്ലു പരിശുദ്ധ പിതാവു ആശീർവ്വദിച്ചു. ഈ കല്ലു വിശുദ്ധ പത്രോസിൻെറ കുഴിമാടഗവേഷണത്തിൽ ആ തിരുസ്ഥലത്തിനടുത്തുനിന്നും എടുത്തിട്ടുള്ളതാണെന്നു പ്രത്യേകം സ്മരണീയമാണ്. പുതിയ മന്ദിരത്തിനു 250 മുറികളും വിശാലമായ ഒരു കപ്പേള, ഗ്രന്ഥശാല, ലക്ച്ചർഹാളുകൾ മുതലായ എല്ലാ സൗകര്യങ്ങളും ഉണ്ടായിരിക്കും.

## ശാസ്ത്രജ്ഞൻെറ ദൈവവിശ്വാസം

ഇംഗ്ലണ്ടിൽ അണുകശക്തി സംബന്ധിച്ച ശാസ്ത്രപടുക്കളിൽ പ്രധാനിയും ഓക്സ്ഫോർഡ് സർവ്വകലാശാലയിലെ "അപ്ലൈഡ് മാത്തമാററിക്സി"ൻെറ പ്രൊഫസറുമായ മി. ചാൾസ് ആൽഫ്റഡ് കൂൾസൻ, ആധുനികഗവേഷണങ്ങൾ ദൈവത്തിലുള്ള വിശ്വാസത്തെ കൂടുതൽ ഉറപ്പിക്കുകയാണ് ചെയ്യുന്നതെന്നു് സ്ഥാപിച്ച "ശാസ്ത്രവും ക്രിസ്തീയവിശ്വാസവും" എന്ന ഗ്രന്ഥത്തിൽ പ്രസ്താവിച്ചിരിക്കുന്നു. 1917ൽ കത്തോലിക്കാസഭയിൽ പ്രവേശിച്ചു മരണമടഞ്ഞ വിഖ്യാതശാസ്ത്രജ്ഞനായ പിയരെ ലെക്കോം ഡു നോഹയുടെ നാമത്തിൽ സ്ഥാപിച്ചിട്ടുള്ള പ്രത്യേക പാരിതോഷികം ഈ ഗ്രന്ഥത്തിനാണ് നൽകപ്പെട്ടിട്ടുള്ളതു് എന്നും പ്രസ്താവ്യമാണ്.


### ആദ്ധ്യാത്മിക ജീവിതം

ഒന്നാം ഭാഗം

റവ. ഫാദർ മാത്യു മങ്കുഴിക്കരി പ്രസിദ്ധം ചെയ്യുന്നതു്

ഡേമിക്കടലാസ്—340 പേജ്

വില ക. 1—14—0

Novitiate Convent
Ernakulam 1


## ഇടവകവാത്തകൾ

**പൂവത്തോട്:** സ്ഥലത്തെ തൊഴിലാളികളുടെ ആദ്ധ്യാത്മികവും സാമൂഹികവുമായ ഉന്നമനത്തെ ലാക്കാക്കി സ്ഥലം വെറുപൂഷ്പമിഷൻലീഗിൻെറ നേതൃത്വത്തിൽ ഒരു "വെൽഫെയർ"കമ്മിററി രൂപീകരിച്ചു് ഊർജ്ജിതമായി പ്രവത്തനം നടത്തിവരുന്നു.

**എന്തണ്ടിയൂർ:** സ്ഥലം സെൻറ് തോമസ് ആൻറ് സെൻറ് മേരീസ് എലിമെണ്ടറി സ്കൂളുകളുടെ സംയുക്തവാർഷികസമ്മേളനം തൃശ്ശിവപേരൂർ ബിഷപ്പ് ഡോക്ടർ ജി സി ആലപ്പാട്ട് പി എച്ച് ഡി, ഡി ഡി തിരുമനസ്സിലെ മഹനീയാദ്ധ്യക്ഷതയിൽ നവമ്പർ 29-ാംനു സെൻറ് മേരീസ് സ്കൂൾഅങ്കണത്തിൽവച്ചു് സാമാഘോഷം കൊണ്ടാടിയിരിക്കുന്നു. മാനേജർ റവ ഫാദർ പോൾ ചിററിലപ്പിള്ളി സ്വാഗതപ്രസംഗം ചെയ്തു. ശ്രീ കെ എ ഉണ്ണി ബി എ എൽ ടി പ്രസംഗിച്ചു. വിദ്യാർത്ഥികളുടെ വിവിധ വിനോദപ്രകടനങ്ങൾ, ഹെഡ്മാസ്റ്റർ മി എ ടി ദേവസ്സിയുടെ കൃതജ്ഞതാപ്രകടനം, ദേശീയഗാനം എന്നിവയോടുകൂടി സമ്മേളനം സമംഗളം സമാപിക്കപ്പെട്ടു. സമ്മേളനത്തിനുമുമ്പ് ബിഷപ്പ് തിരുമനസ്സുകൊണ്ടു് സ്ഥലം എം ഐ ബോയ്സ് ടൗൺ ആൻറ് ഫ്റീ ഡിസ്പെൻസറിയുടെ ഉൽഘാടനം നടത്തുകയുമുണ്ടായി.

**ഉപ്പുതറ:** സ്ഥലം സെൻറ് ഫിലോമിനാ ദേവാലയത്തിൽ സ്ഥാപിതമായിരിക്കുന്ന സത്യാരാധനാസഖ്യത്തിൻേറയും മൂന്നാം സഭയുടേയും സംയുക്തവാർഷികം നവമ്പർ 27-ാംനു സാഘോഷം കൊണ്ടാടിയിരിക്കുന്നു. പകൽ രണ്ടുമണിക്കു സെൻറ് ഫിലോമിനാസ് ഇംഗ്ലീഷ് മിഡിൽസ്കൂൾ ഹാളിൽ റവ ഫാദർ തോമസ് സി പാറൽ അവർകളുടെ അദ്ധ്യക്ഷതയിൽ പൊതുസമ്മേളനം നടന്നു. ശ്രീ മാത്തച്ചൻ എം കുരുവിനാക്കുന്നേൽ, റവ ഫാദർ ജയിംസ് വെട്ടിക്കാട്ട് എന്നിവർ പ്രസംഗിച്ചു. വാർഷികത്തോടനു


### For favours receive.



Excuse for dalay

L. N.


ബന്ധിച്ചു് എം പി സ്കൂൾഹാളിൽവച്ചു് സത്യാരാധനാനടനകലാസമിതിക്കാരാൽ ചാരിത്രവിജയം (മരിയഗൊരത്തി) എന്ന ഗദ്യനാടകം അഭിനയിക്കപ്പെട്ടു.

**ഇരിഞ്ഞാലക്കുട:** സ്ഥലം സെൻറ് മേരീസ് പള്ളിയിലെ തിരുഹൃദയപ്രതിഷ്ഠാപനത്തിരുനാൾ പതിവുപോലെ കൊണ്ടാടുകയുണ്ടായി. റവ ഫാദർ ലേത്തുസ് സി ഡി അവർകളുടെ തിരുഹൃദയഭക്തിയെപ്പററിയുള്ള പ്രസംഗത്തിനുശേഷം പരി: കർബാനയുടെ വാഴ്‌വു് നടന്നു.

**ഉമ്പനാട്:** പുലയർ, പറയർ ആദിയായ പട്ടികവർഗ്ഗക്കാരിൽനിന്നും ക്രിസ്തുമതത്തിലേക്കു പരിവത്തനംചെയ്ത സ്ഥലത്തെ അവശക്രൈസ്തവരുടെ ഒരു മഹായോഗം നവമ്പർ 20-ാംനു പകൽ മൂന്നുമണിക്കു് സ്ഥലം മിഡിൽ സ്കൂൾ ഹാളിൽവച്ചു് ശ്രീ എം എ ജോർജ് അവർകളുടെ അദ്ധ്യക്ഷതയിൽ കൂടി. പട്ടികജാതിക്കാരിൽനിന്നും കിട്ടിക്കൊണ്ടിരിക്കുന്ന അവകാശാനുകൂല്യങ്ങൾ അവശക്രൈസ്തവർക്കും ലഭിക്കേണ്ടതിൻെറ ആവശ്യകതയെ പുരസ്കരിച്ചു് ശ്രീ വറുഗീസ് പാററച്ചാലിൽ പ്രസംഗിച്ചു. ഇടന്നു മി ഉലഹന്നൻ പള്ളിത്താഴത്തു് പ്രമേയം അവതരിപ്പിക്കയും സദസ്യർ ഐകകണ്ഠ്യേന അതു സ്വീകരിക്കയുംചെയ്തു. പ്രമേയം അധികാരസ്ഥാനങ്ങളിൽ അറിയിക്കുന്നതിനു് അദ്ധ്യക്ഷനവർകളെ ചുമതലപ്പെടുത്തി. യോഗം അഞ്ചുമണിക്കു് സമംഗളം പിരിഞ്ഞു.


**International Radio Telegraph Training Institute**

70 Ft. Road, North, Ernakulam

The first one of its kind in the history of T. C. State introduce 1½ years exhaustive training from first week Jan. 1956—Devoted greatly to your advantage. Full particulars furnished on request. PRINCIPAL


## മെത്രാഭിഷേകം റോമിൽവച്ചു്

തലശ്ശേരിരൂപതയുടെ നിയുക്തമെത്രാൻ റൈററ് റവ. മോൺ. സെബാസ്റ്റ്യൻ വള്ളോപ്പിള്ളി തിരുമേനിയുടെ അഭിഷേകം റോമിൽവച്ചു് നടത്തുന്നതിനു നിശ്ചയിച്ചിട്ടുള്ളതായി അറിയുന്നു. അതിനായി നിയുക്തമെത്രാൻ തിരുമേനി റവ. ഫാദർ ജേക്കബ് പാറികാട്ടും ഒരുമിച്ചു് റോമിലേക്കു് അടുത്തുതന്നെ യാത്രതിരിക്കുന്നതാണ്.

## ജൂബിലിയാഘോഷം

മംഗലപ്പുഴ സെമ്മിനാരിയിൽ പുനരൈക്യജൂബിലിയും സ്നേഹസമരപ്രസ്ഥാനത്തിൻെറ (Crusade of Love) രണ്ടാംവാർഷികദിനവുംകഴിഞ്ഞനവംബർ 25-ാംനു തീയതി സാഘോഷം കൊണ്ടാടിയിരിക്കുന്നു. രാവിലെ തിരുവല്ലാ മെത്രാൻ റൈററ് റവ. ഡോക്ടർ അത്തനാസിയോസ് തിരുമനസ്സുകൊണ്ടു് ആഘോഷമായ വി. കർബാന അപ്പിച്ചു.

പത്തുമണിയോടെ പൊതുയോഗം ചേർന്നു. കർമ്മലഗിരിയിൽനിന്നു വെരി റവ. ഫാദർ സഖറിയാസ് ഒ. സി. ഡി. അവർകളും വിദ്യാർത്ഥികളും മീററിംഗിൽ സംബന്ധിച്ചിരുന്നു. വെരി റവ. ഫാദർ സഖറിയാസ് സ്വാഗതമാശംസിക്കയും സെക്രട്ടറി ക്രൂസേഡിൻെറ കഴിഞ്ഞ വർഷത്തെ പ്രവത്തനങ്ങൾ അടങ്ങുന്ന റിപ്പോർട്ടു വായിക്കയും ചെയ്തു. റവ. ജോസഫ് കാരുവേലിപ്പാടൻ, റവ. ജേക്കബ് അയന്തി എന്നിവർ ഇംഗ്ലീഷിലും മലയാളത്തിലും ഓരോ പ്രസംഗം ചെയ്തു. പുനരൈക്യരീതി സാമാജികരെ ശരിയായി ഗ്രഹിപ്പിക്കാനുതകുന്ന ഒരു ചെറുപ്രഹസനവും നടത്തി.

അദ്ധ്യക്ഷൻ തിരുമേനിയുടെ പ്രസംഗത്തിൽ കത്തോലിക്കാപ്രസിദ്ധീകരണങ്ങൾ ചെയ്യുന്ന മിഷൻവേലയെക്കുറിച്ച് സ്വമാനസാന്ത്വനത്തെ മുൻനിറുത്തി വിശദീകരിക്കുകയുണ്ടായി. ജൂബിലി ആഘോഷങ്ങൾക്കുശേഷം വളരെ ആളുകൾ കൂട്ടം കൂട്ടമായി തിരുസഭയിൽ ചേരുന്നുണ്ടെന്നും നമ്മുടെയും നമ്മുടെ പൂർവികന്മാരുടേയും പ്രാത്ഥനകളും പ്രയത്നങ്ങളും ഫലമണിയുകയാണിപ്പോഴെന്നും മടിക്കൂടാതെ തുടന്നു പ്രവത്തിക്കണമെന്നും തിരുമേനി ഉൽബോധിപ്പിച്ചു.

### വാർഷികാഘോഷം


മംഗലപ്പുഴ എസ്. എച്ച്. ലീഗിൻെറ 35-ാംവാർഷികം കഴിഞ്ഞ നവംബർ 27-ാംനു കൊണ്ടാടിയിരിക്കുന്നു. റവ. ഫാദർ തെയോഡോഷ്യസ് എം. എ, ടി. ഒ സി.ഡി ആദ്ധ്യക്ഷം വഹിച്ചു. ബ്രദർ ജോസഫ് വടക്കൻ "ജോസിസ"ത്തെക്കുറിച്ചും ആധുനികതൊഴിലാളിപ്രശ്നത്തെക്കുറിച്ചും ഒരു പ്രസംഗം ചെയ്തു.

അമേരിക്കൻരീതികളുടെ നല്ല വശങ്ങളെയും നമുക്കു അനുകരണീയങ്ങളായ അവരുടെ ജീവിതരീതികളേയും കുറിച്ചു് ബ. അദ്ധ്യക്ഷൻ സരസമായും വിജ്ഞാനപ്രദമായും പ്രസംഗിച്ചു. കൂടുതൽ പുസ്തകങ്ങൾ ഈ വർഷം വിററഴിച്ച ബ. ശെമ്മാശന്മാർക്കു് പ്രോത്സാഹനാത്ഥം പാരിതോഷികങ്ങൾ നൽകി. തുടർന്നു് അടുത്ത വർഷത്തേക്കുള്ള ഭാരവാഹികളെ നിയമിച്ചു. ഒരു ഗ്രൂപ്പ് ഫോട്ടോ എടുത്തു എന്നതും തലേരാത്രി "ജോസിസ"ത്തെ സംബന്ധിക്കുന്ന കാര്യങ്ങൾ വിശദമാക്കുവാൻ പര്യാപ്തമായ ഒരു പ്രഹസനം അഭിനയിച്ചു എന്നതും പ്രസ്താവ്യമാണ്.

## ചരമവാത്തകൾ

**വെച്ചൂച്ചിറ:** സ്ഥലത്തെ പുന്നവേലിക്കുന്നേൽ ശ്രീമതി ജോസഫ് ഏലി 60-ാമത്തെ വയസ്സിൽ നവ: 17-ാംനു കത്താവിൽ ഭാഗ്യമരണം പ്രാപിച്ചു. ശവസംസ്കാരം പിറേറദിവസം രാവിലെ പരേതയുടെ സഹോദരീപുത്രൻ ഫാദർ ജോസഫ് തെള്ളിപ്പറമ്പിൽ അവർകളുടെ പ്രധാനകാമ്മികത്വത്തിലും പല വൈദികരുടെ സഹകരണത്തിലും മണിപ്പുഴപ്പള്ളി സിമിത്തേരിയിൽ പ്രത്യേകം തയ്യാർചെയ്തിരുന്ന കല്ലറയിൽ നിവ്വഹിക്കപ്പെടുകയുണ്ടായി.

**എലിക്കുളം:** റവ ഫാദർ ജോർജ് പൊന്നെടുത്തകല്ലേൽ അവർകളുടെ മാതാവു് ചാക്കോ ഏലി വാർദ്ധക്യസഹജമായ അസുഖങ്ങൾനിമിത്തം നവമ്പർ 26-ാംനു 72-ാമത്തെ വയസ്സിൽ ഭാഗ്യമരണംവരിച്ചിരിക്കുന്നു. സംസ്കാരകമ്മം പിറേറദിവസം ജോർജ്കുട്ടിയുടെ പ്രധാനകാമ്മികത്വത്തിൽ എലിക്കുളംപള്ളി സിമിത്തേരിയിൽ നടത്തപ്പെട്ടു. റവ ഫാദർ ജോൺ മററം എം എ ചരമപ്രസംഗം നടത്തി R. I. P.



# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശ്ശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 29 || ERNAKULAM, DECEMBER 7 | No. 18


# കേരളസുറിയാനി കർമ്മലീത്താ സഭയുടെ ശതാബ്ദജൂബിലി

കേരളത്തിലെ സുറിയാനി കർമ്മലീത്താസഭ അതിന്റെ ആദ്യപിതാക്കന്മാർ വ്രതാനുഷ്ഠാനം നടത്തി കാനോനിക മുറയ്ക്കുള്ള സന്യാസജീവിതം സമാരംഭിച്ച മഹാസംഭവത്തിന്റെ ശതാബ്ദപൂർത്തി ഒരു ജൂബിലിയായി സന്തോഷം കൊണ്ടാടുന്ന ഈ അവസരത്തിൽ കേരളസഭയുടെ അഭിവൃദ്ധിക്കുവേണ്ടി സുദീർഘവും സുപ്രശസ്തവുമായ സേവനമനുഷ്ഠിച്ചിട്ടുള്ള ഈ സഭാംഗങ്ങളേയും പ്രത്യേകിച്ച് അതിന്റെ പ്രാരംഭപിതാക്കന്മാരെയും കൃതജ്ഞതാപുരസരം സ്മരിക്കേണ്ടതും അവരുടെ ദൈവത്തോടുള്ള നന്ദിപ്രകടനങ്ങളിൽ ആത്മാർത്ഥമായി പങ്കെടുക്കേണ്ടതും ഏതൊരു കേരളകത്തോലിക്കന്റേയും ഒഴിച്ചുകൂടാത്ത കർത്തവ്യമാണ്. സത്യദീപം കർമ്മലസഭയ്ക്കു സകല ഭാവുകങ്ങളും സഹർഷം ആശംസിച്ചുകൊള്ളട്ടെ.

സന്യാസജീവിതത്തിനു മാനവവംശത്തോളംതന്നെ പഴക്കമുണ്ടെന്നു ഒരു വിധത്തിൽ പറയാം. ആദ്ധ്യാത്മികാവബോധമുള്ള മനുഷ്യരിൽ ചിലരെങ്കിലും എക്കാലത്തും ലോകബന്ധങ്ങളിൽ നിന്നകന്നും ദൈവൈക്യത്തിൽ ലയിച്ചും ജീവിക്കുന്നതിനുള്ള നൈസർഗ്ഗികമായ ഒരഭിനിവേശം പ്രകടമാക്കിപ്പോരുന്നതാണ് ഇതിനു കാരണം. പൗരാണികസംസ്കാരത്തിൽ ഇതിനു ധാരാളം ഉദാഹരണങ്ങൾ ഓരോ ഭൂഖണ്ഡങ്ങളിലും ഉണ്ടായിരുന്നതായി ചരിത്രം ഘോഷിക്കുന്നുണ്ട്. നമ്മുടെ മാതൃഭൂമിയായ ഭാരതം തന്നെ ആദ്ധ്യാത്മികതത്വത്തിൽ മികച്ച പാരമ്പര്യമുള്ള ഒന്നാണല്ലോ. തന്മൂലം ഭാരതീയരിൽ സന്യാസജീവിതത്തിനുള്ള പ്രവണതയും സവിശേഷം പ്രകടമായിരുന്നതായി കാണുന്നു. ഹൈന്ദവ ഋഷീവര്യന്മാരും ബുദ്ധസന്യാസികളും ജനക്കൂട്ടങ്ങളിൽ നിന്നകന്നു ഭാരതത്തിന്റെ വിജനങ്ങളായ പർവ്വതപ്രാന്തങ്ങളിൽ ഏകാന്തമായ ജപതപങ്ങളിൽ വ്യാപൃതരായി ജീവിച്ചുപോന്നു. ഈശ്വരധ്യാനത്തിലും യോഗാഭ്യാസങ്ങളിലും ആത്മസംയമനത്തിലും തപോനുഷ്ഠാനത്തിലും അതികർക്കശമായ നിഷ്ഠകൾ അവർ പാലിച്ചുപോന്നു. സംഘാതമായ തപോജീവിതത്തിനും ഉദാഹരണങ്ങൾ ഇല്ലാതില്ല. അവരുടെ ആദ്ധ്യാത്മികസംസ്കാരം തന്മൂലം എത്രകണ്ടു പുരോഗമിച്ചിരുന്നു എന്നതിനു പരമ്പരയാ അവരിൽനിന്നു ഭാരതത്തിനു ലഭ്യമായിട്ടുള്ള മതസിദ്ധാന്തങ്ങൾ സാക്ഷ്യം വഹിക്കുന്നു. അറേബ്യാ, പേർഷ്യാ, ഈജിപ്റ്റ് മുതലായ രാജ്യങ്ങളിലും ഇതേവിധത്തിൽ സന്യാസപരിശീലനത്തിൽ ജനത അഭിവാഞ്ഛ പ്രദർശിപ്പിച്ചിരുന്നുവെന്നു കാണാവുന്നതാണ്. ചുരുക്കത്തിൽ സന്യസിക്കുന്നതിനുള്ള പ്രവണത സർവ്വജനീനമായ ഒന്നാണെന്നും, അതു മനുഷ്യന്റെ ആദ്ധ്യാത്മികചൈതന്യത്തിന്റെ ഫലമായി അവനിൽ ഉളവാകുന്നതാണെന്നും, അതുവഴി ആദ്ധ്യാത്മികപുരോഗതി മാനവസമുദായത്തിൽ അനുഭവവേദ്യമായിക്കൊണ്ടാണിരുന്നിട്ടുള്ളതെന്നും വിശദമാകുന്നു.

ക്രൈസ്തവസംസ്കാരം ലോകത്തിൽ പ്രചരിക്കുന്നതിനു തുടങ്ങിയതോടെ സന്യാസജീവിതത്തിലും ഒരു നവോത്ഥാനമുണ്ടായി. മനുഷ്യനെ ദൈവവുമായി ബന്ധിക്കുന്ന മതവിശ്വാസത്തിനു ക്രിസ്തുമതാവിർഭാവം ഒരു നവീനാദ്ധ്യായം സൃഷ്ടിക്കുകയാണല്ലോ ചെയ്തത്. മനുഷ്യനിൽ സ്വാഭാവികമായി പ്രതിഫലിച്ചിരുന്നതും കാലാന്തരത്തിൽ ദീർഘദർശനങ്ങളും വെളിപാടുകളും വഴി ലഭിച്ചതുമായ മതസത്യങ്ങൾ പൂർണ്ണമായും വ്യക്തമായും ലോകത്തെ പ്രബോധിപ്പിച്ചു ദൈവാവിഷ്കരണമാണ് ദൈവസുതനായ ക്രിസ്തുവിന്റെ മനുഷ്യാവതാരംമൂലം സംസിദ്ധമായതു്. ഭൂമുഖത്തുനിന്നു അജ്ഞാനാന്ധകാരത്തെ വിപാടനം ചെയ്ത സത്യദീപമായ ക്രിസ്തു അവിടുത്തെ പ്രകാശകിരണാങ്കുരങ്ങളെ മാനവമനസ്സിൽ വാരിവിതറി. ഹൃദയങ്ങളെ അതു കുളിർപ്പിച്ചു. ദൈവസ്നേഹാഗ്നിയെ അതു പ്രോജ്ജ്വലിപ്പിച്ചു. ആദ്ധ്യാത്മികാന്ധതയിൽ തപ്പിത്തടഞ്ഞു കഴിഞ്ഞുകൂടിയ മനുഷ്യവർഗ്ഗത്തെ അതു് മദ്ധ്യാഹ്നസമയത്തെ പ്രകാശധോരണിയിലേക്കു ആനയിച്ചു. സന്യാസജീവിതത്തിനു ശക്തിമത്തായ ഒരുത്തേജനമായിരുന്നു അതു്. സന്യസിക്കുന്നതിനുള്ള പ്രകൃതിസിദ്ധമായ അഭിലാഷം കാടുകയറാതെയും അപഥത്തിൽ ചാടാതെയും നേർവഴിയിൽ നയിക്കുന്നതിനുള്ള നിർദ്ദേശങ്ങൾ ക്രിസ്തുവിന്റെ തത്വോപദേശങ്ങളിൽ പ്രകടമായിരുന്നു. അവിടുന്നു ലോകത്തിനു പ്രദാനംചെയ്ത പ്രമാദരഹിതമായ തത്വങ്ങളിൽ ജീവിതസിദ്ധാന്തത്തിന്റെ വിശദമായ നിർദ്ദേശങ്ങൾ അടങ്ങിയിരുന്നു. മനുഷ്യന്റെ പരമലക്ഷ്യമായ ദൈവത്തെപ്രാപിക്കേണ്ടതു ഓരോരുത്തരുടേയും ജീവിതകർത്തവ്യമാണെന്നും എന്നാൽ അതിനു സ്വീകരിക്കപ്പെടേണ്ട മാർഗ്ഗങ്ങളിൽ വൈവിധ്യങ്ങൾ അവശ്യം ഉദ്ദേശ്യമാണെന്നും ദൈവത്തിന്റെ അഭീഷ്ടത്തെ മാർഗ്ഗദർശകമായി സ്വീകരിച്ചുവേണം അതിനെ അനുധാവനം ചെയ്യുന്നതിനെന്നും അവിടുന്നു വിശദമായി പ്രബോധിപ്പിച്ചു. ലോകസാധാരണമായ കുടുംബജീവിതവും പ്രത്യേക ദൈവാഹ്വാനമനുസരിച്ചുള്ള സന്യാസജീവിതവും പരമാനന്ദപ്രാപ്തിക്കുള്ള രണ്ടു മാർഗ്ഗങ്ങളാണെന്നും ഓരോരുത്തനും ദൈവാഭീഷ്ടമനുസരിച്ചു സ്വീകരിച്ച് അതതിന്റെ കടമകളെ യഥാവിധി നിർവ്വഹിക്കുന്നതിലാണ് പരമാനന്ദലബ്ധി ആശ്രയിച്ചിരിക്കുന്നതെന്നും അവിടുന്നാണ് ലോകത്തെ വിശദമായി മനസ്സിലാക്കിയതു്. സന്യാസജീവിതത്തിന്റെ മേന്മയും അവിടുന്നു വ്യക്തമാക്കാതിരുന്നിട്ടില്ല. ഇപ്രകാരം ക്രിസ്തുസഭയുടെ ചരിത്രത്തിൽ സന്യാസജീവിതം സംബന്ധിച്ച് വലുതായ ഒരു പരിവർത്തനം നാം ദർശിക്കുന്നു.

ആദിമനൂറ്റാണ്ടുകളിൽതന്നെ ക്രിസ്തുവിന്റെ ആഹ്വാനം സ്വീകരിച്ച് ലോകത്തോടും ലൗകികമായ സകല സുഖസന്തോഷങ്ങളോടും യാത്രപറഞ്ഞ് ദൈവൈക്യത്തിൽ ജീവിതസൗഭാഗ്യം കണ്ടെത്തിയ ഒരു വലിയ ഗണത്തെ സഭാരാമത്തിൽ നമുക്കു കാണാം. ക്ഷണികമായ ലോകസുഖങ്ങളെ ത്യജിക്കുന്നതും കഠിനതപസ്സും പ്രായശ്ചിത്തവും അനുഷ്ഠിക്കുന്നതും ഒരു നഷ്ടമല്ലെന്നും അതു നൂറിരട്ടിയായും എണ്ണമില്ലാത്തവണ്ണവും പ്രതിസമ്മാനിക്കപ്പെടുന്നതായിരിക്കുമെന്നുമുള്ള ക്രിസ്തുവിന്റെ വാഗ്ദാനം അവർക്കു ഉത്സാഹത്തെയും ആനന്ദത്തെയും പ്രദാനംചെയ്തു. വ്യക്തിപരമായ സന്യാസജീവിതം വിനാവിളംബം കൂട്ടമായ സന്യാസജീവിതമായി മാറി. കന്യകകൾ സന്യാസജീവിതത്തിൽ കൂട്ടമായിട്ടും നിശ്ചിതനിയമങ്ങൾക്കു വിധേയമായും ജീവിക്കുന്ന പതിവ് ആദ്യനൂറ്റാണ്ടുകളിൽതന്നെ പ്രയോഗത്തിൽവന്നു. വനവാസിയായ വിശുദ്ധ പൗലോസ്, വിശുദ്ധ അന്തോണീസ്, പക്കോമിയൂസ് മുതലായ സന്യാസപിതാക്കന്മാരെ തുടർന്ന് സന്യാസികളുടെ ജീവിതത്തിലും കൂട്ടമായ ക്രമങ്ങൾ നടപ്പിൽവന്നു. കാലാന്തരത്തിൽ വിവിധാദർശങ്ങളെ മുൻനിർത്തി വിവിധസന്യാസസഭകളും അവയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനുപയുക്തമായ സന്യാസനിയമങ്ങളും സന്യാസഭവനങ്ങളും രൂപംപ്രാപിച്ചു. ഇതാണ് ക്രിസ്തീയസഭയിലെ സന്യാസജീവിതത്തിന്റെ സംക്ഷിപ്തമായ ചരിത്രപശ്ചാത്തലം.

കേരളത്തിലെ ക്രിസ്തീയസഭയുടെ ആദ്യകാലങ്ങളിലെ ചരിത്രം ഇന്നും പ്രായേണ ഇരുട്ടിലാണ് നിലകൊള്ളുന്നതെന്നുള്ളതു ശോചനീയമായ ഒരു യാഥാർത്ഥ്യമാണ്. ക്രിസ്തുവർഷം 52-ൽ മാർത്തോമ്മാശ്ലീഹാ കേരളത്തിൽവന്നു് നമ്മുടെ പൂർവ്വപിതാമഹന്മാരെ ക്രിസ്ത്യാനികളാക്കിയെന്നും, ദൈവാനുഗ്രഹത്താൽ ആ വിശ്വാസദീപം അണയാതെ ഇന്നോളവും നാം കാത്തുസൂക്ഷിച്ചുവെന്നുമല്ലാതെ ഓരോ ഘട്ടങ്ങളിലും സഭയുടെ ചരിത്രഗതി എന്തായിരുന്നുവെന്നു ഖണ്ഡിതമായി പ്രതിപാദിക്കുന്ന ഒരു ചരിത്രഗ്രന്ഥം നമുക്കുണ്ടായിട്ടില്ല. 20 നൂറ്റാണ്ടുകാലം മററു ക്രിസ്തീയസമൂഹങ്ങളിൽനിന്നും പ്രായേണ വിച്ഛേദിക്കപ്പെട്ടു കഴിഞ്ഞുകൂടുന്നതിനു നിർബന്ധമായ കേരളത്തിലെ ക്രിസ്തീയസഭയ്ക്കു അതിന്റെ വിശ്വാസസംരക്ഷണവിഷയത്തിൽ അതിമനോഹരമായ ഒരു ചരിത്രമുണ്ടെന്നുള്ളതു് അവിതർക്കിതമാണ്. ആ ചരിത്രത്തിൽ ഇവിടത്തെ സന്യാസജീവിതസരണികൾക്കും അതിപ്രധാനമായ സ്ഥാനമുണ്ടായിരുന്നുവെന്നും ചരിത്രരേഖകൾ പുറത്തുവരുമ്പോൾ പ്രത്യക്ഷപ്പെടാതിരിക്കുകയില്ല. എന്നാൽ ആധുനികചരിത്രത്തിൽ സഭയുടെ പുരോഗതിയെ സാരമായി സഹായിച്ചിട്ടുള്ളതും പ്രശസ്തമായ സഭാസേവനം ഒരു നൂറ്റാണ്ടുകാലം നിർവ്വഹിച്ചിട്ടുള്ളതും ഇവിടത്തെ സുറിയാനികർമ്മലീത്താസഭയാണ്. ആ സന്യാസസഭ അതിന്റെ ശതാബ്ദപൂർത്തി ആചരിക്കുന്ന ഈ അവസരത്തിൽ അതിന്റെ ചരിത്രത്തിലേക്കു ഒരു വിഹഗവീക്ഷണം നടത്തുക ഏററവും സമീചീനമാണ്. വിദേശമിഷനറിപ്രവർത്തനംകൊണ്ടു അനുകൂലവും പ്രതികൂലവുമായ നിരവധി സംഭവവ്യതിയാനങ്ങൾ സുറിയാനിസഭയ്ക്കു നേരിടേണ്ടിവന്നിട്ടുണ്ടെന്നുള്ളതു പ്രകടമായ ഒരു വസ്തുതയാണ്. അനുകൂലങ്ങളായി അതിന്റെ ചരിത്രത്തിൽ മുദ്രപതിഞ്ഞിട്ടുള്ള സംഭവങ്ങളിൽ അദ്വിതീയമായ ഒന്നാണ് 1855 ഡിസംബർ 8-ാംനു സന്യാസജീവിതാഹ്വാനത്തെ ശ്രവിച്ചും സന്യാസജീവിതസൗഭാഗ്യത്തെ കൊതിച്ചും മാന്നാനം കുന്നിൽ താമസമുറപ്പിച്ചിരുന്ന സന്യാസിസമൂഹത്തെ നിരന്തരമായ പ്രാർത്ഥനകളുടേയും അഭ്യർത്ഥനകളുടേയും ഫലമായി ഒരു സന്യാസസഭയായി സ്ഥാപിക്കുന്നതിനും അതിലെ അംഗങ്ങൾക്കു വ്രതവാഗ്ദാനങ്ങൾ സഭാക്രമപ്രകാരം നടത്തുന്നതിനും അനുമതി ലഭിച്ചവെന്നുള്ളതു്. ഈ ഏതദ്ദേശീയസന്യാസസഭ തുടർന്നുള്ള ഒരു ശതവർഷംകൊണ്ട് എത്ര മഹത്തരങ്ങളായ നേട്ടങ്ങളാണ് സഭയ്ക്കും സമുദായത്തിനും രാജ്യത്തിനുംവേണ്ടി സാധിച്ചിട്ടുള്ളതെന്നു അവരുടെ അനുഭവസ്ഥരായ ഭാരതീയരെ, പ്രത്യേകിച്ച് കേരളീയരെ പറഞ്ഞറിയിക്കേണ്ട ആവശ്യമില്ല. സന്യാസസഭകളുടെ ഉദ്ദേശ്യം അതിലെ അംഗങ്ങളുടെ വിശേഷവിധിയായ പുണ്യജീവിതം മാത്രമല്ല സഭയുടെ ലക്ഷ്യങ്ങൾക്കനുസരിച്ച് സേവനം നിർവ്വഹിക്കുക എന്നതുകൂടിയാണ്. കേരളസുറിയാനി കർമ്മലീത്താസഭപോലെ ധ്യാനപരം മാത്രമല്ലാതെ, പ്രേഷിതവേലകൾക്കൂടി പ്രവർത്തനപരിപാടിയിൽ ഉദ്ദേശം ചെയ്തിട്ടുള്ള ഒരു സഭയ്ക്കു ആദ്ധ്യാത്മികപ്രേഷിതത്വത്തിലും വിദ്യാഭ്യാസപരവും സാങ്കേതികവുമായ സേവനരംഗങ്ങളിലും കഴിഞ്ഞ നൂറു കൊല്ലത്തിനിടയിൽ പ്രവർത്തിക്കുവാൻ സാധിച്ചിട്ടുള്ള വൻകാര്യങ്ങളുടെ സ്മാരകങ്ങളാണ് കേരളത്തിലാകമാനം തലയെടുപ്പോടുകൂടി ഉയർന്നുനില്ക്കുന്ന വിവിധ സ്ഥാപനങ്ങളോരോന്നും. ഭാരതത്തിൽ സഭവകയായ സ്ഥാപനങ്ങൾ എവിടെയും ഇന്നു കാണുവാൻ കഴിയും. സുറിയാനിസമുദായ രൂപവല്ക്കരണത്തിൽ സ്വദേശീയരായ മെത്രാന്മാരോടു ചേർന്നുനിന്നു സഭയുടെ ചൈതന്യത്തിനൊത്തവണ്ണം ആദ്യകാലംമുതൽ ഈ സന്യാസികൾ നിർവ്വഹിച്ചുപോന്ന സേവനം അവിസ്മരണീയമാണ്. മേലിലും സഭയുടെ ഈ സഹകരണചൈതന്യം ഉത്തരോത്തരം വർദ്ധമാനമാക്കിച്ചെയ്യേണ്ടതു് നിരീശ്വരത്വം, കമ്മ്യൂണിസം, ലൗകായതികത്വം മുതലായ ആധുനികവിപത്തുകളെ നേരിടുന്നതിനും കേരളത്തിന്റെ മാത്രമല്ല ഭാരതത്തിന്റെതന്നെ മതവിശ്വാസസ്ഥിരതയ്ക്കും തിരുസഭയുടെ വിജയത്തിനും അത്യന്താപേക്ഷിതമാണെന്നു പറയേണ്ടതില്ലല്ലോ. ഈ ശതാബ്ദപൂർത്തിമഹാമഹത്തിൽ സഭയുടെ നാളതുവരെയുള്ള നേട്ടങ്ങളെ ദൈവത്തോടുള്ള കൃതജ്ഞതാബോധത്തോടുകൂടി അനുസ്മരിക്കുന്നതോടൊപ്പം ഉപരിഭാസുരമായ ഒരു ചരിത്രസൃഷ്ടിക്കുള്ള പരിപാടികൾക്കൂടി വിഭാവനംചെയ്തു് ഈ ആഘോഷാവസരത്തെ അതിലേക്കുള്ള ആദ്യകാൽവയ്പായി രൂപംകൊടുക്കാം. കേരളസുറിയാനികർമ്മലീത്താസന്യാസസഭ നിരന്തരം വിരാജിക്കട്ടെ!

## പ്രസാധകക്കുറിപ്പുകൾ

### മതപരിവർത്തന ബിൽ തള്ളപ്പെട്ടു

മതപരിവർത്തനബിൽ ലോകസഭയിൽ ചർച്ചചെയ്തുവന്ന രണ്ടാം ദിവസമായ ഡിസംബർ 2-ാംനു ബില്ലിനെ പരാമർശിച്ചു പ്രധാനമന്ത്രി ഇപ്രകാരം പ്രസ്താവിച്ചു

"മതത്തിന്റെ പേരിൽ പല അഴിമതികളും നടക്കുന്നു. ഒരു മതത്തിൽതന്നെയല്ല; എല്ലാ മതങ്ങളിലും ഉണ്ട് ചില ദൂഷ്യങ്ങൾ. ചില മതങ്ങൾ മാന്യതയുടെ അതിരുവിട്ടുപോകുന്നു.

കുറേനാൾമുമ്പു രാജ്യത്തെ അനാഥശാലകളെപ്പററി അന്വേഷിച്ചു റിപ്പോർട്ടു സമർപ്പിക്കാൻ പ്ലാനിംഗ് കമ്മീഷൻ ഒരു വിദഗ്ദ്ധകമ്മിററിയെ നിയോഗിച്ചു. പല മതക്കാരുടെയും സാമൂഹ്യസംഘങ്ങളുടെയും ആഭിമുഖ്യത്തിൽ അനാഥശാലകൾ നടത്തപ്പെടുന്നുണ്ട്. അവയെപ്പററിയെല്ലാം കമ്മിററി സൂക്ഷ്മമായി അന്വേഷിച്ചു. അവരുടെ റിപ്പോർട്ടു സഭയിൽ സമർപ്പിക്കുന്നതിനു തയ്യാറായിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ടിൽ ക്രൈസ്തവരുടെ ആഭിമുഖ്യത്തിൽ നടത്തപ്പെടുന്ന അനാഥശാലകളുടെ പ്രവർത്തനത്തെ കമ്മിററി മുക്തകണ്ഠം ശ്ലാഘിക്കുന്നു. മററു മതക്കാരുടെ അനാഥശാലാപ്രവർത്തനം അത്രത്തോളം നന്നായിട്ടില്ല എന്നാണു കമ്മിററി പറയുന്നതു്. എല്ലാ മതങ്ങളിലും ചീത്ത ആളുകൾ ഉണ്ടാവും. തെററായ ചില ആളുകൾ ചിലടത്തു വഴിപിഴച്ച ചില കൃത്യങ്ങൾ ചെയ്യുന്നുണ്ട് എന്നുവച്ചു അവയെ അടിസ്ഥാനമാക്കി പൊതുവെ നിയമനിർമ്മാണം ചെയ്താൽ, അതു ഭൂരിപക്ഷത്തോടുചെയ്യുന്ന ഒരു കടുംകൈ ആയിരിക്കും. ഏതാനും ചില പോലീസുകാരോ എക്സിക്യൂട്ടീവ് ഉദ്യോഗസ്ഥന്മാരോ തെററു ചെയ്താൽ പോലീസുകാരെ മുഴുവനും ശിക്ഷിക്കുന്നതിന് ഒരുമ്പെടുന്നതു അനീതിയല്ലേ? കാരണം അവരിൽ ഭൂരിപക്ഷംപേരും നല്ലവരായിരിക്കും.

മൗലികാവകാശങ്ങളെപ്പററി കോൺസാംബ്ലിയിൽ നടന്ന ചർച്ചകൾ ഞാൻ ഓർക്കുന്നുണ്ട്. അന്നു ഇതുപോലൊരു നിർദ്ദേശമുണ്ടായി. അതിനെ എതിർത്തുകൊണ്ടു സർദാർ പട്ടേൽ പറഞ്ഞു അങ്ങനെയുള്ള ഒരുനിയമം അനേകർക്കു ഉപദ്രവകരമായിരിക്കുംഎന്നു്.

ആകയാൽ, ഇങ്ങനെയൊരു ബില്ലിന്റെ ആവശ്യമേയില്ല. ആവശ്യമാണെങ്കിൽതന്നെ അതു കൊണ്ടുവരേണ്ടതു് ന്യൂനപക്ഷസമുദായക്കാരാണ്. ഭൂരിപക്ഷത്തിൽനിന്നുള്ള ആക്രമണത്തെ തടയുന്നതിനു് ഒരു നിയമം ആവശ്യമാണെന്നു് അവർക്കു ന്യായമായി വാദിക്കാം."

ഗയായിലെ വർദ്ധമാനിൽ ഈയിടെയുണ്ടായ അനിഷ്ടസംഭവത്തെ പരാമർശിച്ചുകൊണ്ടു നെഹ്റു പറഞ്ഞു:- "അവിടെ ഒരു ക്രൈസ്തവപുരോഹിതൻ കുർബാന അനുഷ്ഠിക്കുകയായിരുന്നു. ഏററവും പാവനമായി കരുതപ്പെടുന്ന ഒരു കർമ്മമാണതു്. പൂജ അർപ്പിച്ചുകൊണ്ടിരുന്ന ആ വൈദികനും അനേകം ക്രിസ്ത്യാനികളും കഠിനമായി മർദ്ദിക്കപ്പെട്ടു. ഇതേപ്പററി ഇന്നോളം നടത്തിയ അന്വേഷണത്തിൽനിന്നു സംഭവം യഥാർത്ഥമാണെന്നും, അതിൽ അതിശയോക്തി കലർന്നിട്ടില്ലെന്നും ബോദ്ധ്യമായിരിക്കുന്നു. ഇന്ത്യയിലെ ഒരു പുരാതനമതമാണ് ക്രിസ്തുമതം." ബിൽ പിൻവലിക്കുവാൻ അതിന്റെ അവതാരകനോടു നെഹ്റു അഭ്യർത്ഥിച്ചു. "മതപരിവർത്തനത്തിൽ എന്തെങ്കിലും ബലപ്രയോഗമോ, ദുഷ്പ്രേരണയോ വഞ്ചനയോ നടക്കുന്നുണ്ടെങ്കിൽ അതിനെ തടയുന്നതിനു് ഇന്നു നിലവിലുള്ള നിയമങ്ങൾ മതിയാവും."

സഭാനേതാവായ പ്രധാനമന്ത്രി പറഞ്ഞതിൽ കവിഞ്ഞൊന്നും തനിക്കു പറയാനില്ലാ എന്നു ഡപ്യൂട്ടി ഹോംമന്ത്രി പണ്ഡിററ് പാന്ത് പറഞ്ഞു.

ബിൽ പിൻവലിക്കുവാൻ സന്നദ്ധത പ്രകടിപ്പിച്ചുകൊണ്ടു മി. ജോഷി പറഞ്ഞു, പല സുഹൃത്തുക്കളിൽനിന്നും തനിക്കു കിട്ടി

യ അറിവിനെ ആസ്പദമാക്കിയാണ് താൻ ഇങ്ങനെ ഒരു ബില്ല് കൊണ്ടുവരാൻ ഇടയായതെന്നും, തനിക്ക് യാതൊരു സമുദായത്തോടും വിദ്വേഷമില്ലെന്നും.

ബിൽ പിൻവലിക്കണമെന്നു അഭ്യർത്ഥിച്ചുകൊണ്ട് ശ്രീ ജോർജ്ജ് തോമ്മസ് ചെയ്ത പ്രസംഗത്തിൽ, അരക്ഷിതത്വചിന്താഗതിയിൽ കഴിഞ്ഞുകൂടുന്ന അടുന കലക്ഷം ക്രിസ്ത്യാനികളുടെ പ്രീതി ഈ ബില്ലിന്റെ പിൻവലിക്കൽകൊണ്ടു ലഭ്യമാകുമെന്നു പ്രസ്താവിച്ചു. ക്രിസ്തുമതം ഒരിക്കലും ബലപ്രയോഗത്തിൽ വിശ്വസിക്കുന്നില്ലെന്നും, സ്വന്തം അയൽവാസിയെ സ്നേഹിക്കണമെന്നും, അന്യർക്ക് നന്മ ചെയ്യണമെന്നും ആണ് ക്രൈസ്തവധർമ്മത്തിന്റെ കാതലായ പ്രബോധനം എന്നും മി. കൊട്ടുകാപ്പള്ളി വിശദീകരിച്ചു.

മതപരിവർത്തനബിൽ ചർച്ച ചെയ്യപ്പെടുക്കുന്നതിനു മുമ്പ്, ആഭ്യന്തരമന്ത്രി മി. പാന്ത എം. പിമാരായ മി. കൊട്ടുകാപ്പള്ളിയെയും പ്രൊഫസർ സി. പി. മാത്യുവിനെയും വിളിച്ചു. ഗവമ്മെന്റ് ഈ ബില്ലിനെതിരാണെന്നും ബിൽ സംബന്ധിച്ചു വോട്ടു എടുക്കുവാനിടയായാൽ ബിൽ തള്ളിക്കളയുവാൻ പാർട്ടി മെംബർമാർക്ക് വിപ്പ് നൽകുന്നതാണെന്നും ഉറപ്പിച്ചുപറഞ്ഞു. ഇതിനെത്തുടർന്നു ബിൽ പിൻവലിക്കാൻ മി. പാന്ത് അവതാരകനോടാവശ്യപ്പെട്ടു. അദ്ദേഹം ഇതിനു സമ്മതിച്ചു. ന്യൂനപക്ഷത്തെ കുടുക്കിലാക്കുന്ന ഈ ബില്ലിന്റെ പരിണാമത്തിൽ, മെമ്പറന്മാരുടെയിടയിൽ പൊതുവെ സന്തോഷമാണു കണ്ടതു്.

ബിൽ പിൻവലിക്കുന്നതിനെ ഒരൊററ മെമ്പർ മാത്രം എതിർത്തു—രാമരാജ്യപരിഷത്തുകാരനായ മി. നന്ദ്‌ലാൽ ശർമ്മാ. തന്മൂലം ബിൽ വോട്ടിനിട്ടു. മഹാഭൂരിപക്ഷത്തോടെ ബിൽ തള്ളപ്പെടുകയും ചെയ്തു.

x x x

## ക്രിസ്തുമസ് കാർഡുകൾ

ക്രിസ്തുമസ്കാലം ആഹ്ലാദത്തിന്റെ കാലമാണ്. സ്നേഹിതന്മാർ പരസ്പരം മംഗളാശംസകൾ നടത്തുക ഇക്കാലത്തു സർവ്വസാധാരണമാണ്. അനേകായിരം ക്രിസ്തുമസ് കാർഡുകൾ നാടിന്റെ നാനാഭാഗങ്ങളിലും പരസ്പരം കൈമാറുന്നതിൽ ഏവരും അത്യുത്സാഹം പ്രകടിപ്പിക്കാറുണ്ട്. അനുമോദനാർഹമായ ഒരു നടപടി. എന്നാൽ അതു വെറുമൊരു പരിപാടിയായി മാത്രം കലാശിക്കാതെ അർത്ഥദ്യോതകമായും ഉപകാരപ്രദമായും നിർവ്വഹിക്കപ്പെടുന്നതു് ഏററം ആദരണീയമാണെന്നു ഞങ്ങൾ ഈ പംക്തികളിൽ ഒന്നിലധികം പ്രാവശ്യം ഉൽബോധിപ്പിച്ചിട്ടുള്ളതിലേക്കു ഈ അവസരത്തിൽ ഒന്നുകൂടി ബഹുജനശ്രദ്ധയെ ക്ഷണിക്കുകയാണ്. തിരുപ്പിറവിയെ അനുസ്മരിപ്പിക്കുന്നതും ക്രിസ്തുവിങ്കലേക്കു ജനശ്രദ്ധയെ സമാകർഷിക്കുന്നതുമായ കാർഡുകളാണ് ഈ അവസരത്തിൽ ഉപയോഗിക്കപ്പെടേണ്ടതു്. മംഗലപ്പുഴ എസ്. എച്ച്. ലീഗുകാർ പ്രത്യേകം തയാറാക്കിയിട്ടുള്ളതും ഈ ആദർശത്തെ മുൻനിർത്തി ഭംഗിയായി അച്ചടിപ്പിച്ചിട്ടുള്ളതുമായ കാർഡുകൾ ഇക്കാര്യത്തിൽ മാതൃകയായി ചൂണ്ടിക്കാണിക്കുന്നതിനു ഞങ്ങൾ കൃതജ്ഞരായ സന്തോഷമുണ്ട്. അതിൽ ഇവിടെ ഞങ്ങൾക്കയച്ചുതന്നിട്ടുള്ള രണ്ടു കാർഡുകൾ പ്രത്യേകം ശുപാർശചെയ്യുന്നതിനു ഈ അവസരം ഉപയോഗിച്ചുകൊള്ളുന്നു. രണ്ടിന്റെയും മുഖചിത്രം ത്രിവർണ്ണത്തിൽ അടിച്ചിട്ടുള്ള തിരുപ്പിറവിയുടേതാണ്. മാത്രമോ? ഒന്നിൽ 16 പേജിൽ ക്രിസ്തുമസ്സിനെ സ്പർശിക്കുന്ന ഒരു ചെറുകഥയും മറെറാന്നിൽ 24 പേജിൽ ഉള്ളടക്കിയിട്ടുള്ള പൂജരാജാക്കളുടെ വിവരണവും. ഈവിധമായ സംരംഭങ്ങൾ ക്രിസ്തുമസ് സന്ദേശങ്ങളെ സാരസമ്പുഷ്ടമാക്കട്ടെ എന്നു ഞങ്ങളാശംസിക്കുന്നു.

x x x

## കത്തോലിക്കാ വിദ്യാലയവിരുദ്ധമനോഭാവം മതവിരുദ്ധമാണ്

ഇന്നു പല രാജ്യങ്ങളിലും കത്തോലിക്കാ വിദ്യാലയങ്ങൾക്കെതിരായ മർദ്ദനനടപടികൾ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇതിനുള്ള മൂലകാരണം രാഷ്ട്രങ്ങളുടെയും നിരീശ്വരഘടകങ്ങളുടെയും മതവിരുദ്ധമനോഭാവമാണെന്നു പൊതുജനങ്ങൾ ഇനിയും വേണ്ടവിധത്തിൽ മനസ്സിലാക്കിയിട്ടുണ്ടെന്നു തോന്നുന്നില്ല. മറെറാരോ തൊടുകാരണങ്ങളാണ് പൊതുജനങ്ങളെ വഞ്ചിക്കുന്നതിനായി സാധാരണ ഉയർത്തിക്കാണിക്കുക. കമ്മ്യൂണിസ്റ്റ് ഗവമ്മേണ്ടുകൾക്കും നിരീശ്വരസോഷ്യലിസ്റ്റ് ഗവമ്മേണ്ടുകൾക്കും ഈ പദ്ധതി സ്വീകരിക്കാതെ ഗത്യന്തരമില്ല; കാരണം അവരുടെ ലക്ഷ്യം മതത്തെ നിരാകരിക്കുക, അഥവാ അനിയന്ത്രിതമായ രാഷ്ട്രീയഏകാധിപത്യം സ്ഥാപിക്കുക എന്നതാണ്. ഈ മനോഭാവത്തിനു മതത്തെ അടിസ്ഥാനമാക്കിയുള്ള കത്തോലിക്കാ വിദ്യാഭ്യാസത്തെ അംഗീകരിക്കുക സാദ്ധ്യമല്ലല്ലോ. കത്തോലിക്കാ വിദ്യാലയങ്ങൾക്കെതിരായി അനീതിപരമായ പല മർദ്ദനനടപടികളും സ്വീകരിച്ചു കുപ്രസിദ്ധി നേടിക്കഴിഞ്ഞിട്ടുള്ള ഒരു ഗവമ്മേണ്ടാണ് ബൽജിയത്തിൽ ഇപ്പോൾ ഭരണം നടത്തുന്ന സോഷ്യലിസ്റ്റ് ലിബറൽഗവമ്മേണ്ടു്. കത്തോലിക്കാ വിദ്യാലയങ്ങളെ അവിടെ അവർ ശ്വാസം മുട്ടിച്ചുകൊണ്ടിരിക്കുകയാണ്. ഗവമ്മേണ്ടിന്റെ ഈ മർദ്ദനനയം ഇപ്പോൾ ബൽജിയത്തിന്റെ ഒരു കോളനിയായ കോങ്ഗോയിലേക്കു വ്യാപിപ്പിക്കുന്നതിനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നതു്. കത്തോലിക്കാ വിദ്യാലയങ്ങളുടെ ആസ്തിക്യത്തെന്നെയും ഭീഷണിപ്പെടുത്തത്തക്കവിധം കണ്ടമാനം ഗ്രാൻറുകൾ വെട്ടിക്കുറച്ചു ഓർഡറുകൾ പാസ്സാക്കുകയാണ് അവിടത്തെ വിദ്യാഭ്യാസഡിപ്പാർട്ടുമെന്റു മേധാവികൾ ചെയ്തിരിക്കുന്നതു്. ഈ പരിപാടികളെപ്പററി മനസ്സിലാക്കിയപ്പോൾ കോങ്ഗോയിലെ ജനങ്ങൾ ക്ഷുഭിതരായി. ഗവമ്മേണ്ടിനെതിരായി അവർ നടത്തിയ അതിരൂക്ഷമായ പ്രക്ഷോഭണത്തെ നിയന്ത്രിക്കുന്നതിനു വിദ്യാലയപ്രവർത്തകരായ മിഷനറിമാർ ഇടപെടേണ്ടതായി വന്നു. നിലയില്ലാതായപ്പോൾ ബൽജിയംഗവമ്മേണ്ടു കോളനികളുടെ വകുപ്പുമന്ത്രി എം. ബ്യൂസരെ സമാധാനസ്ഥാപനത്തിനായി കോങ്ഗോയിലേക്കു അയച്ചു. അദ്ദേഹം ഗവർണ്ണർ ജനറലിനേയും, കിസാൻറുവിലെ വികർ അപ്പസ്തോലിക്ക്, ബിഷപ്പ് വെർഹിംപിനേയും ക്ഷണിച്ചുവരുത്തി ഒരു കോൺഫറൻസു നടത്തി. ബിഷപ്പുതിരുമേനി ഇപ്പോഴത്തെ വിദ്യാഭ്യാസനയത്തിന്റെ നാശഫലങ്ങളെ കോൺഫറൻസിൽ വിശദമാക്കി. പുതിയ ഓർഡറുകൾ നടപ്പിലാക്കുകയാണെങ്കിൽ മിഷ്യൻ സ്കൂളുകളെല്ലാം അടച്ചുപൂട്ടേണ്ടിവരുമെന്നും ഒരു ലക്ഷത്തോളം വരുന്ന കുട്ടികൾക്കു വേണ്ടത്ര സജ്ജീകരണങ്ങളും 20000ത്തോളം അദ്ധ്യാപകന്മാരേയും കണ്ടുപിടിക്കേണ്ടതാരം ഭാരം ഗസ്റ്റാറിനു വന്നുകൂടുമെന്നും കണക്കുകൾ ഉദ്ധരിച്ചു അദ്ദേഹം സ്ഥാപിച്ചു. മാത്രമല്ല ബൽജിയത്തിലും കോങ്ഗോയിലുമുള്ള നിരീശ്വരവാദികളായ ഫ്രീമെയ്സന്മാരുടെ മേളത്തിനൊത്തു ഗവർമ്മേണ്ടു തുള്ളുന്നതിനു തുടങ്ങുകയാണെങ്കിൽ അതു രാജ്യത്തിന്റെ നാശത്തിനും വെള്ളക്കാരും നാട്ടുകാരും തമ്മിൽ വർദ്ധമാനമായ ശത്രുത്വം വഴിതെളിക്കുമെന്നും ബിഷപ്പ് തിരുമേനി പ്രകടമാക്കി. മന്ത്രി അവർകൾ പുതിയ നിയമങ്ങൾ റദ്ദാക്കി ഓർഡറുകൾ പാസ്സാക്കിയിട്ടുണ്ട്. ഈ വിധത്തിലുള്ള കയ്യാംകളികളാണ് മിക്ക രാജ്യങ്ങളിലേയും വിദ്യാഭ്യാസപ്രവർത്തനങ്ങളെ താറുമാറാക്കിക്കൊണ്ടിരിക്കുന്നതെന്നുള്ളതു ഭരണാധികാരികളും പൗരജനങ്ങളും തക്കസമയത്തു മനസ്സിലാക്കി വേണ്ട പ്രതിവിധികൾ കൈക്കൊള്ളേണ്ടതു് സമാധാനത്തിനും രാജ്യപുരോഗതിക്കും എവിടെയും അത്യന്താപേക്ഷിതമാണ്.

## തിരുനാൾ മംഗളം



വിജയപുരം മെത്രാൻ
റൈററ് റവ. ഡോക്ടർ
അംബ്രോസ് ഒ. സി. ഡി.
തിരുമേനി
(തിരുനാൾ ഡിസംബർ 7.)

## ദക്ഷിണാഫ്റിക്കായുടെ മാതൃക

വിദ്യാഭ്യാസരംഗത്തെ മർദ്ദനനടപടികളെ ചെറുക്കുന്നതിനും അവിടത്തെ മിഷ്യൻസ്കൂളുകളെ സംരക്ഷിക്കുന്നതിനും ദക്ഷിണാഫ്റിക്കായിലെ തൊഴിലാളിവ്യൂഹം മാതൃകാപരമായ നടപടികൾ സ്വീകരിച്ചിരിക്കുന്നു. അവിടത്തെ ഗവമ്മേണ്ടു മിഷ്യൻസ്കൂളുകൾക്കു കൊടുത്തുകൊണ്ടിരിക്കുന്ന സഹായധനത്തിൽ നാലിലൊരു ഭാഗം ഇപ്പോൾ വെട്ടിക്കുറച്ചിരിക്കുകയാണ്. 1957 അവസാനമാകുമ്പോഴേക്കും സഹായങ്ങൾ നിശ്ശേഷം നിർത്തിക്കളയുന്നതിനാണ് പ്ലാൻ. ബാൻറു എഡ്യൂക്കേഷൻ ആക്ററനുസരിച്ചു മിഷൻസ്കൂളുകളെല്ലാം ഗവമ്മേണ്ടിലേക്കു വിട്ടുകൊടുക്കണമെന്നാണു ഗവമ്മേണ്ടിന്റെ വാദം. കത്തോലിക്കർക്കു ഇതിനു വഴിപ്പെടുക സാദ്ധ്യമല്ലല്ലോ. ഈ പരിതസ്ഥിതികൾ മനസ്സിലാക്കി 80,000 കത്തോലിക്കാ തൊഴിലാളികൾ രംഗത്തേക്കിറങ്ങി. ഫാദർ പീററർ ആൻറണി റിഫെൽ അവർകളുടെ നേതൃത്വത്തിൽ രൂപവൽക്കരിക്കപ്പെട്ട ഒരു പദ്ധതിയനുസരിച്ചു അവർ ഓരോ തൊഴിലാളിഭവനവും സന്ദർശിച്ചു സംഭാവനകൾ ആവശ്യപ്പെടുന്നതിനും അങ്ങിനെ സ്കൂളുകളുടെ സംരക്ഷണത്തിനു 4 ലക്ഷം പവൻ പിരിച്ചെടുക്കുന്നതിനും തീരുമാനിച്ചു. സെപ്തംബർ 25-ാംതീയതിയാണ് ഈ പദ്ധതി രൂപവൽക്കരിക്കപ്പെടുകയും അ.ഗ.ഗ.ള്ള അഭ്യർത്ഥനകൾ പുറപ്പെടുവിക്കുകയും ഉണ്ടായതു്. വോളൻറിയർമാർ എല്ലാ തൊഴിലാളിഭവനങ്ങളും ഇനിയും സന്ദർശിച്ചുകഴിഞ്ഞിട്ടില്ല. എങ്കിലും 6 ലക്ഷത്തോളം പവൻ ഇപ്പോൾ പിരിഞ്ഞുകഴിഞ്ഞിരിക്കുന്നു. മിഷ്യൻസ്കൂളുകളെ ശ്വാസം മുട്ടിച്ചു ഗവമ്മേണ്ടിന്റെ കീഴിലാക്കുന്നതിനു സ്വീകരിക്കപ്പെട്ട അനീതിപരമായ നിയമത്തെ ദക്ഷിണാഫ്റിക്കൻ തൊഴിലാളികൾ ഇപ്രകാരം പരാജയപ്പെടുത്തിയിരിക്കുന്നു. സമ്മനസ്സുള്ള ഗവമ്മേണ്ടുകൾക്കും, അനീതിയെ ഒത്തൊരുമിച്ചു ത്യാഗപൂർവ്വം ചെറുക്കുന്നതിനു മുന്നോട്ടുവരുന്ന പൗരാവലിക്കും രാഷ്ട്രങ്ങളുടേയും നിരീശ്വരഘടകങ്ങളുടേയും മതമർദ്ദനപരിപാടികളെ പരാജയപ്പെടുത്തുന്നതിനു കഴിയുമെന്ന ഗുണപാഠമാണ് ഈ സംഭവങ്ങൾ ലോകത്തിനു നൽകുന്നതു്.

x x x

## കമ്മ്യൂണിസവും മതവും

മതപ്രതിപത്തി മാഞ്ഞുപോയിട്ടില്ലാത്ത ജനങ്ങളുടെയിടയിൽ കമ്മ്യൂണിസ്റ്റു പ്രചാരകന്മാർ പലപ്പോഴും പ്രയോഗിക്കുന്ന ഒരു വഞ്ചനാപദ്ധതിയാണ് കമ്മ്യൂണിസം മതത്തിനെതിരല്ലെന്നുള്ള വാദഗതി. അതുകേട്ടു സാധാരണജനങ്ങൾ പലപ്പോഴും അന്ധാളിച്ചുപോകാറുണ്ട്.. പോരെങ്കിൽ ചില കമ്മ്യൂണിസ്റ്റുപ്രേമികൾ റഷ്യയിലോ ചൈനയിലോ ഒരു മിന്നൽപര്യടനം നടത്തി കണ്ണഞ്ചിവന്നു സാക്ഷിക്കൂട്ടിൽ കയറിനില്ക്കുകയുംചെയ്യും. കമ്മ്യൂണിസത്തിന്റെ മൗലികതത്വങ്ങളെ അല്പമെങ്കിലും മനസ്സിലാക്കിയിട്ടുള്ളവർക്കു ഇതിന്റെ പൊള്ളത്തരം പെട്ടെന്നു ഗ്രഹിക്കുവാൻ കഴിയുമെങ്കിലും പാവപ്പെട്ട പലരും അതൊന്നും ചിന്തിക്കാറില്ല. മാത്രമല്ല കമ്മ്യൂണിസത്തിനുതന്നെ ഒരു "മത"ത്തിന്റെ തൊലിധരിക്കുന്ന പ്രകൃതവുമുണ്ട്. ഈയിടെ ഒരു വാഷിംഗ്ടൺപത്രത്തിൽ ജെ. എഡ്ഗർ ഹൂവർ എന്നദ്ദേഹം ഇതേപ്പററി പ്രസിദ്ധപ്പെടുത്തിയ ഒരു ലേഖനത്തിലെ ചില ഭാഗങ്ങൾ വളരെ ശ്രദ്ധേയമായിരിക്കുന്നുണ്ട്. "ആക്കെങ്കിലും കമ്മ്യൂണിസവും ക്രിസ്തുമതവും തമ്മിൽ വിവേചിക്കുവാൻ സാധിക്കുന്നില്ല എന്നു പറഞ്ഞാൽ എനിക്കതു മനസ്സിലാക്കാൻ കഴിയുന്നില്ല. "മതം മനുഷ്യനെ മയക്കുന്ന കറുപ്പാണ്" എന്നു പറഞ്ഞിട്ടുള്ളതു കാറൽമാർക്സാണ്. അദ്ദേഹം തന്നെ പറഞ്ഞിരിക്കുന്നു, "കമ്മ്യൂണിസം നിത്യസത്യങ്ങളെ നിഷേധിക്കുന്നു; എല്ലാ മതങ്ങളേയും എല്ലാ ധാർമ്മികനിയമങ്ങളേയും അതു നിഷേധിക്കുന്നു; അവയെ ഒരു പുതിയ അടിസ്ഥാനത്തിൽ സംഘടിപ്പിക്കുന്നതിനു അതിനു ശ്രേമില്ലതാനും......" എന്നാൽ കമ്മ്യൂണിസം എന്നതു ക്രിസ്തുമതത്തിന്റെ വേറൊരു രൂപമാണെന്നു വിശ്വസിക്കുന്ന മണ്ടന്മാരുണ്ട്. കമ്മ്യൂണിസത്തിനും ക്രിസ്തുവിന്റെ പഠനങ്ങൾക്കും തമ്മിൽ പല സാമ്യങ്ങളുമുണ്ടെന്നുള്ള കമ്മ്യൂണിസ്റ്റ് വാദഗതിയെ തത്തയെപ്പോലെ ഏററുപറയുന്ന കമ്മ്യൂണിസ്റ്റുകാരല്ലാത്ത ചില എഴുത്തുകാരുമുണ്ട്. അവർ കുറച്ചുകൂടി ഇതേപ്പററി പഠിക്കേണ്ടതാവശ്യമാണ്. ഏതാനും കൊല്ലങ്ങൾക്കു മുമ്പു നമ്മുടെ ഒരു പ്രമുഖമാസികയിൽ ഒരു ലേഖകൻ ഇങ്ങനെ എഴുതി: "ശുദ്ധ കമ്മ്യൂണിസം, അതു രാഷ്ട്രീയവുമായി കൂടിക്കലരാതിരുന്നെങ്കിൽ തീർച്ചയായും ഒരു ക്രിസ്തീയതത്വസംഹിതയായിരുന്നേനെ" എന്നു്. ഈ മനുഷ്യൻ കമ്മ്യൂണിസത്തിന്റെ യഥാർത്ഥതത്വങ്ങളേയോ ലക്ഷ്യങ്ങളേയോ സംബന്ധിച്ചു് എന്തു മനസ്സിലാക്കി! ഈയിടെ ഒരു കമ്മ്യൂണിസ്റ്റ്മീററിംഗിൽ ഒരു പ്രസംഗകൻ കമ്മ്യൂണിസം മതത്തെപ്പററി യഥാർത്ഥത്തിൽ എന്തു നിലപാടാണ് സ്വീകരിക്കുന്നതെന്നു വിശദമാക്കുകയുണ്ടായി: "ഒരു യഥാർത്ഥ മാർക്സിസ്റ്റിനു ഏതെങ്കിലും മതത്തിൽ വിശ്വസിക്കുക സാദ്ധ്യമല്ല. സഭ തൊഴിലാളിവർഗ്ഗത്തിന്റെ ശത്രുവാണ്. അതു ജനങ്ങളുടെ ശത്രുവാണെന്നുള്ള ഈ വസ്തുത തെളിവായി കാണിച്ചുകൊടുക്കപ്പെടണം." ഇതിൽ അദ്ദേഹം മതവിശ്വാസിയെ യഹൂദനെന്നോ, പുറജാതിക്കാരനെന്നോ, കത്തോലിക്കനെന്നോ, പ്രോട്ടസ്റ്റൻറുകാരനെന്നോ വിവേചിക്കുകയുണ്ടായില്ല. ആ വ്യത്യാസം പരിഗണനാർഹമല്ല. കമ്മ്യൂണിസ്റ്റുകളുടെ ഉദ്ദേശ്യം ദൈവവിശ്വാസം നശിപ്പിക്കണമെന്നാണ്.

"എന്നാൽ യഥാർത്ഥത്തിലുള്ള അപകടം കമ്മ്യൂണിസംതന്നെ ഒരു മതമായിത്തീരുന്നുവെന്നുള്ളതാണ്—ക്രിസ്തുമതത്തിനു കടകവിരുദ്ധമായ ഒരു മതം. അതിൽ ദൈവത്തിനോ, മനുഷ്യാത്മാവിനോ, മോക്ഷനരകങ്ങൾക്കോ സ്ഥാനമില്ല," മി. ഹൂവരുടെ ഈ വിശദീകരണം എത്രമാത്രം യഥാർത്ഥവും അനുപമം വസ്തുനിഷ്ഠവുമാണെന്നു കമ്മ്യൂണിസത്തെ കൂടുതൽ പഠിക്കുന്തോറും വ്യക്തമാകുന്നതാണ്. അതുകൊണ്ടു് കമ്മ്യൂണിസം മതവിശ്വാസത്തിനെതിരല്ലെന്നും, മതസഹിഷ്ണുതയുള്ളതാണെന്നും, റഷ്യയിലും ഉപഗ്രഹരാജ്യങ്ങളിലും ചൈനയിലുമെല്ലാം മതപരിപാടികൾ മുറയ്ക്കു നടക്കുന്നുവെന്നും കമ്മ്യൂണിസ്റ്റ് പ്രചാരകന്മാർ കണ്ഠക്ഷോഭം ചെയ്യുമ്പോൾ അതു വഞ്ചനാത്മകമായ വെറും കള്ളപ്രചരണമാണെന്നു മനസ്സിലാക്കണമെന്നും എല്ലാവരും അനുസ്മരിക്കേണ്ടതത്രെ.


കറഞ്ഞ പലിശയ്ക്കു്
സ്വർണ്ണപ്പണ്ടം പണയത്തിന്മേൽ
പണം കടം കൊടുക്കുന്നതാകുന്നു.

ബാങ്ക് ഓഫ് കൊച്ചിൻ
ലിമിററഡ്
എറണാകുളം, തൃശ്ശൂർ,
മട്ടാഞ്ചേരി, ചാലക്കുടി,
വില്ലിംഗ്ഡൺ ദ്വീപു്


—o—

## ജപാപ്പസ്തോലസഖ്യത്തിന്റെ ഡിസംബർമാസത്തെ പൊതുനിയോഗം

കൂടുതൽ മെച്ചമായ ഒരു ലോകം സജ്ജമാക്കുന്നതിനുള്ള ധർമ്മസമരം പുരോഗമിക്കുന്നതിനു്.

**വേദപ്രചാരനിയോഗം**


ജപ്പാനിലെ സർവ്വകലാശാലാവിദ്യാർത്ഥികൾ ഉൽകൃഷ്ടാദർശങ്ങളാൽ നയിക്കപ്പെടുന്നതിനു്.

## അടുത്തയാഴ്ചയിൽ

ഡിസംബർ
8 വ്യാ: ക. മറിയത്തിന്റെ അമലോത്ഭവം
9 വെ: വി. സീരൂസ്
10 ശ: ക. മറിയത്തിന്റെ ഭവനമാററം
11 ഞാ: സുവാറാ 3-ാംഞായർ
12 തി: വി. സ്തനിസ്ലാവോസ് കോസ്റ്റ്കാ
13 ചൊ: വി. ലൂസിയാ
14 ബു: വി. പോന്തിയാനോസ്

# ഇന്ത്യയുടെ ഇൻറർനൺസിയോ തിരുമേനിക്ക്


## എറണാകുളത്തെ സ്വീകരണം



എറണാകുളം മെത്രാപ്പോലീത്താ കണ്ടത്തിൽ മാർ അഗസ്റ്റീനോസ് തിരുമനസ്സിലെ അരമനയിൽ എഴുന്നെള്ളിത്താമസിക്കുന്ന ഇന്ത്യയുടെ ഇൻറർനൺഷ്യോ മോസ്റ്റ് റെവ. ഡോക്ടർ മാർട്ടിൻ ലൂക്കാസ് എസ്. വി. ഡി. തിരുമനസ്സിലെ ബഹുമാനാർത്ഥം ഡിസംബർ 5-ാംനു വൈകിട്ട് 5 മണിക്ക് ഏറ്റവും ഒരു കപ്പിസൽക്കാരം നടത്തിയിരിക്കുന്നു. എറണാകുളത്തെ കത്തോലിക്കരായ എല്ലാ ഉയർന്ന ഉദ്യോഗസ്ഥന്മാരും, ഡോക്ടർമാരും, അഡ്വൊക്കേറ്റുമാരും, പ്രശസ്ത വ്യവസായികൾ തുടങ്ങിയ പൗരപ്രധാനന്മാരും പല കത്തോലിക്കാ എം. എൽ. ഏ. മാരും ക്ഷണമനുസരിച്ച് സൽക്കാരത്തിൽ പങ്കെടുത്തിരുന്നു. അതിവന്ദ്യ തിരുമേനിമാരും പ്രസ്തുതാധികാരികളും ഒരുമിച്ച് ഗ്രൂപ്പ് ഫോട്ടോ എടുത്തതിനുശേഷം അരമനഹാളിൽ സജ്ജീകരിച്ചിരുന്ന സൽക്കാരത്തിൽ എല്ലാവരും പങ്കെടുത്തു. സല്ക്കാരത്തിന്റെ അവസാനത്തിൽ ഇൻറർനൺഷ്യോ തിരുമേനി അതിഥികളെ ഓരോരുത്തരേയും സമീപിച്ചു അവരുമായി പരിചയപ്പെട്ടു. സഹായമെത്രാൻ തിരുമേനിയും മാറും കൂടി ഓരോരുത്തരേയും തിരുമനസ്സിലേക്ക് പരിചയപ്പെടുത്തി. അനന്തരം ഹൈക്കോടതി ജഡ്ജി ജസ്റ്റീസ് ജോസഫ് വീതയത്തിൽ അവർകൾ ഇപ്രകാരം മഹത്തായ ഒരവസരം ഉപയോഗം ചെയ്തതിൽ അതിവന്ദ്യ മെത്രാപ്പോലീത്താ തിരുമേനിയോട് കൃതജ്ഞതപ്പെടുത്തിയും ഇൻറർനൺഷ്യോ തിരുമേനി അതിനമ്രവഴിച്ചതിൽ തിരുമേനിയോടുള്ള സ്നേഹബഹുമാനങ്ങൾ വിശദമാക്കിയും കേരളകത്തോലിക്കർ മാർപ്പാപ്പാതിരുമേനിയോടുള്ള സ്നേഹബഹുമാനങ്ങളെയും പുത്രനിർവിശേഷമായ ഭക്ത്യാദരങ്ങളേയും പ്രകടമാക്കിയും, കേരള കത്തോലിക്കരുടെ സ്നേഹപ്രകടനങ്ങളും ആശംസകളും തിരുമനസ്സറിയിക്കണമെന്നഭ്യർത്ഥിച്ചും ടോസ്റ്റ് പ്രസംഗം നിർവ്വഹിച്ചു. ഇൻറർനൺഷ്യോ തിരുമേനി ടോസ്റ്റിനു മറുപടി പറഞ്ഞു. മുന്നാലു പ്രാവശ്യം കേരളം സന്ദർശിച്ചു ഓരോ അവസരത്തിലും എറണാകുളം മെത്രാപ്പോലീത്താ തിരുമേനി അവിട്ടത്തോട് കാണിച്ചിട്ടുള്ള സ്നേഹപ്രകടനങ്ങളും അതിരൂപതയിൽ മെത്രാപ്പോലീത്താ തിരുമനസ്സുവേണ്ടി ചെയ്തു കൊണ്ടിരിക്കുന്ന നിസ്തുലമായ സേവനങ്ങളെയും സംബന്ധിച്ച് തിരുമേനിക്കുള്ള അതീവ ചാരുതാമതയെ ആദ്യമായി രേഖപ്പെടുത്തി. എറണാകുളത്തെ ഇതുപോലെ പ്രശസ്ത കത്തോലിക്കാനേതാക്കന്മാരെ ഒന്നുചേർന്ന് കണ്ടുപരിചയപ്പെടുന്നതിന് ഇരുവിധത്തിലുള്ള ഒരവസരം പ്രദാനം ചെയ്തതിൽ തിരുമനസ്സിലേക്കുള്ള ചാരിതാർത്ഥ്യവും തിരുമേനി വ്യക്തമാക്കി. തുടർന്നു കത്തോലിക്കാസഭയുടെ സേവനത്തിലും പ്രത്യേകിച്ചു ഇന്ത്യയിൽ കത്തോലിക്കർ നേരിടേണ്ടിവരുന്ന വിവിധപ്രശ്നങ്ങളിലും കത്തോലിക്കരെല്ലാം ഒത്തൊരുമിച്ചു സംഘടിതമായിനിന്നു പ്രവർത്തിക്കേണ്ട ആവശ്യകതയെ ശക്തിയായി ഉൽബോധിപ്പിക്കുകയും അടുത്തുതന്നെ നാഗപ്പൂരിൽവച്ചു നടക്കുവാൻ പോകുന്ന കാത്തലിക്ക് യൂണിയൻ ഓഫ് ഇന്ത്യാ സംഘടനയിൽ കത്തോലിക്കാ നേതാക്കന്മാർ സഹകരിച്ചു പ്രവർത്തിക്കണമെന്നു ആഹ്വാനം ചെയ്യുകയും ചെയ്തു. ഇന്ത്യയിൽ പ്രത്യേകിച്ചും സ്ത്രീകൾക്കുള്ള സേവന പ്രാധാന്യത്തെ തിരുമേനി വ്യക്തമാക്കുകയും നഴ്സുകളും ഡോക്ടർമാരും മററും ഒന്നുചേർന്നു പ്രവർത്തിക്കണമെന്നു നിർദ്ദേശിക്കുകയും ചെയ്തു. "മഹാനായ ഇന്ത്യൻ പ്രധാനമന്ത്രി അതിസമർത്ഥനായ ഒരു രാജ്യതന്ത്രജ്ഞനാണ്. അദ്ദേഹം സമാധാനത്തിനുവേണ്ടി തീവ്രയത്നം ചെയ്യുകയാണ്. ഇന്ത്യയുടെ സമാധാനത്തിലും ഐക്യത്തിലുമാണ് രാജ്യത്തുള്ള എല്ലാവരുടെ ഭക്ഷണത്തിനും വസ്ത്രത്തിനും പാർപ്പിടത്തിനുംവേണ്ടിയുള്ള പഞ്ചവത്സരപദ്ധതികൾ വിജയിപ്പിക്കുന്നതിനു അദ്ദേഹം പ്രത്യാശിക്കുന്നതു്. ഇന്ത്യയിൽ മാത്രമല്ല ലോകം മുഴുവനിലും സമാധാനം സംസ്ഥാപിക്കുവാനാണ് അദ്ദേഹം ഏതുവിധവും യത്നിച്ചു പോരുന്നതു്" എന്നാണ് ഇന്ത്യയുടെ സമാധാനസ്ഥാപനശ്രമങ്ങളെ പരാമർശിച്ചു തിരുമേനി പ്രസ്താവിച്ചതു. ടോസ്റ്റ് പ്രസംഗത്തിൽ പ്രകടിതമായ മാർപ്പാപ്പാ തിരുമേനിയോടുള്ള സ്നേഹാദരങ്ങളെ മാർപ്പാപ്പായുടെ പ്രതിനിധി എന്നുള്ള നിലയിൽ തിരുമേനി പ്രത്യേകം ബഹുമാനിക്കുന്നു എന്നും കേരളകത്തോലിക്കരുടെ ഈ വിശ്വസ്തതയേയും സ്നേഹത്തേയും അവിട്ടത്തോടുള്ള നിസ്സീമമായ ബഹുമാനാദരങ്ങളേയും അവിട്ടത്തെ അഭിജ്ഞനിർവ്വഹണത്തിലുള്ള സഹകരണസന്നദ്ധതയേയും തിരുമനസ്സറിയിക്കുന്നതാണെന്നും ഇൻറർനൺസിയോ തിരുമേനി സാനന്ദം പ്രകടമാക്കി. സന്നിഹിതരായിരുന്ന എറണാകുളത്തെ 200-ൽപരം പ്രശസ്താതിഥികളടങ്ങിയ ഈ സമ്മേളനത്തിൽ പങ്കെടുക്കുന്നതിൽ തിരുമേനിക്കുള്ള സന്തോഷത്തെ രേഖപ്പെടുത്തിക്കൊണ്ട് പ്രസംഗം സമാപിപ്പിച്ചു.

വാർത്താനുവിഷ്കരണം.


പ്രഥമ ചരമവാർഷികം



പോത്തനാമുഴി മത്തായി ഭാര്യ മറിയം

ആരക്കുഴ

മരണം : 4—12—1954

"ദയാപരനായ ഈശോ, ഈ ആത്മാവിനു നിത്യവിശ്രാന്തി കൊടുത്തരുളണമേ"

R. I. P.


## ഭാഷാഭ്രാന്ത് സിലോണിലും

(സി. ഐ. ജോൺ)

സാധാരണജനങ്ങളുടെ സമാധാനപരമായ ജീവിതത്തെപ്പോലും വെല്ലുവിളിച്ചുകൊണ്ട് ഇന്ത്യയിൽ ഭാഷാസംസ്ഥാനപ്രശ്നം അപകടത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്ന ഈ അവസരത്തിൽ അയൽരാജ്യമായ സിലോണിലും ഭാഷയുടെപേരിൽ കടിപിടികൂടൽ അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിയിരിക്കയാണ്. ഇന്നു സിലോണിൽ അധികാരത്തിലിരിക്കുന്ന യൂണൈറ്റഡ് നാഷനൽപാർട്ടി തമിഴിനും സിംഹളത്തിനും ദേശീയഭാഷയായി അംഗീകാരം കൊടുത്തിരുന്നെങ്കിലും അതിനെതിരായി ഇന്നു പ്രതിപക്ഷകക്ഷികൾ പ്രക്ഷോഭണം ആരംഭിച്ചിരിക്കയാണ്. അവരുടെ വാദം സിലോണിൽ ഒരു ഔദ്യോഗികഭാഷമാത്രമേ പാടുള്ളുവെന്നും അതു സിംഹളമായിരിക്കണമെന്നുമാണ്. സിലോണിൽ 996400 തമിഴരുണ്ട്. അവരോടുള്ള ഒരു വെല്ലുവിളിയായിട്ടാണ് അവർ ഈ പ്രക്ഷോഭണത്തെ കണക്കാക്കുന്നത്. അതുകൊണ്ട് അവർ ഒരു പ്രത്യേക തമിഴ്സംസ്ഥാനം സിലോണിൽ ആവശ്യമാണെന്ന വാദം മുന്നോട്ടുകൊണ്ടുവരുകയും അതിനുവേണ്ടി പ്രക്ഷോഭണം സംഘടിപ്പിക്കുകയും ചെയ്തുകൊണ്ടിരിക്കുകയാണ്.

## ഫ്റാൻസ് വീണ്ടും ഐക്യരാഷ്ട്ര സമിതിയിലേക്ക്

അൾജീറിയൻ പ്രശ്നം ചർച്ചചെയ്യേണ്ടതില്ലെന്നുള്ള U. N. ജനറൽ അസംബ്ലിയുടെ തീരുമാനത്തിന്റെ ഫലമായി ഫ്റാൻസ് വീണ്ടും ഐ. രാ. സമിതിയിൽ സ്ഥാനം സ്വീകരിക്കുവാൻ പോകുന്നതായി ഫ്റഞ്ചുവിദേശകാര്യമന്ത്രി ആൻറണി പിനേ പ്രസ്താവിച്ചിരിക്കുന്നു. അൾജീറിയൻപ്രശ്നം U. N. ജനറൽ അസംബ്ലിയുടെ കാര്യപരിപാടിയിൽ ഉൾപ്പെടുത്തിയതിൽ പ്രതിഷേധിച്ച് ഫ്റഞ്ച് ഗവൺമെണ്ടിന്റെ പ്രതിനിധിസംഘം വാക്കൗട്ട് നടത്തുകയുണ്ടായല്ലോ. ഈ വാക്കൗട്ടിനെ യാതൊരു തരത്തിലും ന്യായീകരിക്കുവാൻപാടില്ലെന്നു അന്നു ശക്തിയായി വാദിച്ചവർതന്നെയാണ് ഇന്നു പ്രസ്തുത പ്രശ്നം ജനറൽ അസംബ്ലിയിൽ ചർച്ചചെയ്യേണ്ടതില്ലെന്ന പ്രമേയവുമായി മുന്നോട്ടു വന്നിരിക്കുന്നത്. അൾജീറിയ, മൊറോക്കോ, ട്ണീഷ്യ മുതലായ സ്ഥലങ്ങളിലെ ജനങ്ങൾ ദേശീയ സ്വാതന്ത്ര്യത്തിനുവേണ്ടി നടത്തുന്ന സമരത്തിൽ ജനാധിപത്യരാജ്യങ്ങൾ എല്ലാംവിധ പിന്തുണയും നൽകി സഹായിക്കേണ്ടതുണ്ട്. കൊളോണിയലിസത്തിനു വളംവച്ചുകൊടുക്കുന്നതിനു തീരായി കഴിവിന്റെ അങ്ങേയററം വരെ ഉപയോഗിക്കുവാൻ കടമയുള്ള ഇൻഡ്യയെപ്പോലെ ഒരു രാജ്യം അൾജീറിയൻ പ്രശ്നം പോലെ സങ്കീർണ്ണവും കൊളോണിയലിസത്തിന്റെ ദൂഷിച്ചവശങ്ങൾ ഉൾക്കൊള്ളുന്നതുമായ ഒരു പ്രശ്നം U. N. ജനറൽ അസംബ്ലിയിൽ തീരുമാനിക്കേണ്ടതില്ലെന്നുള്ള പ്രമേയവുമായി മുന്നോട്ടു വരുന്നതു കാണുമ്പോൾ നിഷ്പക്ഷരാഷ്ട്രീയനിരീക്ഷകന്മാർക്ക അത്ഭുതത്തെക്കാളധികം സങ്കടമാണുണ്ടാകുന്നതു്. അൾജീറിയൻ പ്രശ്നംപോലെയുള്ള ഒരു പ്രശ്നം ചർച്ചചെയ്യുവാൻ U. N. ജനറൽ അസംബ്ലിക്ക് അധികാരമില്ലെങ്കിൽപിന്നെ എന്തിനാണ് ഞങ്ങളെല്ലാം ഇവിടെ വന്നിരിക്കുന്നതെന്നാണ് അന്ന് മി. വി. കെ. കൃഷ്ണമേനോൻ ചോദിച്ചതു്? ആ ചോദ്യത്തിന്റെ പ്രതിധ്വനി നിലച്ചുവാൻ കാലമാകുന്നതിനു മുൻപ് ഇത്തരം ഒരു പ്രമേയം അവതരിപ്പിച്ചതിന്റെ ഉദ്ദേശ്യമീതിയെന്താണ്? ഈ ചോദ്യം ചെയ്യത്തെ പ്രസ്തുതപ്രമേയത്തിന്റെ ഉള്ളിലുള്ള അർത്ഥം എന്തുതന്നെയായിരുന്നാലും ഇൻഡ്യക്ക് ഇൻറർനാഷനൽ ഫീൽഡിൽ ഇന്നുള്ള സ്ഥാനത്തെ ചോദ്യം ചെയ്യത്തക്കതരത്തിൽ ഗൗരവതരമായ പ്രത്യാഘാതങ്ങൾക്ക പ്രസ്തുതപ്രമേയം വഴിതെളിക്കുവാനിടയുണ്ട്.


Thanksgiving



For Favours Received

Mr. & Mrs. V. D. Joseph
Veliyathe House Koratty


## റഷ്യയുടെ ഹൈഡ്രജൻ പരീക്ഷണം

ഈ നവംബർ 24-ാംനു അമേരിക്കയിൽനിന്നും പ്രചരിച്ച റിപ്പോർട്ടുകളിൽ സോവിയറ്റുയൂണിയൻ അവരുടെ ഏറ്റവും വലിയ ന്യൂക്ലിയർ സ്ഫോടനം നടത്തിയിരിക്കുന്നതായി ആറ്റോമിക് എനർജി കമ്മീഷൻ പ്രസ്താവിച്ചിരിക്കുന്നു. അതിനു് അനവധിലക്ഷം T. N. T. യുടെ സ്ഫോടനശക്തി ഉണ്ടായിരുന്നതായാണ് പറയപ്പെടുന്നതു്. സ്ഫോടനത്തിന്റെ വലിപ്പംകൊണ്ടു് അതു ഏറ്റവും ശക്തി കൂടിയ ഒരു ഹൈഡ്രജൻ ബോംബാണെന്നു കണക്കാക്കാവുന്നതാണെന്ന് കമ്മീഷൻ റിപ്പോർട്ടിൽ പറയുന്നതു്.

ഇത്തരത്തിലുള്ള റഷ്യൻ ആണവപരീക്ഷണങ്ങളിൽനിന്നും ഒരു കാര്യം സ്പഷ്ടമായി തെളിയുന്നുണ്ട്. സോവിയറ്റുയൂണിയൻ അവരുടെ ആയുധശക്തി വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഇന്നു് അങ്ങേയററം പരിശ്രമിക്കുന്നുണ്ടെന്നും അവരുടെ ദേശീയവരുമാനത്തിന്റെ ഒരു വലിയ ഭാഗം മാരകായുധനിർമ്മാണത്തിനും പരീക്ഷണങ്ങൾക്കുംവേണ്ടി ചെലവഴിക്കുന്നുണ്ടെന്നും. ഇൻഡ്യയിൽ പര്യടനം നടത്തിക്കൊണ്ടിരുന്ന ബുൾഗാനിനും ക്രൂഷ്ചേവും പോലും ഇക്കാര്യം തുറന്നു സമ്മതിക്കുകയുണ്ടായി. അതിനെ സ്ഥിരീകരിക്കത്തക്ക ഒന്നാണ് മി. ക്രൂഷ്ചേവ് ബാംഗ്ലൂരിൽവച്ചു ചെയ്ത പ്രസംഗത്തിൽ വളരെ ഏറെ സ്ഫോടന ശക്തിയുള്ള ചില ആയുധങ്ങൾ റഷ്യയിലുണ്ടെന്നു പറഞ്ഞതു്. എന്നാൽ ആദ്യം അതു് സോവ്യൂണിയൻ ഉപയോഗിക്കുകയില്ലെന്നും അദ്ദേഹം പറയുകയുണ്ടായി. ഈ പ്രസ്താവനയുടെ അടിയിലുള്ള ആത്മാർത്ഥത എത്രമാത്രം വലുതാണെന്നു പറയുക സാദ്ധ്യമല്ലെങ്കിലും ഇത്തരം പരീക്ഷണങ്ങൾ ആരുടെ ഭാഗത്തുനിന്നായാലും സമാധാനകാമുകരുടെ സമാധാനനഷ്ടങ്ങൾക്ക് വളരെ ഏറെ ചിന്താക്കുഴപ്പം ഉണ്ടാക്കുവാനുപകരിക്കുമെന്നു്. അമേരിക്കയും അടുത്തുതന്നെ ചില പരീക്ഷണങ്ങൾ നടത്തുവാൻ പോകുന്നതായി അവിടത്തെ അധികാരികൾ പ്രസ്താവിച്ചിട്ടുണ്ട്. ന്യൂക്ലിയർ ആയുധങ്ങളുടെ ഉപയോഗത്തെ തടഞ്ഞുനിർത്തണമെന്നു ശക്തിയായി ചില അവസരങ്ങളിലെല്ലാം വാദിക്കാറുള്ള ഈ മഹാശക്തികൾ ഇത്തരത്തിലുള്ള പരീക്ഷണങ്ങൾ വീണ്ടും വീണ്ടും നടത്തുന്നതു് ഒരുതരം ഭയപ്പെടുത്തലാണോ അതോ അവ ഏറ്റവും പ്രയോഗിക്കുവാനുള്ള ഒരുക്കമാണോ എന്നു് സംശയിക്കപ്പെടേണ്ടിയിരിക്കുന്നു.

—o—


മഞ്ഞുകാലം


ആരംഭിക്കുന്നതുമുതൽ ശീതമാണ് അനുഭവപ്പെടുന്നതെങ്കിലും, യഥാർത്ഥത്തിൽ ഈ കാലം മുതൽ ദേഹാന്തർഭാഗങ്ങളിലെ ചൂട് വർദ്ധിക്കയും, ദേഹത്തിലുള്ള സ്നിഗ്ദ്ധാംശം ക്ഷയിക്കുകയുമാണ് ചെയ്യുന്നതു്. ഇതിന്റെ ദൃഷ്ടാന്തമാണ് മഞ്ഞുകാലംമുതൽ വാതപിത്തങ്ങളുടെ (വായുവിന്റെയും ചൂടിന്റെയും) ആധിക്യത്തിൽനിന്നുണ്ടാവുന്നവകളായ മലബന്ധം, മൂലക്കുരു (അർശസ്സ്), വായുസ്തംഭനം (ഗ്യാസ്ട്രബിൾ), നീർവീഴ്ച, തുമ്മൽ, ചുമ, ക്ഷയം, പനി, ദേഹം മെലിച്ചിൽ, ഏമ്പക്കൽ, വയറുവേദന, രക്തപിത്തം (വായ, മൂക്ക്, മലദ്വാരം മുതലായ മാർഗ്ഗങ്ങളിൽകൂടിയുള്ള രക്തബഹിർഗ്ഗമനം), രക്തക്ഷയം, തലചുററൽ, വയറുകത്താളിച്ച, അസ്ഥിസ്രാവം, ശുക്ലസ്രാവം (ഇന്ദ്രിയസ്ഖലനം), കാൽവിള്ളിച്ച, ചുണ്ടുവിള്ളിച്ച മുതലായ രോഗങ്ങൾ വർദ്ധിക്കുന്നതായും, ഉത്ഭവിക്കുന്നതായും കണ്ടുവരുന്നതു്.

കാലം മാറുമ്പോൾ പ്രകൃതിയിൽ കാണാവുന്നതുപോലെതന്നെ നമ്മുടെ ദേഹത്തിലുള്ള ഭൂമി, ജലം, അഗ്നി, വായു, ആകാശം എന്നീ പഞ്ചഭൂതങ്ങൾക്കും—വാതം, പിത്തം, കഫം എന്നീ ത്രിദോഷങ്ങൾക്കും—കാലംമാറുമ്പോൾ ഏററക്കുറച്ചിലുകൾ സംഭവിക്കുകയും, തദനുസരണമുള്ള രോഗങ്ങൾ പിടിപെടുകയും ചെയ്യുമെന്നുള്ളതുകൊണ്ട് ദേഹത്തിലെ പഞ്ചഭൂതങ്ങളിൽ കുറഞ്ഞുപോകുന്നവയെ വർദ്ധിപ്പിച്ചുകൊണ്ടിരിക്കയും, വർദ്ധിച്ചുകൊണ്ടിരിക്കുന്നവയെ കുറച്ചുകൊണ്ടിരിക്കുകയും ചെയ്യുന്നതായാൽ മാത്രമേ കാലം മാറുമ്പോഴുണ്ടാകാവുന്ന രോഗങ്ങൾ ബാധിക്കാതിരിക്കയുള്ളു എന്നാണ് "ആയുർവ്വേദം" ഉപദേശിക്കുന്നതു്. ഏററവും അർത്ഥവത്തായ ഈ ഉപദേശമനുസരിച്ച് പ്രവർത്തിക്കുവാൻ ആഗ്രഹിക്കുന്നവർക്ക്, മഞ്ഞുകാലംമുതൽ ദേഹത്തിൽ വർദ്ധിച്ചുകൊണ്ടിരിക്കുന്ന ഉഷ്ണാംശത്തെ (അഗ്നിവായുക്കളെ) കുറക്കുന്നതിനും, ദേഹത്തിൽനിന്ന് ക്ഷയിച്ചുകൊണ്ടിരിക്കുന്ന സ്നിഗ്ദ്ധാംശത്തെ (കഫത്തെയും ധാതുക്കളേയും) വർദ്ധിപ്പിക്കുന്നതിനുംവേണ്ടി—ദേഹത്തിലെ ശീതോഷ്ണങ്ങളെ സാമ്യമാക്കിതീർക്കുന്നതിനുവേണ്ടി—മലബന്ധം, അർശസ്സ്, വയറുവീക്കൽ, നീർവീഴ്ച മുതലായ രോഗങ്ങൾ ബാധിക്കാതിരിക്കുന്നതിനുവേണ്ടി—ഉപയോഗിപ്പാൻ കാളൻ'സ് ദ്രാക്ഷാഘൃതവും, ശാരിബാതൈലവും ഏററവും ഉത്തമമായിട്ടുള്ള സ്നേഹദ്രവ്യങ്ങളാണെന്ന് സ്വാനുഭവങ്ങളാൽ അവരവർക്കുതന്നെ ബോധ്യമാവുന്നതാണ്.

| | |
|---|---|
| ദ്രാക്ഷാഘൃതം 5/8 (അരേത്താക്കാൽ) റാ: കുപ്പി 1ക്ക് | 4—0—0 |
| ശാരിബാതൈലം 19 ഔൺസ് കുപ്പി 1ക്ക് | 3—0—0 |

9-6-0 മുൻകൂർ അയക്കുന്നവർക്ക് ഉപയോഗക്രമങ്ങളടക്കം ടി. ഔഷധങ്ങൾ രണ്ടും രജിസ്റ്റേർഡ് പാർസലായി (പോസ്റ്റൽമാർഗ്ഗം) അയച്ചുകൊടുക്കുന്നതാണ്.

N. B. ടി. ഔഷധങ്ങൾ കണ്ണൂർ, തലശ്ശേരി, കോഴിക്കോട്, പാലക്കാട്, കോയമ്പത്തൂർ, തൃശ്ശൂർ, എറണാകുളം, കോട്ടയം, ആലപ്പുഴ, കൊല്ലം, തിരുവനന്തപുരം എന്നീ സ്ഥലങ്ങളിലുള്ള കാളൻ'സ് സെയിൽസ് ഡിപ്പോകൾ വഴിയായും, തിരു-കൊച്ചിയിലും മദ്രാസ് സംസ്ഥാനത്തിലുമുള്ള 170-ൽപരം ഏജൻസികൾ വഴിയായും, ഇന്ത്യയിലെ മററു സംസ്ഥാനങ്ങളിലും, സിലോൺ, സിങ്കപ്പൂർ, ബർമ്മ, പേർഷ്യ, മുതലായ വിദേശങ്ങളിലും, റെയിൽവെ മാർഗ്ഗമായും, തപാൽ മാർഗ്ഗമായും മററും വിതരണംചെയ്തുകൊണ്ടിരിക്കുന്നു. അനുകരണങ്ങളാൽ വഞ്ചിതരാകാതിരിപ്പാൻ പ്രത്യേകം സൂക്ഷിക്കണം.



കാളൻ, നെല്ലായി.

ഒരു ഭാവന

# "എറിക്കിസ്ഥാനം വേണ്ട വേണ്ടാ!"

(ടി. എം. കുര്യാക്കോസ് ബി. എ.)

അന്നൊരു വ്യാഴാഴ്ചയായിരുന്നു. സമയം സന്ധ്യയോടടുത്തിരുന്നു. അന്നാണു് എൻറെ ചിരകാലപ്രാർത്ഥിതമായ ആഗ്രഹം സംപ്രാപ്യമായതു്. എനിക്കു് ഒരു ചെറുകഥാകൃത്തുമായി സമ്പർക്കം പുലർത്തണം. അതുവഴിയായി സാഹിത്യനഭോമണ്ഡലത്തിൽ ഒരു കൊച്ചുതാരകയായി വിരാജിക്കണം. ഇതെല്ലാമായിരുന്നു എൻറെ ആഗ്രഹങ്ങൾ.

ഞാൻ കോഴിക്കോട്ടേക്കു പോകുവാനായി ട്രെയിനുംകാത്തു് ആലുവാസ്റ്റേഷൻ വെയിററിംഗ്റൂമിൽ ഇരിക്കുകയായിരുന്നു. എൻറെ വലതുവശത്തായി, സാമാന്യം മുഷിഞ്ഞതെങ്കിലും പരസ്യക്കടലാസുപോലെയുള്ള തുണികൊണ്ടു തുന്നിയ ബുഷ്ഷർട്ടും, ലിനൻ സിംഗിളും, ഏതാണ്ടൊരു ചെമപ്പുനിറത്തിലുള്ള ഷോളും ധരിച്ച മുപ്പത്തിരണ്ടോടടുത്ത ഒരു മാന്യൻ സിഗററിൻറെ ധൂമപടലത്താൽ പരിസേവിതനായി ആസനസ്ഥനായിരിക്കുന്നുണ്ടു്. അദ്ദേഹത്തിൻറെ മടിയിൽ കുറെ തുണ്ടുകടലാസുകളും, കൈയിൽ ഒരു പേനായുമുണ്ടു്. എന്തോ ഗാഢമായി ചിന്തിക്കുന്ന ലക്ഷണമുണ്ടു് ആ മുഖത്തു്. ഞാൻ ജിജ്ഞാസയാൽ പ്രേരിതനായി അദ്ദേഹത്തിൻറെ മടിയിലിരുന്ന കടലാസിലേക്കു കണ്ണോടിച്ചു. അതിൽ "അവനും സ്നേഹിക്കണം" എന്നുമാത്രം എഴുതിയിരിക്കുന്നതായി കണ്ടു. അദ്ദേഹം ഒരു ചെറുകഥാകൃത്താണെന്നും എന്തോ പ്ലോട്ടാലോചിക്കുകയാണെന്നും എനിക്കു മനസ്സിലായി. ഒരു ചെറുകഥാകൃത്തുമായി പരിചയപ്പെടുവാൻ കിട്ടിയ അവസരം പാഴാക്കരുതല്ലോ എന്നു കരുതി അദ്ദേഹത്തോടു് ഒന്നുകൂടി സമീപിച്ചിരുന്നശേഷം ഞാൻ ഒന്നു ചുമച്ചു. രണ്ടു ചുമച്ചു. കഥാകാരൻ അനങ്ങുന്ന ഭാവമേയില്ല.

അപ്പോൾ എനിക്കൊരവസരം കിട്ടി. ധിക്കാരിയായ വൊലാനിലൻ ഒരു ചെറുകഥാകൃത്തിനേയോ അയാളുടെ പേനത്തുമ്പിനേയോ അശേഷം കൂസാതെ കയറിവന്നു് ആ മഹത്തായ അങ്കതലേ അധിവാസം ചെയ്തിരുന്ന ഒരു തുണ്ടുകടലാസിനെ തള്ളിത്താഴെയിട്ടു. ഞാൻ വേഗം കുനിഞ്ഞു് അതു് എടുത്തുകൊടുത്തു. എനിക്കു് ഒരു "താൻക്സ്" കിട്ടി. വെളുവെളെ ചിരിച്ചുകൊണ്ടു് "No mention please" എന്നു് ഞാനും തട്ടിവിട്ടു. ഈ യാദൃശ്ചികസംഭവത്തെ അടിസ്ഥാനമാക്കി കലാകാരന്മാരോടും മററങ്ങനെയുള്ളവരോടും ഇന്നത്തെ ലോകം കാണിക്കുന്ന അനീതികളെപ്പററി ഒരു ചെറുപ്രസംഗംതന്നെ അവിടെ നടന്നു. "ഞങ്ങൾ ചെറുകഥാകാരന്മാർ സോഡാക്കുപ്പിയുടെ കഴുത്തുപോലുള്ള കവിളുകളോടും, നട്ടെല്ലുമായിട്ടു് അഭിമുഖസംഭാഷണത്തിനു് ഉള്ളിലേക്കു പോയിരിക്കുന്ന വയറോടും, ദാരിദ്ര്യദേവതയുടെ അകമഴിഞ്ഞ അനുഗ്രഹാശിസ്സുകളോടുംകൂടി പഴയ കരിഗ്യാസുവണ്ടിപോലെ തേങ്ങിയും ഞരങ്ങിയും പുരോഗമിക്കുമ്പോൾ, ദേഹിദേഹങ്ങളുടെ വിയോഗത്തെ കഷ്ടിച്ചുമാത്രം തടഞ്ഞുനിറുത്തുമ്പോൾ, കുംഭോദരന്മാരായ മുതലാളിമാർ — ദരിദ്രലക്ഷങ്ങളെ കശക്കിപ്പിഴിഞ്ഞു് പണമുണ്ടാക്കിയ ഈ ചൂഷകന്മാർ — മൃഷ്ടാന്നഭോജനത്തിനുശേഷം എൻറേയും എന്നെപ്പോലെയുള്ളവരുടേയും പ്രയത്നഫലം ചാരുകസേരയിൽ മലർന്നുകിടന്നുകൊണ്ടാസ്വദിക്കുമ്പോൾ ആ വരികളുടെ കർത്താവിൻറെ ആരോഗ്യസ്ഥിതിയെപ്പററി ഒന്നു ചിന്തിക്കുന്നുണ്ടോ? പറയൂ സഖാവേ."

വാക്ധോരണിയിൽ നിമഗ്നനായിരുന്ന എന്നെ ആ ചോദ്യം തട്ടിയെഴുന്നേല്പിച്ചു. അങ്ങേതിലെ വരിക്കപ്ലാവും, തെക്കേതിലെ മൈലാപ്പുമാവും, കാരോട്ടെ ഏത്തവാഴകളും, രണ്ടു തെങ്ങും പിഴുതെറിഞ്ഞശേഷവും വേണമെങ്കിൽ അരക്കൈ നോക്കുവാൻ ഇനിയും കരുത്തുണ്ടെന്ന ഭാവത്തിൽ നമ്മുടെ ഭവനത്തിൻറെ പടിക്കൽ വന്നുനില്ക്കുന്ന ഉഗ്രനായ ഒരു കൊടുങ്കാററിൻറെ ഗാംഭീര്യമുണ്ടായിരുന്നു അപ്പോഴത്തെ ചെറുകഥാകൃത്തിൻറെ നോക്കിലും വാക്കിലുമെല്ലാം. എതിരിത്താൽ ശുണ്ഠിവരുമെന്നു് നിശ്ചയമായിരുന്നതിനാലും എൻറെ ചെറുകഥാഭ്യസനത്തിനു് അതൊരു വിലങ്ങുതടിയായേക്കുമെന്ന ഭയത്താലും ഞാൻ, "സാറു് പറഞ്ഞതു് അപ്പടി ശരിയാ. ലോകത്തിലുള്ള കലാകാരന്മാരെ മുഴുവൻ (റഷ്യയിലേതു് ഒഴിച്ചു്) ഒന്നു വിളിച്ചുവരുത്തിയിട്ടു് "അറെറൻഷ്യൻ" എന്നു "പോലീസ് ഫാഷനിൽ" ഒന്നുപറിയാൽ ഒരുരണ്ണത്തിനു് നിവർന്നുനില്ക്കുവാൻ സാധിക്കുകയില്ല. തീർച്ചയാണു് അക്കാര്യം" എന്നങ്ങു തട്ടിമൂളിച്ചു.

"ബലേ ഭേഷ്! തനിക്കു കാര്യമറിയാം. താനൊരു സമർത്ഥനാണോ!" എന്നിങ്ങനെയുള്ള അഭിനന്ദനവചസ്സുകൾ ചെറുകഥാകൃത്തു മൊഴിഞ്ഞുതുടങ്ങി. എങ്ങോട്ടാണു്, എന്താണു്, ഏതാണു് എന്നും മററുമുള്ള ലോകമര്യാദകൾക്കുശേഷം, ചെറുകഥാപ്രസ്ഥാനത്തിൽ എനിക്കുള്ള അമിതമായ താല്പര്യത്തേയും, ഒരു ചെറുകഥാകാരനാകണമെന്നുള്ള എൻറെ ആഗ്രഹത്തേയും അദ്ദേഹത്തെ അറിയിച്ചു.

"അതിനു് എന്താ ബുദ്ധിമുട്ടു്" എന്ന പ്രത്യുത്തരം എന്നെ ഉഷാറുള്ളവനാക്കിത്തീർത്തു. ഗുരു ഉപദേശം തുടങ്ങി: "ഒന്നാമതായി രസകരമായ ഒരു പ്ലോട്ടു കണ്ടുപിടിക്കണം."

"അതെ, അതാണെനിക്കു വിഷമം. ഭാഷ ഒരുവിധം കൈവശമുണ്ടു്. പോരാഞ്ഞിട്ടു് ഞാനൊരു പഴയ ഏഴാംക്ലാസ്സുകാരനുമാണു്" ഞാൻ എൻറെ ഹൃദയം തുറന്നുകാണിച്ചു.

"പ്ലോട്ടിനെന്താ വിഷമം? സ്വല്പം ഇമാജിനേഷൻ ചെലുത്തി ഒന്നു കണ്ടെടുക്കണം. എത്ര നിസ്സാരമായതിലും കവിതകാണണം കലാകാരൻ. സാർവ്വത്രികമായ ഒന്നുണ്ടു്—പ്രേമം—സകലജാതി മനുഷ്യരും പൂവിട്ടുപൂജിക്കുന്ന, ആദരിക്കുന്ന, ഇഷ്ടപ്പെടുന്ന ഒരു വാക്കാണതു്."

ട്രെയിനിൻറെ ചൂളംവിളി അങ്ങകലെ കേട്ടുതുടങ്ങി. ഞങ്ങൾ രണ്ടാളും സംസാരം നിറുത്തി എണീററു. ഞാൻ എൻറെ ബാഗും കൂടയുമെടുത്തു് കഥാകൃത്തിനെ പിഞ്ചെന്നു. ഒരുവിധത്തിൽ ഒരു "പിഴിച്ചിലിനു"ശേഷം ട്രെയിനിനുള്ളിൽ കടന്നു. ഒരു മൂലബെഞ്ചു് അടുത്തടുത്തായി ഇരുപ്പുറപ്പിച്ചു. മൂന്നാംക്ലാസ് കമ്പാർട്ടുമെൻറായിരുന്നു അതു്. മൂന്നാംക്ലാസ്സിൽ "സാധാരണക്കാരോടൊപ്പം" ഇരിക്കുന്നതു് ഒരു പോരായ്മയായി തോന്നിയിട്ടോ, അതോ തൻറെ പാപ്പരത്വത്തെ മറച്ചുപിടിക്കുന്നതിനായിട്ടോ, എന്തോ അയാൾ തട്ടിവിടുകയാണു്, "മൂന്നാംക്ലാസ്സിൽ കയറിയതു് സാധാരണക്കാരൻറെ ജീവിതം കണ്ടു മനസ്സിലാക്കുന്നതിനുവേണ്ടിയാണു്. അതുപോലെ കലാകാരന്മാർ കൊട്ടാരങ്ങളേയും, മണിമന്ദിരങ്ങളേയും രാജാക്കന്മാരേയും, പ്രഭുക്കളേയും വിട്ടൊഴിഞ്ഞു് സാധാരണക്കാരേയും, കുടിലുകളേയും സമാശ്ലേഷിക്കണം" എന്നും മററുമുള്ള തത്വശകലങ്ങളെല്ലാം. എനിക്കു ചിരിവന്നു ഇയാളുടെ സംസ്കാരപാപ്പരത്വമോർത്തപ്പോൾ. ഞാൻ ചിരിച്ചില്ല, ഗുരുവിനെ ബഹുമാനിക്കണമല്ലോ എന്നോർത്തു്.

ചെറുകഥാകാരൻറെ ചിന്താഗതിയെ വീണ്ടും ചെറുകഥാവിശകലനത്തിലേക്കു തിരിച്ചുവിടുന്നതിനായി "പ്രേമം ചെറുകഥയുടെ മൂലമാണു്, അല്ലേ?" എന്നൊരു സംശയം ഞാനുന്നയിച്ചു.

"തീർച്ചയായും. പ്രേമമില്ലാത്ത ചെറുകഥകളില്ല. ചെറുകഥകളിലില്ലാത്ത പ്രേമവുമില്ല. ഞാൻതന്നെ ഇപ്പോൾ ഒരു ചെറുകഥയ്ക്കു പ്ലോട്ടാലോചിച്ചുകൊണ്ടിരിക്കുകയാണു്. തലക്കെട്ടുമാത്രമെഴുതി, "അവനും സ്നേഹിക്കണം." ഈ തലവാചകത്തിൽ ഈ കഥയെപ്പററിയുള്ള സകല സംഗതികളും വ്യക്തമാണു്. അതു് എന്തൊക്കെയാണെന്നു പറയാമോ?" എന്നു് എൻറെനേരെ ഒരു ചോദ്യവും എടുത്തെറിഞ്ഞു.

എൻറെ കഴിവില്ലായ്മയെ ഞാൻ തുറന്നു സമ്മതിച്ചു.

അദ്ദേഹം തുടർന്നു: "ലോകത്തിലങ്ങോളമിങ്ങോളമുണ്ടായിട്ടുള്ളതും, ഉണ്ടാകുവാൻ പോകുന്നതുമായ സകലതും ഈ തലവാചകത്തിൽ അടങ്ങിയിട്ടുണ്ടു്. ഇങ്ങനെ സർവ്വസമ്മതമായ, ആശയസമ്പുഷ്ടമായ ആദർശഗംഭീരമായ ഒരു തലക്കെട്ടുകൊടുക്കണം കഥയ്ക്കു്. ഈ ഹെഡിംഗിൽതന്നെ സ്നേഹമെന്നൊന്നുണ്ടെന്നും, അതു് ഒരുത്തരുടേയും കുത്തകയല്ലെന്നും, ഏവരുടേയും പ്രകൃതിദത്തമായ അവകാശമാണെന്നും. അതിനെ തടയുവാൻ ആർക്കും അധികാരമില്ലെന്നും മററുമുള്ള ഗംഭീരാദർശങ്ങൾ ഉൾക്കൊള്ളിച്ചിരിക്കുന്നു. ഇനി, രണ്ടാളുവേണമല്ലോ കഥാപാത്രങ്ങളായിട്ടു്—ഒരു നായകനും നായികയും—നായികാനായകന്മാരുടെ തിരഞ്ഞെടുപ്പിൽ, പ്രത്യേകം ഒരു കാര്യം ശ്രദ്ധിക്കണം കഥ "up to date" ആകണമെങ്കിൽ നായകൻ ദാരിദ്ര്യക്ലേശമനുഭവിക്കുന്നവനും അധഃകൃതനുംകൂടിയായിരിക്കണം."

"അപ്പോൾ നായികയും വല്ല 'ചിരുത'യോ 'കുറുമ്പ'യോ മററോ ആയിരിക്കണമല്ലോ. എങ്കിലല്ലാതെ "മാച്ച്" (match) ചെയ്യുമോ?" എന്ന എൻറെ ചോദ്യം ചെറുകഥാകൃത്തിനെ കോപകലുഷിതനാക്കി.

അയാൾ അലറിത്തുടങ്ങി, "താനൊരു മുരാച്ചിയാണു്. മുതലാളിയുടെ ചെരിപ്പുനക്കിയാണു്. ഒരു ചൂഷകനാണു്. സാധാരണക്കാരൻറെ അവകാശധ്വംസകനാണു്. പതിനെട്ടാം നൂററാണ്ടുകാരനാണു്" എന്നൊക്കെ. സഖാവിൻറെ കോപകാരണം മനസ്സിലാകാതെ ഞാൻ തെല്ലൊന്നമ്പരന്നുപോയി. സാവധാനത്തിലെനിക്കു മനസ്സിലായി സംഗതി. ഞാൻ ക്ഷമ പറഞ്ഞു. സഖാവു ജയിച്ച ഭാവത്തിൽ ഒന്നു നിവർന്നിരുന്നു. ഒരു സിഗററെടുത്തു കടിച്ചുപിടിച്ചുകൊണ്ടു ഷർട്ടിൻറെ പോക്കററുകൾ തോറും തപ്പിത്തുടങ്ങി. ഞാൻ ഉടനെ എൻറെ കൈവശമുണ്ടായിരുന്ന തീപ്പെട്ടി എടുത്തു നീട്ടി. വാങ്ങി സിഗററു് കത്തിച്ചിട്ടു് സ്വന്തം പോക്കററിൽ നിക്ഷേപിതമാകുവാൻ തുടങ്ങിയ തീപ്പെട്ടി ഞാൻ കൈനീട്ടിയതുകാരണം ഒരു "സോറി"യോടുകൂടി എൻറെ കൈയിൽ വന്നുചേർന്നു. സഖാവു് സംഭാഷണം വീണ്ടും തുടങ്ങി.

"നായിക ഉൽകൃഷ്ടകുലജാതയും ധനാഢ്യയുമായിരിക്കണം. നായികയേയും നായകനേയും ചെറുപ്പത്തിലേതന്നെ പരിചിതരാക്കുന്നതും നന്നുതന്നെ. "മിന്നൽ"പ്രണയത്തിലും ഒരു രസികത്വമെല്ലാമുണ്ടു്. യുക്തംപോലെ സന്ദർഭാനുസരണം കഥാകാരനു് തെരഞ്ഞെടുക്കാം. നായികാനായകന്മാരുടെ വിചാരവികാരങ്ങളുടെ നിറപ്പകർച്ചയെ സമ്യക്കായി വിവരിക്കണം. സ്വല്പം "റൊമാൻസ്" കൂട്ടിവേണം വർണ്ണന സാധിക്കുവാൻ. ദുഷിച്ച സമുദായനീതിയെ സൗകര്യാനുസരണം അപലപിക്കണം. മുതലാളിത്തത്തെ അടിച്ചമർത്തുവാൻ ആഹ്വാനം നൽകണം. നായികാപിതാക്കന്മാരെക്കൊണ്ടു് നായകനെ കഠിനമായി മർദ്ദിപ്പിക്കണം. വേണമെങ്കിൽ നായികയുടെ പിതാവിനെക്കൊണ്ടു ഒരു കുടിയിറക്കം നടത്തണം പോരെങ്കിൽ നായകൻറെ പേരിൽ കള്ളക്കേസും കൊടുപ്പിക്കണം. പോലീസുകാർ നായകനെ പിടിക്കണം. മർദ്ദിക്കണം ചോര ഛർദ്ദിക്കുവോളം. ശിക്ഷിപ്പിക്കണം പത്തുപതിന്നാലു കൊല്ലത്തേക്കു്. ജയിലിൽനിന്നും പുറത്തു വരുമ്പോൾ വളർന്ന ശ്മശ്രുക്കളോടും, കുണ്ടിലാണ്ടകണ്ണുകളോടും, വളഞ്ഞു് എല്ലുന്തിയ ശരീരത്തോടും കൂടിയ ക്ഷയരോഗബാധിതനെയായിരിക്കണം ലോകം ദർശിക്കുവാൻ. ഇവിടെയും കഥയുടെ ആസ്വാദ്യത വർദ്ധിപ്പിക്കുവാൻ പോലീസ്ഭരണത്തെ താറടിക്കുവാൻ മർദ്ദനരീതികളേയും മററും ഒന്നു് വിവരിക്കുന്നതും വിപുലീകരിക്കുന്നതും നന്നായിരിക്കും. ജയിലിൽനിന്നും പുറത്തു വന്ന ക്ഷയരോഗിയായ ആ സന്തപ്തചിത്തൻ നായികയുടെ ഗൃഹസവിധത്തിലെത്തണം ഒന്നുകിൽ സിംഹതുല്യരായ ശ്വാക്കൾ ഗർജ്ജിച്ചുകൊണ്ടു ചാടിവരണം. അല്ലെങ്കിൽ നായികയെ അവൻ കാണണം. നായിക ദയാലേശമെന്യേ അവനെ ആട്ടി ഓടിക്കണം. അവസാനഭാഗത്തു് നായികയുടെ മണിമേടയിലെ ഇന്ദ്രാണീസദൃശമായ ജീവിതത്തേയും,

E. C. & Co. JEWELLERS
സ്വർണ്ണാഭരണവ്യാപാരം
വാഴക്കുളം & മൂവാററുപുഴ
ശരി തൂക്കം, ശരി മാററു്, അന്നന്നത്തെ നിലവാരം
Prop. ഇ. സി. നാരായണനാചാരി
(ഇഞ്ചിക്കണ്ടത്തിൽ)

ദി കാത്തലിക്കു് ബാങ്കു് ഓഫ് ഇന്ത്യാ (ക്ലിപ്തം)

(1938-ൽ സ്ഥാപിച്ചതു്)

ഹെഡാഫീസ്: ചങ്ങനാശേരി

ശാഖകൾ:— ആലപ്പുഴ, അതിരമ്പുഴ, ചങ്ങനാശേരി, ഇടത്വാ, കാഞ്ഞിരപ്പള്ളി, കോട്ടയം, മണിമല, തിരുവനന്തപുരം.

അഭിവൃദ്ധി പത്രിക

| വർഷം | അടച്ചുതീർത്ത മൂലധനം | സ്ഥിരനിക്ഷേപം | ആകെ നിക്ഷേപം | പ്രവർത്തന മൂലധനം |
|---|---|---|---|---|
| 1946 | 4,75,420 | 9,90,671 | 15,39,463 | 21,80,311 |
| 1948 | 5,50,490 | 12,16,474 | 17,09,083 | 24,63,575 |
| 1950 | 5,95,250 | 15,49,027 | 20,90,505 | 28,87,573 |
| 1952 | 5,97,150 | 20,91,306 | 26.63,760 | 33,67.402 |
| 1954 | 5,97,150 | 22,46,601 | 29,22,345 | 36,50,149 |

എല്ലാവിധ ബാങ്കിംഗ ഇടപാടുകളും നടത്തപ്പെടും.

കുഞ്ചെറിയാ ററി. മാറാട്ടുകളം എം. എ. (മാനേജിംഗ് ഡയറക്ടർ

"തെരുവിലെ തെണ്ടി"യുടെ ഹീനമായ ദിനചര്യയേയും താരതമ്യപ്പെടുത്തുന്നതും കൊള്ളാം. നായകൻ ചുമച്ചു് ചുമച്ചു് വേച്ചു വേച്ചു് അങ്ങകലത്തിൽ മറയണം."

"എന്താ മിസ്റ്റർ, കഥ എങ്ങനെ?" എന്ന ചോദ്യം കേട്ടു് സ്വപ്നലോകത്തിൽ നിന്നെന്നപോലെ ഞാൻ ഞെട്ടിയുണർന്നു. ശേഷായിരിക്കുന്നു എന്ന എന്റെ അഭിപ്രായം കഥാകാരനെ സംതൃപ്തനാക്കി. എനിക്കൊരു സംശയം തോന്നുന്നുണ്ടു് എന്നു് അറിയിച്ചപ്പോൾ "ചോദിക്കൂ തീർത്തുതരാം" എന്നു അദ്ദേഹം സമ്മതം മൂളി.

"ചെറുകഥകളിൽ, നിലവിലുള്ള സകല വ്യവസ്ഥിതികളേയും ഗുണദോഷവിവേചനം കൂടാതെ അപലപിക്കുന്നതും, സകല ധാർമ്മികമൂല്യങ്ങളേയും നിർദ്ദയം ചവുട്ടി മെതിക്കുന്നതും, മനുഷ്യമനസ്സിന്റെ ബലഹീനതയെ ഒരു മഹാ അനുഗ്രഹമാക്കി ചിത്രീകരിക്കുന്നതും, അപക്വമതികളെ അപഥസഞ്ചാരത്തിനിടയാക്കിയേക്കാവുന്ന രീതിയിൽ കഥയെ നെയ്തെടുക്കുന്നതും, യുവത്വത്തിന്റെ കോമളിമയിൽ ആകൃഷ്ടരായി ചില വിടന്മാർ കാട്ടിക്കൂട്ടുന്ന മൃഗീയചേഷ്ടകളെ പരിശുദ്ധ പ്രേമത്തിന്റെ പ്രതിബിംബനമായി പ്രകീർത്തിക്കുന്നതും കലയെ വ്യഭിചരിപ്പിക്കുകയല്ലേ? സുകുമാരകലകളെ, സമുദായഗാത്രത്തിൽ വീണിരിക്കുന്ന പുഴുക്കുത്തുകളെ ചൂണ്ടിക്കാണിച്ചു ദുരാചാരങ്ങൾക്കും അനാവശ്യങ്ങൾക്കുമെതിരായി സധീരം പോരാടി സാമുദായികപരിഷ്കരണത്തിനു വേണ്ടി, മനുഷ്യന്റെ മാനസികവും കായികവുമായ ഉന്നതിക്കു വേണ്ടി, ഉപയുക്തമാക്കേണ്ടതല്ലേ?"

എന്റെ ഈ സംശയം കലാകാരനെ കോപം കൊള്ളിച്ചു "തന്റെ ഈ പടാത്ത പോലെ കഥയെഴുതിയാൽ വായിക്കുവാനാളു കാണുകയില്ല. എന്നു മാത്രമല്ല അത്തരം "മോറൽ സ്റ്റോറിസിനു" തീരെ മാർക്കറ്റുമില്ല. എന്റെ ഈ കഥതന്നെ സ്വല്പം "മോറൽ" ആയിപ്പോയില്ലേ എന്നു ഞാൻ സംശയിക്കുന്നു. എടോ! സദാചാരവും സന്മാർഗ്ഗവും പ്രസംഗിച്ചുകൊണ്ടു നടന്നാൽ എന്താണനുഭവമെന്നറിയാമോ? പരിഷ്കൃതമാനസരുടെയിടയിൽ അവഹേളനപാത്രമാകാം. അതു തന്നെയോ, അരിക്കാശുപോലുമൊക്കത്തുമില്ല തനിക്കു് ഒരു കഥാകാരനാകണമോ, തന്റെ ആദർശമൊക്കെ വല്ല "അയൺസേഫിലും" വച്ചുപൂട്ടി രംഗത്തിറങ്ങി, വായിച്ചാൽ ഇക്കിളി ഉളവാക്കുന്ന കഥകളെഴുതു്. താൻ യുവലോകത്തിന്റെ അല്ല "പരിഷ്കൃതമാനസരുടെ" മുഴുവൻ ആരാധനാപാത്രമാകും."

എന്റെ ശ്രേയസ്സിനുവേണ്ടിയുള്ള ചെറുകഥാകൃത്തിന്റെ ഉപദേശത്തിനു ഞാൻ നന്ദി പ്രകാശിപ്പിച്ചു. ആദർശവും അഭിമാനവും വിററുതിന്നിട്ടു്, ജീവിതത്തിന്റെ കവാടത്തിങ്കലേക്കു് പിച്ചവച്ചു വരുന്ന യുവഹൃദയങ്ങളെ വഴിപിഴപ്പിച്ചിട്ടു്, സാഹിത്യലോകത്തിൽ എനിക്കു സ്ഥാനം വേണ്ട വേണ്ടാ എന്നു ഞാൻ തീർത്തുപറഞ്ഞപ്പോൾ ചെറുകഥാകൃത്തിന്റെ ഉന്മേഷഭാവമെല്ലാം മങ്ങിമറഞ്ഞു, അദ്ദേഹത്തിന്റെ മുഖാരവിന്ദത്തിൽനിന്നും. തൽസ്ഥാനത്തു സ്ഥലംപിടിച്ചതോ, "വയനാടൻമഞ്ഞൾ മുറിച്ചാ"ലുള്ളതു പോലെയൊരു നിറം!

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കുപുറമെ „ 8—12—0

# ചെറുകഥ

## "മനുഷ്യൻ വിലപ്പെട്ടവനാണ്"

(തോമസ്, പാലത്തുങ്കൽ)

അന്തിവാനിന്റെ തിരുനെററിയിൽ സന്ധ്യാതാരം ഉദിച്ചു നിന്നിരുന്നു. നീണ്ടുകിടക്കുന്ന അനന്തമായ നീലജലപ്പരപ്പിലേക്കു നോക്കിക്കൊണ്ടു, ജോസ് ചിന്താമഗ്നനായി നില്ക്കുകയാണ്. അലറിമറിയുന്ന തിരമാലകൾ. മലമറിയുന്നതുപോലെ, അവ ഒന്നിനു പുറകെ ഒന്നായി കടൽത്തീരത്തു വന്നലച്ചു പതയുന്നു. വീണ്ടും വന്നലച്ചു പതയുന്നു. അന്തമില്ലാത്ത തിരമാലകൾ.

ജോസിന്റെ ചിന്തകൾ അന്നു നടന്ന ചടങ്ങുകളെപ്പററിയായിരുന്നു. സെൻറ് വിൻസെൻറ് ഡി പോൾ സംഘത്തിന്റെ വാർഷികമഹായോഗം. പ്രശസ്തപണ്ഡിതന്മാരുടെ ആവേശം കൊള്ളിക്കുന്ന പ്രസംഗങ്ങൾ. ബാലികാബാലന്മാരുടെ വിനോദപ്രകടനങ്ങൾ. എല്ലാം ആനന്ദകരമായിരുന്നു. ചൈതന്യദായകമായിരുന്നു.

മഹാനായ ഫ്രെഡറിക്കു് ഓസ്സാനാമിനെപ്പററി അദ്ധ്യക്ഷൻ ചെയ്ത ഉജ്ജ്വലപ്രഭാഷണം ജോസിന്റെ ഹൃദയത്തെ സ്പർശിച്ചിരുന്നു. അവന്റെ ഭാവന പത്തൊൻപതാംനൂററാണ്ടിലെ ഫ്രാൻസിലേക്കു പറന്നു വിദ്വേഷത്തിന്റെ തീപ്പന്തവും കത്തിച്ചുപിടിച്ചു്, ഭൗതികവാദത്തിന്റെ മൂർച്ചയേറിയ വാൾ ചുഴററിക്കൊണ്ടു്, പാഞ്ഞടുത്ത പാഷണ്ഡികൾക്കെതിരെ. സത്യത്തിന്റെ ഇരുമ്പുകവചം ധരിച്ചു്, നിർമ്മലമായ ദൈവസ്നേഹത്തിന്റെ മധുരകാഹളം മുഴക്കി, ധീരധീരം പടപൊരുതി മുന്നേറുന്ന ഫ്രാൻസിന്റെ ആ വീരസന്താനത്തെ ഭാവനയിൽ ദർശിച്ചപ്പോൾ, ജോസിന്റെ ഹൃദയത്തിൽ വിപ്ലവത്തിന്റെ അലകളിളകി. അന്നു് ഫ്രെഡറിക്കു ഓസ്സാനാം ഏതൊരു ഭീകരശത്രുവിനെതിരായി പടവെട്ടിയോ. ആ ശത്രു കൂടുതൽ ശക്തി സംഭരിച്ചുകൊണ്ടു് ഇന്നും ആഞ്ഞടുക്കുകയാണ് മനുഷ്യജീവിതത്തെ വെട്ടിവിഴുങ്ങുവാൻ. ആ ശത്രുവിനെതിരായി സമരം ചെയ്യുക. സന്ധിയില്ലാത്ത സമരം. ജീവിതാന്ത്യം വരെ നീണ്ടുനില്ക്കുന്ന ഉഗ്ര സമരം. ഒരു പുതിയ ചൈതന്യം നാമ്പെടുത്തതുപോലെ, ജോസ് ഉന്മേഷഭരിതനായി.

ഇരുളിന്റെ കാല്പാടുകൾ ഭൂമിയിൽ പതിഞ്ഞുതുടങ്ങി. ആകാശദേശത്തുനിന്നു കൊച്ചുനക്ഷത്രങ്ങൾ മങ്ങിയ വെളിച്ചം തെളിച്ചുകൊണ്ടിരുന്നു.

വെള്ളമണൽ വിരിച്ച കടൽത്തീരത്തുകൂടി ജോസ് സാവധാനം നടന്നു. കുറെ അകലെയായി ആരോ ഒരാൾ വളരെ വേഗം നടന്നുപോകുന്നതവൻ കണ്ടു. കടൽത്തീരം വിജനമായിത്തീർന്നിരിക്കുന്ന ആ സമയത്തു അയാൾ എന്തു ചെയ്യാൻ പോകുന്നു? ജോസിന്റെ മനസ്സിൽ സംശയം മുളയെടുത്തു. അവൻ അയാളുടെ പിന്നാലെ എത്തി. അയാൾ കടലിലേക്കു ചാടാൻ ഭാവിക്കുകയാണ്. അയാളെ പ്രതീക്ഷിച്ചിട്ടെന്നതുപോലെ തിരമാലകൾ അലറി ഉയരുന്നു. സംഭ്രമചിത്തനായ ജോസ് പെട്ടെന്നു് അയാളെ കടന്നുപിടിച്ചു.

"വിടൂ വിടൂ," അയാൾ അട്ടഹസിച്ചു.

"ഇല്ല, വിടുകയില്ല." ജോസ് പ്രതിവചിച്ചു.

"വിടൂ, എന്നെ വിടൂ."

"നിങ്ങൾ..."

"ഞാൻ.... ഞാ...ൻ വിടൂ... എന്നെ.... വി...ടൂ."

അയാൾ ജോസിനെ ശക്തിയായി തള്ളി. അവൻ ആ മണൽപ്പരപ്പിൽ മലർന്നടിച്ചുവീണു.

"സോദരാ." മണികിലുക്കംപോലൊരു വിളി ജോസിൽനിന്നു പുറപ്പെട്ടു ആ വിളി, ആത്മഹത്യക്കു ശ്രമിച്ച ആ മനുഷ്യന്റെ ഹൃദയഭിത്തികളിൽ ചെന്നലച്ചു അതിന്റെ മാറെറാലി ചക്രവാളാന്തങ്ങളിൽ മുഴങ്ങി കടൽത്തീരത്തെ മണൽത്തരികൾ കോരിത്തരിച്ചു.

ജോസ് പിടഞ്ഞെഴുന്നേററു "സോദരാ നിങ്ങൾ എന്തിനാണു കടലിൽ ചാടി ആത്മഹത്യ ചെയ്യാൻ ശ്രമിച്ചതു്?"

അയാൾ ശബ്ദിച്ചില്ല. ജീവിതത്തിൽ ആദ്യമായുണ്ടായ ഒരനുഭവം. വെറുക്കപ്പെടുകയും അവഗണിക്കപ്പെടുകയും ചെയ്ത ഒരു ജീവിതത്തിന്റെ ഉള്ളറകളിലേക്കു കാരുണ്യത്തിന്റെ പൂന്തേൻതുള്ളികൾ ഒലിച്ചിറങ്ങുകയാണ്.

"സോദരാ," മധുരോദാരമായ ആ വിളിയുടെ പിന്നിൽ, വിമലസ്നേഹത്തിന്റെ ജീവചൈതന്യം മുററിനില്ക്കുന്ന ഒരു ഹൃദയമുണ്ടു്. ആ ഹൃദയത്തിന്റെ ഉടമസ്ഥൻ മാനവനോ വാനവനോ? അയാൾ വികാരഭരിതനായിനിന്നു.

"എന്റെകൂടെ വരൂ" ജോസ് മുൻപേ നടന്നു. ഹതാശനായ ആ മനുഷ്യൻ നിശ്ശബ്ദനായി, തല താഴ്ത്തി പുറകെയും.

താരകകുമാരികൾ അവരെ നിർന്നിമേഷരായി നോക്കിനിന്നു. എങ്ങുനിന്നോ ഒരു രാക്കുയിലിന്റെ ശോകമധുരമായ ഗാനം നിശാകാലവായുവിലൂടെ ഒഴുകി വന്നു.

ഓലമേഞ്ഞ ഒരു കൊച്ചുവീടു് അവരെ സ്വാഗതംചെയ്തു. ജോസ്, അവന്റെ മുറിതുറന്നു വിളക്കു കത്തിച്ചു. ആ വിളക്കിന്റെ പ്രകാശത്തിൽ, ആത്മഹത്യക്കു ശ്രമിച്ച ആ മനുഷ്യനെ ജോസ് വ്യക്തമായി കണ്ടു. അയാൾ വിയർപ്പിൽ കുളിച്ചുനില്ക്കുന്നു. ചകിരിപോലെയുള്ള തലമുടി. ആ കുഴിഞ്ഞ കണ്ണുകളിൽ ഒരു ദയനീയത വിങ്ങുന്നുണ്ടായിരുന്നു. അയാൾ ആകെ വിവശനായി കാണപ്പെട്ടു

ജോസ് ഒരു കുപ്പിയിൽനിന്നും കുറെ എണ്ണയെടുത്തു ആ മനുഷ്യന്റെ തലയിൽ പുരട്ടി. രണ്ടുപേരും കുളിച്ചു. നിലത്തു ഒരു പായ് വിരിച്ചു ആ മനുഷ്യനെ ഇരുത്തി. ചോറും കറിയും അയാളുടെ മുൻപിൽ എടുത്തുവച്ചു. അയാൾ ഊണുകഴിച്ചുതുടങ്ങി, ആർത്തിയോടുകൂടി.

"കുഞ്ഞു, ചോറുണ്ണുന്നില്ലേ?" ഉണ്ണുന്നതിനിടയിൽ അയാൾ ജോസിനോടു ചോദിച്ചു

"ഞാനിപ്പോൾ ഉണ്ണുന്നില്ല" എന്തോ ആലോചിച്ചുകൊണ്ടു ജോസ് മറുപടിപറഞ്ഞു.

ജോസിന്റെ വിശപ്പു ശമിപ്പിക്കുവാനുള്ള ആഹാരമാണു ആ മനുഷ്യനു നൽകിയതു്. നിതാന്തസമ്മോഹനമായ മനുഷ്യസ്നേഹത്തിന്റെ മണിവീണയിൽ, മധുരമനോജ്ഞമായ ആത്മാർത്ഥതയുടെ തങ്കക്കരാംഗുലികൾ പതിയുന്ന അനർഘനിമിഷങ്ങൾ!

ഊണുകഴിഞ്ഞു് കൈകഴുകി അയാൾ ഒരു കസേരയിൽ ഇരുന്നു.

"പേരെന്താണു്?" ജോസ് ചോദിച്ചു

"ആന്റണി."

"നിങ്ങൾ എന്തിനാണു് ആത്മഹത്യക്കു ശ്രമിച്ചതു്?"

"കുഞ്ഞേ," അയാൾ തന്റെ ജീവിതഗ്രന്ഥം ജോസിന്റെ മുൻപിൽ തുറന്നുവച്ചു. അതിന്റെ താളുകൾ ഓരോന്നായി മറിച്ചു തുടങ്ങി.

"കത്തുന്ന വയറും കറങ്ങുന്ന തലയുമായി എത്രനാളാണു ജീവിക്കുക. പോരെങ്കിൽ അന്യരുടെ ആക്ഷേപങ്ങളും പരിഹാസങ്ങളും സഹിച്ചുകൊണ്ടു്?" ആ വാക്കുകൾക്കു പിന്നിൽ ഒരു കദനമഹാസമുദ്രത്തിന്റെ ഇരമ്പൽശബ്ദം മുഴങ്ങി.

അയാൾ തുടർന്നു: "കുഞ്ഞേ, എന്റെ പിതാവു ഒരു തോട്ടിപ്പണിക്കാരനായിരുന്നു; ഒരു തോട്ടിപ്പണിക്കാരൻ! ഒരുപക്ഷേ കുഞ്ഞിനറിയാമായിരിക്കും ഒരു തോട്ടിപ്പണിക്കാരന്റെ ജീവിതാവസ്ഥ. എല്ലാദിവസവും രാവിലെ അഞ്ചാംനമ്പർ വണ്ടിയുമായി ഇറങ്ങിത്തിരിക്കും, മററു മനുഷ്യർ വിസർജ്ജിച്ച ദുർഗ്ഗന്ധംവമിക്കുന്ന ആ ദുഷിച്ച സാധനങ്ങൾ ശേഖരിക്കുന്നതിനു്. ആ ദുർഗ്ഗന്ധം സഹിക്കുക; ഇഞ്ചിഞ്ചായി മരിക്കുന്നതിനേക്കാൾ ഭയങ്കരമാണതു്. എന്നാൽ ആ ജോലിക്കു കിട്ടുന്ന പ്രതിഫലമോ, വെറും മുപ്പതുരൂപാമാത്രം ആ മുപ്പതുരൂപയിലാണു് ഒരു കുടുംബത്തിന്റെ പ്രാണൻ ബന്ധിച്ചിരുന്നതു്. നിത്യാവശ്യങ്ങളിൽ പലതും ആ മുപ്പതുരൂപകൊണ്ടു നിർവ്വഹിക്കുവാൻ സാധിച്ചിരുന്നില്ല. എന്റെ അമ്മയ്ക്കു ഒരുജോടി നല്ല മുണ്ടും ചട്ടയുംപോലുമില്ലായിരുന്നു. മുഷിഞ്ഞു കീറിപ്പറിഞ്ഞ മുണ്ടുംചട്ടയും തുന്നിത്തയ്ച്ചു് ഉപയോഗിച്ചുകൊണ്ടിരുന്ന എന്റെ അമ്മ ദാരിദ്ര്യത്തിന്റെ പ്രതീകമായിരുന്നു. എല്ലുംതൊലിയുംമാത്രം അവശേഷിച്ചിരുന്ന അമ്മയെനോക്കി ഞാൻ കരഞ്ഞിട്ടുണ്ടു്. അന്നൊക്കെ ഞാൻ വിചാരിക്കുമായിരുന്നു, ഞാൻ പ്രായമാകുമ്പോൾ, വേലയെടുക്കുവാൻ കരുത്തുള്ളവനാകുമ്പോൾ എന്റെ കുടുംബത്തിന്റെ ദാരിദ്ര്യം അവസാനിക്കുമെന്നു്. കണ്ണുനീരിന്റെ ഉറവ വററിപ്പോകുമെന്നു്. എന്റെ പ്രിയപ്പെട്ട മാതാപിതാക്കന്മാർക്കു് വയറുനിറയെ ഒരുനേരത്തെ ആഹാരമെങ്കിലും കൊടുക്കാൻ എനിക്കു സാധിക്കുമെന്നു്. പക്ഷെ......"

ആന്റണിയുടെ കൺപീലികൾ നനഞ്ഞു. ഉടുത്തിരുന്ന മുണ്ടിന്റെ തുമ്പുകൊണ്ടു കണ്ണുതുടച്ചിട്ടു് അയാൾ തുടർന്നു: "കുഞ്ഞേ, എല്ലുമുറിയെ പണിചെയ്തും പട്ടിണികിടന്നും എന്റെ മാതാപിതാക്കന്മാർ എന്നെ ആറാംഫാറംവരെ പഠിപ്പിച്ചു. സ്കൂളിൽ എന്റെ സഹപാഠികൾ എന്നെ കഠിനമായി വെറുത്തിരുന്നു. എന്റെ സാമീപ്യംപോലും അവർ ഇഷ്ടപ്പെട്ടിരുന്നില്ല. കാരണം, ഞാനൊരു തോട്ടിയുടെ മകനായിപ്പോയി. "തോട്ടിയുടെ മകൻ", എന്റെ സഹപാഠികൾ എന്നെ പരിഹാസപൂർവ്വം വിളിക്കുന്നതങ്ങനെയാണു്. അതു കേൾക്കുമ്പോൾ, ആയിരംതേളുകൾ ഒരുമിച്ചു കുത്തിയതുപോലെ എന്റെ ഹൃദയം ചുളുചുളുക്കും. എന്റെ സഹപാഠികളേയും ആ പരിസരങ്ങളേയും ഞാൻ വെറുത്തു. എന്നെ ആർക്കും ആവശ്യമില്ല എവിടേയും വിദ്വേഷവും പരിഹാസവും എന്നെനോക്കി കൊഞ്ഞനംകുത്തി. പഠനത്തിനു വിരാമമിട്ടു് ആ വിദ്യാലയത്തോടു യാത്രപറയുവാൻ ഞാനാഗ്രഹിച്ചു. പക്ഷെ എന്റെ മാതാപിതാക്കന്മാർ! അവരെ നിരാശപ്പെടുത്തുവാൻ പാടില്ല. ഞാൻ പഠിച്ചു മിടുക്കനായി വരുന്നതുകാണാൻ എന്തെന്തു പ്രതീക്ഷകളോടുകൂടിയായിരിക്കും അവർ കാത്തിരിക്കുന്നതു്. ഞാൻ ഉത്സാഹപൂർവ്വം പഠിച്ചു. അങ്ങനെ ആറാംഫാറം പാസ്സായി. തുടർന്നുപഠിക്കുവാൻ വശമില്ലാതിരുന്നതുകൊണ്ടു് എന്തെങ്കിലും ഒരു ജോലി സമ്പാദിക്കുവാനായിരുന്നു പിന്നീടുള്ള എന്റെ ശ്രമം

(ശേഷം 3-ംപേജിൽ)



(12-ാംപേജ് തുടർച്ച)

മെന്നു മനസ്സാ പ്രാർത്ഥിച്ചുകൊണ്ടു അവൻ ജോലിയന്വേഷിച്ചു് നടപ്പായി. ഉച്ച തിരിഞ്ഞപ്പോൾ ഒരു ഹോട്ടലിൽ കയറി ഊണുകഴിച്ചു. ഹോട്ടൽ വിട്ടുപോരുന്നതിനു മുമ്പു മാനേജരെ സമീപിച്ചു് തനിക്കു എന്തെങ്കിലും ഒരു ജോലി തരണമെന്നു് വിനയപൂർവ്വം അപേക്ഷിച്ചു. ഹോട്ടൽ മാനേജർ ഈ യുവാവിൻറ അപേക്ഷ തിരസ്കരിച്ചില്ല. അവനു ഒരു ചെറിയ ജോലികൊടുത്തു. കാലാന്തരത്തിൽ യുവാവിൻറ സൽഗുണങ്ങളിൽ സന്തോഷിച്ചു് ഹോട്ടൽ മാനേജർ അവൻറ ചരിത്രം ആരാഞ്ഞു. "എൻറ പിതാവു ഒരു കച്ചവടക്കാരനായിരുന്നു. മാനമായി കഴിഞ്ഞുകൂടുവാനുള്ള സ്വത്തുക്കൾ കുടുംബത്തിനുണ്ടായിരുന്നു. അസൂയാലുക്കളായ ചില ശത്രുക്കളുടെ ചതിപ്രയോഗം നിമിത്തം കച്ചവടവും മുതലും നശിച്ചു. ആധികൊണ്ടു പിതാവു അകാലത്തു് മരണമടഞ്ഞു. ഞാനും അമ്മയും തനിയെയായി. ജീവിക്കുവാൻ വഴിയില്ലാതായി. ഞാനന്നു തേർഡ് ഫാറത്തിൽ പഠിക്കുകയാണു്. പഠനം നിർത്തി കൂലിവേല എടുത്തു ഞങ്ങൾ ജീവിക്കുവാൻ തുടങ്ങി. അന്നൊരു ദിവസം എൻറ അമ്മയും പെട്ടെന്നു......" കണ്ണുനീർ ധാരയായി ഒഴുകി. വാചകം പൂർത്തിയാക്കുവാൻ അവനു കഴിഞ്ഞില്ല. ഈ ചരിത്രം കേട്ടു് ദയാർദ്രനായ മാനേജർ പറഞ്ഞു:- "കുഞ്ഞേ, എനിക്കു നിന്നെക്കുറിച്ചു വളരെ സഹതാപം തോന്നുന്നു. എനിക്കു സന്താനങ്ങളില്ല. അതുകൊണ്ടു ഇന്നു മുതൽ നിന്നെ എൻറ സ്വന്തം മകനെപ്പോലെ ഞാൻ സ്വീകരിച്ചുകൊള്ളാം.

* * *

കാലചക്രം പല പ്രാവശ്യം കറങ്ങി. വൃക്ഷങ്ങൾ പലവുരു പൂത്തു തളിർത്തു. മലർവാടിയിലെ ചെടികൾ പല പ്രാവശ്യം മൊട്ടിട്ടു. അനേകം മാററങ്ങൾ സംഭവിച്ചു. മാനേജരും മരണമടഞ്ഞു. ആൻറണി ഇന്നു ഹോട്ടൽമാനേജരാണു്. ദൈവഭക്തനും സൽസ്വഭാവിയുമായ അയാളെ എല്ലാവരും സ്നേഹിച്ചു. അഗതികളോടും അവശരോടും അയാൾ പ്രത്യേകം ദയ കാണിച്ചിരുന്നു. റോസിക്കുഞ്ഞിൻറ കുടുംബത്തിലും പല പരിവർത്തനങ്ങൾ ഉണ്ടായി. പിതാവു ഒരു ക്ഷയരോഗബാധിതനായി. പണത്തിൻറ പ്രതാപമെല്ലാം ക്രമേണ അസ്തമിച്ചു. ചുരുക്കത്തിൽ രോഗംകൊണ്ടും കുടുംബപ്രാരബ്ധങ്ങൾകൊണ്ടും വിഷമിച്ചു പലപ്പോഴും ആൻറണിയുടെ കാരുണ്യത്തിനു അവർ വിധേയരാക്കപ്പെട്ടു. പക്ഷേ ആ ഭിക്ഷുവിൻറ ചരിത്രം അവരെല്ലാം മറന്നിരുന്നു. ആൻറണി മാത്രമേ അതറിയുന്നുള്ളു.

റോസിക്കുഞ്ഞു് പത്താം ക്ലാസ്സ് പൂർത്തിയാക്കിയിട്ടു നാലു കൊല്ലമായി. അപ്പച്ചൻറ അസ്വാസ്ഥ്യം മൂലം അവൾ ജോലിക്കൊന്നും ശ്രമിച്ചില്ല. പിതാവിൻറ ശുശ്രൂഷയിൽ അവൾ വ്യാപൃതയായി. ഇതിന്നിടയിൽ അമ്മച്ചിയുടെ മരണവും സംഭവിച്ചു. സഹായത്തിനു് ആരും ഇല്ലാതായി. പണമുള്ളപ്പോൾ ഉണ്ടായിരുന്ന ബന്ധുമിത്രാദികൾ അവരെ ഉപേക്ഷിച്ചു. ആ ഹോട്ടൽ ഉടമസ്ഥൻ മാത്രമായി ആ കുടുംബത്തിൻറ ആലംബം. അദ്ദേഹത്തിൻറ ഔദാര്യത്തിൽ അവർ അത്ഭുതപ്പെട്ടുകൊണ്ടിരുന്നു. ഒരു ദിവസം അവശനായ ആ രോഗി അദ്ദേഹത്തോടു് ചോദിച്ചു, "ഞങ്ങളോടു ഇത്ര കരുണ കാണിക്കുന്നതു എന്തു പ്രേരണകൊണ്ടാണെന്നറിഞ്ഞാൽ കൊള്ളാമായിരുന്നു" എന്നു്. ആൻറണി വിനയപൂർവ്വം പറഞ്ഞു, ആ കുടുംബത്തോടു്— പ്രത്യേകിച്ചു റോസിക്കുഞ്ഞിനോടു— ഒരു വലിയ കടപ്പാടു് അദ്ദേഹത്തിനു അവശേഷിക്കുന്നുണ്ടെന്നു്. അനന്തരം റോസിക്കുഞ്ഞിൻറ 8 ണയുടെ പൂർവ്വചരിത്രം ഹൃദയത്തുടിപ്പോടുകൂടി അയാൾ വിവരിച്ചു. അത്ഭുതപരതന്ത്രയായ റോസിക്കുഞ്ഞു ആ പഴയ ചരിത്രം ഓർമ്മിച്ചു. അതിൻറ അനുബന്ധമായി പിതാവു അദ്ദേഹത്തെ ആട്ടിയോടിച്ച രംഗവും കൂട്ടിച്ചേർത്തു. വൃദ്ധരോഗിയുടെ നേത്രങ്ങൾ രണ്ടുറവയായി മാറി. "ദൈവത്തെ ഓർത്തു എന്നോടു ക്ഷമിക്കേണമെ" എന്നുള്ള വേദനനിറഞ്ഞ ക്ഷമാപണമാണു് അവിടെ മാറെറാലിക്കൊണ്ടതു്. അവർ പരസ്പരം സ്നേഹബദ്ധരായി. കാലാന്തരത്തിൽ റോസിക്കുഞ്ഞിൻറ പിതാവിൻറ അഭിലാഷമനുസരിച്ചു ആൻറണിയും റോസിയും വിവാഹബദ്ധരുമായി.




അദ്ധ്യായം 11 [തുടർച്ച]

## "ഈ മലമുകളിലും ജെറുസലേമിൽപോലും ഇല്ല"

[വി. സി. ജോർജ് ബി. എ. എൽ.റ്റി]

"പിന്നെയങ്ങനെയാണു് ഏററുമുട്ടലിനിടയായതു്?" ബറാബാസ് ചോദിച്ചു.

"കശാപ്പിനുള്ള ആടുകളെ വിതരണംചെയ്ത വിധം സമരായർക്കു സുഖിച്ചില്ല. അവരുടെ നേതാവു് പരാതിപറഞ്ഞു. തുടർന്നുണ്ടായ തർക്കത്തിൻറ അവസാനം ആ നേതാവിനെ ജോയൽ കണക്കിനു പ്രഹരിക്കുകയായിരുന്നു. സമരായർ അവരുടെ നേതാവിൻറ ചുററുംകൂടി സംഘംചേർന്നു പിരിഞ്ഞുപോവുകയും ചെയ്തു" എന്നു് അനുയായികളിലൊരാൾ പറഞ്ഞു.

കിട്ടിയ വിവരം അയവിറക്കിക്കൊണ്ടു് ബറാബാസ് കുറഞ്ഞൊരു സമയം നിശ്ശബ്ദതയിൽ കഴിച്ചു. തൻറ അധികാരത്തിനു പററിയ ക്ഷതവും തന്മൂലം താൻ ഉദ്ദേശിച്ചപടി സംഗതി നടക്കുകയില്ലല്ലോയെന്നുള്ള ഭയവും അയാളെ ചിന്താകുലനാക്കി. ഈ അനുയായികളാകട്ടെ തൻറ കായബലം ഭയന്നും താൻ ഉദ്ദേശിച്ചപോലെ കാര്യങ്ങൾ നടക്കുമ്പോൾ അവർക്കുണ്ടാകുമെന്ന ആദായം ഇച്ഛിച്ചുമാണു് തന്നെ അനുസരിക്കുന്നതെന്ന ബോധം മുമ്പെങ്ങുമുണ്ടായിട്ടില്ലാത്തവിധം ബറബാസിൽ ഉദിച്ചു. മററു സാഹചര്യങ്ങളിൽ താൻ അവരുടെ ദൃഷ്ടിയിൽ പുറജാതിക്കാരനെ അപേക്ഷിച്ചു് കുറെ ഭേദപ്പെട്ട അർദ്ധയഹൂദൻമാത്രം! പ്രാരംഭം മുതൽ തൻറ സഹകാരികളായിരുന്ന ഏതാനും ഡസൻ ആളുകൾമാത്രമേ വിശ്വസിക്കുവാൻതക്കവരായി ഈ കൂട്ടരിൽ ഉണ്ടായിരുന്നുള്ളുവെന്നും ബാറബാസ് ഓർമ്മിച്ചു. എന്നാൽ അവരും പരിപൂർണ്ണമായി വിശ്വസ്തരല്ലെന്നു് ജോയലിൻറ പ്രവർത്തനം തെളിയിച്ചു. ഈ ചിന്താഗതികളാണു് തൊള്ളായിരം സമരായരുടെ സേവനം നഷ്ടപ്പെട്ടതിലുള്ള മനസ്താപത്തെയും ഒരുപക്ഷേ മേലാൽ സമരായർ തൻറ സൈന്യത്തിൽ ചേരുകയില്ലെന്നുള്ള ഭയത്തെയുംകാൾ ബാറബാസിനു കൂടുതൽ സൈര്യക്കേടുണ്ടാക്കിയതു്. തൻറ പാളയത്തിൽ കുടികൊണ്ട മത്സരബുദ്ധിയാണു് തന്നെ അഭിമുഖീകരിച്ച ഏററവും വലിയ വിപത്തെന്നു തീർച്ചപ്പെടുത്തുവാൻ ബറാബാസിനധികംസമയം വേണ്ടിവന്നില്ല. അതിനെ മുളയിൽതന്നെ നുള്ളിക്കളയുവാൻ അയാൾ നിശ്ചയിക്കയും ചെയ്തു.

അനന്തരം ബാറബാസ്, അനുയായികളിൽ മററാരോടും സംസാരിക്കാതെ എസ്രായോരുമിച്ചു് ഗുഹയ്ക്കുള്ളിൽ പ്രവേശിച്ചു. അയാൾ യൂദായുടെ വരവു പ്രതീക്ഷിച്ചിരിക്കുകയായിരുന്നു. ചുറുചുറുക്കുള്ള ഒരു ചെറിയ മനുഷ്യനായിരുന്നു യൂദാ. രൂപംകെട്ടതെങ്കിലും മതിപ്രകർഷം ദ്യോതിപ്പിക്കുന്നതായിരുന്നു അയാളുടെ മുഖം. ബറാബാസിൻറ ഏററവും വിശ്വസ്തരായ ആളുകളിൽ ഇയാൾ പ്രമുഖനായിരുന്നു. ബാറബാസിൻറ പ്രസ്ഥാനത്തിൽ യോദ്ധാവിൻേറതിലധികം വക്താവിൻറ സ്ഥാനമാണിയാൾക്കുണ്ടായിരുന്നതു്. കൊള്ളക്കാരുടെ ഈ സംഘത്തെ രാഷ്ട്രീയമായ നിറത്തിൽ പൂശി കുഴഞ്ഞുമറിഞ്ഞുകിടന്ന ബാറബാസിൻറ വന്മോഹങ്ങൾക്കു രൂപംകൊടുത്തതു് യൂദായായിരുന്നു. പ്രസ്ഥാനത്തെ ജെറുസലേമിലും മററു നഗരങ്ങളിലും മുളപ്പിച്ചതും വളർത്തിയതും യൂദാതന്നെ. പുരോഹിതന്മാരിൽനിന്നും സാധാരണജനങ്ങളിൽ പണക്കാരിൽനിന്നും സംഭാവനകൾ സ്വീകരിച്ചും പ്രസ്ഥാനം സംബന്ധിച്ചു് അനുദിനം വർദ്ധിച്ചുവന്ന ആവശ്യങ്ങൾ നിർവ്വഹിച്ചും ബാറബാസിൻറ ധനകാര്യവകുപ്പദ്ധ്യക്ഷൻറ ചുമതലയും യൂദാ നിർവ്വഹിച്ചു.

മൃഗചർമ്മം വിരിച്ചിരുന്ന ബറാബാസിൻറ ഗുഹയിൽ പ്രവേശിച്ചപ്പോൾ എസ്രായ്ക്കുവേണ്ടി ബറാബാസ് തയ്യാറാക്കിയിരുന്ന കിടക്കയ്ക്കു സമീപം നേതാവു് ചിന്താകുലനായിരിക്കുന്നതായിട്ടാണു് യൂദാ കണ്ടതു്. അഭിവാദനങ്ങൾക്കായി സമയംകളയാതെ ആഗതൻ സംഭാഷണംതുടങ്ങി: "ഞാൻ വരാൻ പറഞ്ഞയച്ചു ഇല്ലേ? സമരായർ പോയ കഥ ഞാൻ അറിഞ്ഞതാണു്. കാര്യങ്ങൾ അത്രയ്ക്കു വഷളാക്കുവാൻമാത്രം ദോഷനായല്ലോ ജോയൽ."

"അതു ദോഷത്വംമാത്രമോ? ദ്രോഹംതന്നെയാണു്! സംഗതികൾ ആ നിലയിലാക്കുവാൻ താനനുവദിച്ചതെങ്ങനെയെന്നാണു് ഞാനാലോചിക്കുന്നതു്."

"പാളയത്തിൽനിന്നു പോയപ്പോൾ നിങ്ങൾതന്നെയാണല്ലോ ജോയലിനെ നേതാവാക്കിയതു്" പരിഭവസ്വരം ഒട്ടും കൂടാതെ യൂദാ പറഞ്ഞു.

"അവനെ തക്കസമയത്തുപദേശിക്കുവാൻ നിങ്ങൾക്കു കഴിയുമായിരുന്നല്ലോ."

"യാതൊരു നിവൃത്തിയുമില്ലായിരുന്നു. ജോയലും അയാളുടെ കൂട്ടുകാരും ഭ്രാന്തന്മാരെപ്പോലെ പെരുമാറി."

"ആകട്ടെ, ഇപ്പോൾ ഞാനെന്തു ചെയ്യണം? പറയൂ."

യൂദാ ഈ ചോദ്യം പ്രതീക്ഷിച്ചിരുന്നതുപോലെ തോന്നി ആത്മവിശ്വാസത്തോടുകൂടി മറുപടി തുടങ്ങി: "ബറാബാസ്, ഇപ്പോൾ രണ്ടുവഴി നിങ്ങൾക്കു ശേഷി-

## For favours received



Mrs. Mary Sebastian
Trichur

ച്ചിട്ടുണ്ടു്. സമരായർ പോയവഴി പോകട്ടെ, അതു ഒഴിച്ചുകൂടാത്ത സംഭവമായിരുന്നുവെന്നു കരുതി ഇസ്രായേല്യരെമാത്രം ആശ്രയിച്ചു് പ്രസ്ഥാനം മുന്നോട്ടുകൊണ്ടു പോകുക; അല്ലെങ്കിൽ നിങ്ങളുടെ ആഗ്രഹത്തിനും ആജ്ഞയ്ക്കും വിരോധമായി സമരായരുമായി വഴക്കും വക്കാണവുമുണ്ടാക്കിയവരെ കഠിനമായി ശിക്ഷിക്കുക. ജോയലിനേയും അയാളുടെ പാർശ്വവർത്തികളായ നാലോ അഞ്ചോ പേരേയും നുറുനുറെ കഷണിച്ചാൽ പാളയത്തിൽ സമാധാനമായി."

ഗുഹയുടെ ഭിത്തിമേൽ അനാസ്ഥാഭാവത്തിൽ ബറാബാസ് നോക്കിക്കൊണ്ടിരുന്നു. "രണ്ടിലേതുവഴിയാണു് തനിക്കു നന്നായി തോന്നുന്നതു്?"

കുശാഗ്രബുദ്ധിയായ യൂദായ്ക്കു് വളരെ കടുത്ത മനസ്സാണുണ്ടായിരുന്നതെന്നു ബറാബാസ് അറിഞ്ഞിരുന്നു. അയാളുടെ ഉത്തരം എന്തായിരിക്കുമെന്നുള്ളതിനെപ്പററി നേതാവു സംശയിച്ചില്ല.

"ഈ ചോദ്യം ആത്മാർത്ഥമായി ചോദിക്കുകയാണോ? സമരായരെ നമുക്കപേക്ഷിക്കുവാൻ സാധിക്കുകയില്ലെന്നു ബറാബാസിനറിയാമല്ലോ. പ്രസ്ഥാനത്തിൽനിന്നു ദ്രോഹികളെ അകററിനിർത്തുക നമുക്കുപകാരമാകാതെ വരികയില്ല."

"ദ്രോഹികളോ?" ബറാബാസ് സ്വരം ഉയർത്തി ചോദിച്ചു.

"അവർക്കു വേറെന്തു പേരു നൽകാനാണു്? നിങ്ങളുടെ അധികാരശക്തിക്കു് തുരങ്കംവെക്കുക ദ്രോഹംതന്നെ, സംശയമില്ല. ജോയലും കൂട്ടരും നിങ്ങളുടെ അധികാരം ധിക്കരിച്ചുള്ള ഈ പ്രഥമവിപ്ലവത്തിൽ ജയിക്കുന്നപക്ഷം നിങ്ങൾ ഒന്നും സംസാരിക്കേണ്ടതില്ല എന്ന പദത്തിലെത്തുകതന്നെ ചെയ്യും കാര്യങ്ങൾ. ഒന്നുകിൽ കാര്യങ്ങൾ നിങ്ങൾ ആഗ്രഹിക്കുന്നപടി നടക്കുവാനുള്ള നടപടി സ്വീകരിക്കുക, അല്ലെങ്കിൽ ഉടൻതന്നെ പാളയം പിരിച്ചുവിടുക."


ബറാബാസ് സമാധാനമൊന്നും പറഞ്ഞില്ല. യൂദാ പറഞ്ഞതെല്ലാം ശരിയായിരുന്നുവെന്നും ഉഗ്രദണ്ഡനം കൂടാതെ കാര്യങ്ങൾ പുരോഗമിക്കുകയില്ലെന്നും ബറാബാസിനു ബോദ്ധ്യമായി. എങ്കിലും രക്തം ചിന്തുന്നതിൽ ഒരു വൈമനസ്യം തോന്നാതിരുന്നില്ല. ദുഃഖങ്ങളിലും ഭീതികളിലും തന്നോടൊപ്പം ഭാഗഭാക്കുകളായിരുന്ന സഹപ്രവർത്തകന്മാരിൽ ദാക്ഷിണ്യവാനായിരുന്നു ബറാബാസ്. അവരിൽ ചിലരെ, പ്രസ്ഥാനം വിജയമടയുവാൻപോകുന്ന അവസരത്തിൽ നിഗ്രഹിക്കുന്നതെങ്ങനെ? ആ മഹാപാതകം കൂടാതെ കഴിക്കരുതോ? ഈ ചോദ്യങ്ങളുടെയിടയിൽ ബറാബാസിൻറ സ്മരണ മഗ്ദാലായിലേക്കൊന്നെത്തിനോക്കി. നസ്രായൻ രോഷാകുലരായ തൻറ അനുയായികളെ അദ്ദേഹത്തിൻറ വെറും സാന്നിദ്ധ്യംകൊണ്ടു് ശമനംചെയ്ത ചിത്രം ബറാബാസിൻറ മനോദർപ്പണത്തിൽ ഉയർന്നു. താദൃശമായ ഒരു വരം എന്തുകൊണ്ടു് തനിക്കു കൈവന്നില്ലായെന്നായിരുന്നു ബറാബാസിൻറ വിസ്മയം. ഏതായാലും മഗ്ദലാസംഭവത്തിൻറ ആ സ്മരണ തന്നെ അനിശ്ചിതാവസ്ഥയിൽനിന്നു് ബറാബാസിനെ മോചിപ്പിച്ചു; യൂദായ്ക്കു സുചിന്തിതമായ ഒരു സമാധാനം നൽകുവാൻ അയാൾ ധൈര്യമവലംബിച്ചു.

"യൂദാ, താൻ പറഞ്ഞതു് ശരിയാണു്. ഉപനായകന്മാരുടെ സമ്മേളനം ഉടൻ നടക്കട്ടെ. ജോയലും അതിൽ വരട്ടെ. അവൻറ ആശയക്കാരായ എല്ലാവരേയും കൊല്ലുക സാദ്ധ്യമല്ല. അവനും അവൻറ ഏതാനും പ്രധാനസഹപ്രവർത്തകരും മരിക്കുകതന്നെ വേണം. വിശ്വസ്തരായ നമ്മുടെ ആളുകൾക്കു് ആവശ്യമായ നിർദ്ദേശങ്ങൾ കൊടുത്തുകൊള്ളൂ. താൻ അടയാളം കാണിക്കുമ്പോൾ അവർ പ്രവേശിച്ചു് ജോയലിനേയും താൻ നിശ്ചയിക്കുന്ന മററാളുകളേയും ശരിപ്പെടുത്തട്ടെ, ചിലരുടെ കാര്യം ഞാനും നോക്കിക്കൊള്ളാം."

നേതാവിൻറ തീരുമാനത്തിൽ സംപ്രീതനായി യൂദാ സ്ഥലംവിട്ടു. അവിടെ നടന്ന സംഭാഷണം ശ്രദ്ധാപൂർവ്വം കേട്ടുകൊണ്ടുകിടന്ന എസ്രാ ആനന്ദം കവിഞ്ഞൊഴുകുന്ന കണ്ണുകൾ ബറാബാസിൻറനേരെ തിരിച്ചിട്ടു് പറഞ്ഞു: "ബറാബാസ്, ഞാൻ നിങ്ങളെ ഇതുകൊണ്ടാകെയാണു് വിടാതെ സ്നേഹിക്കുന്നതു്. ദ്രോഹികൾക്കു മരണം അങ്ങനെതന്നെ നടക്കട്ടെ."

പക്ഷേ, അങ്ങനെയൊന്നും നടന്നില്ല. ഏതാനും നിമിഷങ്ങൾക്കുള്ളിൽ യൂദാ മടങ്ങിവന്നിട്ടു് ബറാബാസിനോടറിയിച്ചു: "ജോയൽ കടന്നുകളഞ്ഞു. കൂടെ മൂന്നു പ്രധാനകിങ്കരന്മാരും. അവരെ ജീവനോടെയോ, ശവങ്ങളായോ തിരിച്ചുകൊണ്ടുവരുവാൻ പിറകെ ആളയച്ചിട്ടുണ്ടു്."

(തുടരും)



Reg NM. 2293

# Sathya Deepam

Vol. 29 Ernakulam December 7, 1955 No. 18

## “ഇന്നത്തെ ബാലൻ നാളത്തെ പൗരൻ”



# ബാലരംഗം



## “ചുവന്ന ലില്ലി”

### വിശുദ്ധ മരിയഗൊരേററി

പ്രിയപ്പെട്ട കുഞ്ഞനിയന്മാരേ, കുഞ്ഞനിയത്തികളേ,

ഇററലിയിലെ മനോഹരമായ ഒരു മലനാടാണ് കോറിനാൾഡോ. ഈ ഗ്രാമത്തിലെ ഒരു പാവപ്പെട്ട തൊഴിലാളികുടുംബമായിരുന്നു ഗൊരേററികുടുംബം. ലൂയിജി കുടുംബത്തലവൻ; അസൂന്താ കുടുംബനായികയും. 1890 ഒക്ടോബർ 16-ാംനു അവരുടെ മൂന്നാമത്തെ കുട്ടി ജനിച്ചു. അടുത്ത ദിവസം ആ കുഞ്ഞിനെ മാമ്മോദീസാ മുക്കി. മരിയ തെരേസാ എന്നു പേരിട്ടു. ഈ കൈക്കുഞ്ഞാണ് നമ്മുടെ വിശുദ്ധ മരിയഗൊരേററി അഥവാ മരിയേററാ.

ഗൊരേററികുടുംബത്തിലെ ആദ്യജാതൻ ടോണിനോ ശൈശവത്തിൽ മരിച്ചുപോയി. വളർന്നുവന്ന മരിയയ്ക്കു മൂത്ത ഒരു കുഞ്ഞാങ്ങളയെമാത്രമേ പരിചയമുള്ളു. അതാണ് ആഞ്ചെലോ. ചെറുപ്പത്തിലേ തന്നെ കുഞ്ഞാങ്ങളയെ വേദപാഠം പഠിപ്പിക്കുന്നതിനുപോലും അവൾക്കു കഴിഞ്ഞു. മരിയേററായ്ക്കു താഴെ നാലു സഹോദരങ്ങളുണ്ടായിരുന്നു. അങ്ങനെയാണ് ആ ചുവന്ന ലില്ലി മുളച്ചുവരുന്നത്. എത്ര മനോഹരം! വേദപാഠം മനസ്സിരുത്തി പഠിക്കുന്നതിനു നിങ്ങൾ ശ്രമിക്കുന്നുണ്ടോ?

വല്യേട്ടൻ





## “ബാലരംഗം”

### സംഘടനയിൽ അംഗങ്ങളായി ചേർന്നവർ

Reg. No. (തുടർച്ച)

26. തോമസ് സെബാസ്റ്റിൻ പഴേടത്തുപറമ്പിൽ അരീമ്പൂർ
27. ടി. എം. അബ്രാഹം വെള്ളൂർ, തലയോലപ്പറമ്പ്
28. എം. ഡി. എമ്മാനുവേൽ മലയപ്പിള്ളിൽ വെള്ളൂർ തലയോലപ്പറമ്പ്
29. പി. പി. തോമസ് സെൻറ് ആൻറണീസ് ഹൈസ്കൂൾ അമ്മാടം
30. എ. സി. ജയിംസ് അസ്കര, തിടനാട്

### 50-ാംനമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം

ആകെ കെട്ടുകൾ—12. ഓരോന്നിൻേറയും പുറത്ത്—7: 5

### പ്രശ്നം നമ്പ്ര് 51

(a)

(ഏലിക്കുട്ടി ഈയ്യോ വാരിയംപറമ്പിൽ, തൈക്കാട്ടുശ്ശേരി)

എന്നെ ആസ്വദിക്കാത്ത മനുഷ്യർ ലോകത്തിലില്ല. ഞാൻ എല്ലാവരുടേയും നിത്യസന്ദർശകയാണ്. എൻെറ പേരിനു മൂന്നക്ഷരം. ആദ്യക്ഷരം ഉലകത്തിലുണ്ട് വാനത്തിലില്ല. രണ്ടാമത്തെ അക്ഷരം പായിലുണ്ട് നാഴിയിലില്ല. മൂന്നാമത്തെ അക്ഷരം കൾക്കത്തിലുണ്ട് താറാവിലില്ല. എൻെറ പേരു പറയുമോ?

(ഉത്തരം അടുത്തതിൽ)

(b)

(ആനി ജോൺ തയ്യിടത്തറയിൽ, തൈക്കാട്ടുശ്ശേരി)

ലോകത്തിലുള്ള എല്ലാററിലും കൂടുതൽ വേഗത്തിൽ സഞ്ചരിക്കാൻ കഴിയുന്നത് എനിക്കാണ്. എന്നെ ഒരുത്തനും തൊടാൻ സാധിക്കുകയില്ല. എൻെറ പേരിനു മൂന്നക്ഷരം. 1-ാമത്തെ അക്ഷരം മഠത്തിലുണ്ട് പള്ളിയിലില്ല. 2-ാമത്തെ അക്ഷരം നയനത്തിലുണ്ട് കണ്ണിലില്ല. 3-ാമത്തെ അക്ഷരം അന്തസ്സിലുണ്ട് മഹിമയിലില്ല. എൻെറ പേരു പറയാമോ?

(ഉത്തരം അടുത്തതിൽ)

ചെറുകഥ

## “ഭിക്ഷക്കാരൻെറ സഹായം.”

(മാസ്റ്റർ ജോണി നീലങ്കാവിൽ, മമ്മിയൂർ Reg. No. 6)

രാക്കുയിലുകളുടെ കൂജനം നിന്നു. പൂവൻകോഴികൾ പ്രഭാതസ്തോത്രം ആലപിച്ചു മൂങ്ങകൾ മരപ്പൊത്തിൽ ഒളിച്ചു. കുറുനരികളുടെ ഓളിയിടൽ അവസാനിച്ചു. കർഷകർ കലപ്പയുമായി വയലിലേക്കു യാത്രയായി. അരുണൻ അങ്ങകലെ വിണ്ഡലത്തിൻെറ ഒരു കോണിൽനിന്നു അവനിയെ അവലോകനം ചെയ്യുന്നുണ്ട്. പകലോൻെറ കാന്തിയേറിയ കാഞ്ചനപ്രഭയേററു ചെടികളിലും മററും തങ്ങിനിൽക്കുന്ന മഞ്ഞുതുള്ളികൾ മുത്തുമണികളായി മാറുന്നു. ഇവയൊന്നും ശ്രദ്ധിക്കാതെ ബാലനായ ഒരു ഭിക്ഷു ആവേശത്തോടുകൂടി നാലുപാടും നോക്കി മുന്നോട്ടു ഗമിക്കുകയാണ്. തെരുവീഥിയിലൂടെ കടന്നുപോകുന്ന ഓരോരുത്തനോടും ആ ഭിക്ഷു കാരുണ്യത്തിന്നായി യാചിക്കുന്നുണ്ട്. പക്ഷെ യാതൊന്നും ലഭിച്ചില്ല. അടുത്തുള്ള ഒരു മാന്യഭവനത്തിൽ കയറിച്ചെന്നു അവൻ ഭിക്ഷയാചിച്ചു. ഗൃഹനായിക കണ്ട ഭാവംപോലും നടിക്കാതെ വാതിലടച്ചു. അവൻ വീണ്ടും ഭിക്ഷയാചിച്ചു. പ്രത്യുത്തരമില്ല. കുറേക്കഴിഞ്ഞു പ്രധാനവാതിലിൻെറ പിറകിൽനിന്നു “ഹു! ഇരപ്പാളി, പോടാ പടിക്കപ്പുറത്ത്” എന്നു ഗർജ്ജിച്ചുകൊണ്ട് ഒരു 45കാരൻ കോലായിലേക്കു ചാടിവീണു. ഒട്ടിയ കവിളോടും സ്പന്ദിക്കുന്ന ഹൃദയത്തോടും, വിറയ്ക്കുന്ന കാലുകളോടുംകൂടി ആ ഭിക്ഷുബാലൻ ഓടി പടിപ്പുര കടന്നു. അവൻെറ ദയനീയസ്ഥിതി ജാലകത്തിനുള്ളിൽകൂടി രണ്ടു നയനങ്ങൾ മാത്രം ആർദ്രതയോടെ ഉററു സൂക്ഷിച്ചിരുന്നു!

റോസിക്കുഞ്ഞ്, അതായിരുന്നു ആ കുബേരൻെറ പുത്രിയുടെ പേര്. അവൾക്കു ഈ നിർദ്ദയത്വം കണ്ടുനിൽക്കുവാൻ സാധിച്ചില്ല. അവളുടെ നയനങ്ങളിൽനിന്നു ചുടുബാഷ്പങ്ങൾ ഇററുവീണു. അവൾ എന്തോ ആലോചിച്ചു. “നിന്നെപ്പോലെതന്നെ നിൻെറ അയൽക്കാരനേയും സ്നേഹിക്കുക” എന്നല്ലേ ദൈവപ്രമാണം. അന്നൊരു ശനിയാഴ്ചയായിരുന്നു. അപ്പച്ചൻ അവൾക്ക് ഒരു നോട്ടുപുസ്തകം വാങ്ങിക്കുന്നതിനു തലേദിവസം കൊടുത്ത 14ണയും എടുത്തു വേഗത്തിൽ പള്ളിയിലേക്കു എന്നുള്ള ഭാവത്തിൽ അവൾ പുറപ്പെട്ടു. ആ ബാലഭിക്ഷുവിനെയായിരുന്നു വഴിനീളം അവൾ തിരക്കിയിരുന്നത്.

അവശനായ ഭിക്ഷു ഒരടി മുന്നോട്ടു വയ്ക്കാൻ കഴിവില്ലാതെ റോഡരികിലുള്ള ഒരു വൃക്ഷച്ചുവട്ടിൽ ചാരി ഇരിപ്പായിരുന്നു. റോസിക്കുഞ്ഞ് പെട്ടെന്നു ഭിക്ഷുവിൻെറ മുൻപിൽ ചെന്നു നിന്നപ്പോൾ അവൻ അത്ഭുതപ്പെടാതിരുന്നില്ല. “സഹോദരാ, വല്ലതും വാങ്ങി തിന്നു വിശപ്പു മാററു” ആ പെൺകൊടിയുടെ പിഞ്ചുകൈയിൽനിന്നു ഒരു 8ണ തുട്ടു അവൻെറ ശോഷിച്ച കൈക്കുമ്പിളിലേക്കു വീണു. ആ നാണ്യത്തുട്ടു ഒരു നിധിയെന്നപോലെ ആവേശത്തോടും ആനന്ദത്തോടുംകൂടി അവൻ സ്വീകരിച്ചു. ഹൃദയഹാരിയായ ചാരിതാർത്ഥ്യത്തോടെ റോസിക്കുഞ്ഞു പള്ളിയിലേക്കു പോയി.

ഭിക്ഷു എഴുന്നേററു അടുത്തുള്ള ചായക്കടയിലേക്കു നടന്നു. ചായകുടിച്ച് അല്പമൊന്നാശ്വസിച്ച് അടുത്തുള്ള കുളത്തിൽ പോയി കുളിച്ച് വസ്ത്രമെല്ലാം ശുചിയാക്കി ഉടുത്തു. ഉപജീവനത്തിനു എന്തെങ്കിലും ഒരു മാർഗ്ഗം ലഭിക്കണെ

(ശേഷം 11-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1